പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത് രാജ്

പുസ്തകം 62 ലക്കം 9 ഡിസംബർ 2022



## കാലം ആവശ്യപ്പെടുന്ന നൈപുണ്യം യുവജനങ്ങൾക്ക് വേണം

## പ്രാദേശിക സാമ്പത്തിക വികസനപദ്ധതികൾ

## മാറുന്ന വികസനതന്ത്രങ്ങൾ

## വൃത്തിയുള്ള കേരളം വിദൂരമല്ല




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ഡിസംബർ 2022


## അകത്ത്






പ്രാദേശിക സാമ്പത്തിക
വികസനപദ്ധതികൾ
മാറുന്ന വികസനതന്ത്രങ്ങൾ
ഹുസൈൻ എം. മിന്നത്ത് 5

വൃത്തിയുള്ള കേരളം
സൂര്യ എസ്. ബി. 9

കാലം ആവശ്യപ്പെടുന്ന നൈപുണ്യം
യുവജനങ്ങൾക്ക് വേണം
ടി. ഷാഹുൽ ഹമീദ് 11

ഡിസംബർ - 10 മനുഷ്യാവകാശദിനം
മനുഷ്യാവകാശം ജന്മാവകാശം
ഡോ. എം.വി. തോമസ് 15

'ഒപ്പം' കൂടെയുണ്ട് കരുതലോടെ
2022 ഡിസംബർ 14 മുതൽ 2023
ഫെബ്രുവരി 28 വരെ
സംസ്ഥാനത്തെ നഗരസഭാ
പ്രദേശങ്ങളിൽ ക്യാമ്പയിൻ 18

ലോക മണ്ണ് ദിനം
മണ്ണ് അന്നത്തിന്റെ ഉറവിടം
അജിത് വെണ്ണിയൂർ 21

സാമൂഹിക നിയമബോധനം
കെ.പി. രാധാകൃഷ്ണൻ നായർ 25

പുരസ്കാര തിളക്കത്തിൽ കുടുംബശ്രീ
ആശ എസ്. പണിക്കർ 27

ലോകം അപകടങ്ങളുടെ നടുവിലോ? 29

ഞാറ്റുവേല
ബിന്ദുരാജ്. എം. എ. 36

സമാധാനത്തിന്റെ ദൂതുമായി ഒരു
ലോക റേഡിയോദിനം കൂടി
മുരളീധരൻ തഴക്കര 39


### പംക്തികൾ


| | |
|---|---|
| വാർത്തകൾ വിശേഷങ്ങൾ | 34 |
| ഊരും പേരും - 29 | 35 |
| എന്റെ മലയാളം | 31 |
| എന്ന് വായനക്കാർ | 42 |

ഡിസംബർ 2022
പുസ്തകം 62 ലക്കം 9
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.ബി. രാജേഷ്**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
എച്ച്. ഹണി
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
**ഫോൺ:** 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
**ഫോൺ:** 0471 2786303
**മൊബൈൽ:** 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## എഡിറ്റോറിയൽ

# പ്രാദേശിക സാമ്പത്തിക വികസന പദ്ധതികളുടെ മാറുന്ന നേട്ടങ്ങൾക്കൊപ്പം

2022 ഏപ്രിൽ ഒന്നിന് കേരളം പതിനാലാം പഞ്ചവത്സരപദ്ധതിക്ക് തുടക്കമിട്ടു കഴിഞ്ഞിരിക്കുന്നു.പതിമൂന്നാം പദ്ധതിയിൽ തന്നെ പ്രാദേശിക വികസന ലക്ഷ്യത്തിൽ നിന്നും സുസ്ഥിര വികസന ലക്ഷ്യത്തിലേക്കുള്ള കാൽവെപ്പ് നടത്തിയിരുന്നു. പഞ്ചവത്സര പദ്ധതിയിൽ അധിഷ്ഠിതമായ വികസനത്തിന് കേന്ദ്ര സർക്കാർ വിരാമം കുറിച്ചെങ്കിലും കേരളം വികേന്ദ്രീകൃത സമീപനത്തിൽ നിന്നും ഒട്ടുംതന്നെ പിന്നോട്ടുപോകാതെ പഞ്ചവത്സര പദ്ധതിയിൽ അധിഷ്ഠിതമായ വികസന ലക്ഷ്യവുമായി മുന്നോട്ടുപോവുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സമീപകാലപ്രവർത്തനങ്ങൾ പരിശോധിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന തലത്തിൽനിന്നും അവ പ്രാദേശിക സർക്കാരുകളായി പരിണമിച്ചുകഴിഞ്ഞതായി ബോധ്യപ്പെടുന്നതാണ്. ഐക്യരാഷ്ട്രസഭ മുന്നോട്ടുവെക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങൾ പോലും ഇന്ന് പ്രാദേശിക സർക്കാരുകളുടെ വികസന അജണ്ടകളായി മാറിയിട്ടുള്ളതായി കാണാവുന്നതാണ്.

പ്രാദേശിക സർക്കാരുകളുടെ പ്രവർത്തന വഴിത്താരകൾ കൃത്യമായി നിർണ്ണയിച്ചാണ് കേരളം മുന്നോട്ടുപോകുന്നത്. വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി പ്രാദേശിക സർക്കാരുകളെ അവലംബിച്ചുള്ള വിപുലമായ പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. ജനകീയ വികസന മാതൃകയെ പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ സാധിക്കുന്ന രീതിയിൽ പ്രാപ്തമാക്കുകയെന്നത് തന്നെയാണ് പതിനാലാം പദ്ധതിയിലും സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

കേരളം സാമൂഹികമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് സുസ്ഥിരവികസനത്തിന്റെ പാതയിലേക്ക് കുതിക്കുന്നതിനുള്ള മാർഗ്ഗമാണ് പതിനാലാം പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. സുസ്ഥിരവും സർവ്വതലസ്പർശിയുമായ പദ്ധതി രൂപീകരണവും നിർവഹണവും ഉറപ്പുവരുത്തിയിട്ടുണ്ട്. സാമൂഹിക രംഗത്ത് കേരളം ആർജ്ജിച്ചെടുത്ത നേട്ടങ്ങൾ വർധിപ്പിക്കുന്നതോടൊപ്പം സ്ഥായിയായ സാമ്പത്തിക വികസനവും ഉറപ്പാക്കിയാണ് സംസ്ഥാനം പതിനാലാം പദ്ധതിയുമായി മുന്നോട്ടു പോകുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള വിപുലമായ ഒരു ചട്ടക്കൂട് സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു. പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വയംതൊഴിൽ, തൊഴിൽദായക സംരംഭങ്ങൾ, സംരംഭകത്വ വികസനം, നൈപുണ്യ വികസനം എന്നിവ വഴി കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിനും വ്യക്തികളുടെയും കുടുംബങ്ങളുടെയും സർവ്വോപരി ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്നതിനും ലക്ഷ്യമിടുന്ന പതിനാലാം പദ്ധതി അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും നേടിയെടുക്കുമെന്ന് പ്രത്യാശിക്കാം. പുതിയ വികസന തന്ത്രങ്ങൾക്കൊപ്പം പ്രാദേശിക സാമ്പത്തിക വികസന പദ്ധതികളുടെ മാറുന്ന മുഖം കൂടുതൽ പ്രശോഭിതമാക്കുന്നതിന് നമുക്കും ഒത്തൊരുമയോടെ പ്രവർത്തിക്കാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

**"ഞാൻ വായിച്ചിട്ടില്ലാത്ത ഒരു പുസ്തകം എനിയ്ക്ക് തരുന്ന വ്യക്തിയാണ് ഏറ്റവും നല്ല സുഹൃത്ത്."**
- എബ്രഹാം ലിങ്കൺ




## പ്രാദേശിക സാമ്പത്തിക വികസനപദ്ധതികൾ

# മാറുന്ന വികസനതന്ത്രങ്ങൾ

**ഹുസൈൻ എം. മിന്നത്ത്**

നീതി ആയോഗിന്റെ വരവോടെ പഞ്ചവത്സര പദ്ധതിയിൽ അധിഷ്ഠിതമായ വികസനത്തിന് കേന്ദ്ര സർക്കാർ വിരാമം കുറിച്ചെങ്കിലും, കേരളം വികേന്ദ്രീകൃത സമീപനത്തിൽ നിന്നും ഒട്ടും തന്നെ പിന്നോട്ട് പോകാതെ പഞ്ചവൽസര പദ്ധതിയിൽ അധിഷ്ഠിതമായ വികസന ലക്ഷ്യവുമായി മുന്നോട്ട് പോവുകയാണ്. 2022 ഏപ്രിൽ 1-ന് കേരളം പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കമിട്ട് കഴിഞ്ഞിരിക്കുന്നു. അധികാര വികേന്ദ്രീകരണം കാൽ നൂറ്റാണ്ട് പിന്നിടുമ്പോൾ പ്രാദേശിക സർക്കാറുകളുടെ ഇടപെടലുകൾ പരിശോധിച്ചാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന തലത്തിൽ നിന്നും പ്രാദേശിക സർക്കാറുകളായി അവ മാറിയതായും ഒരു പ്രദേശത്തിന്റെ വികസനം എന്നതിനും അപ്പുറം സംസ്ഥാനത്തിന്റെ വികസനവും ഐക്യരാഷ്ട്രസഭ മുന്നോട്ട് വെക്കുന്ന സുസ്ഥിര വികസന ലക്ഷ്യങ്ങളും എല്ലാം ഇന്ന് പ്രാദേശിക സർക്കാറുകളുടെ വികസന അജണ്ടകൾ ആയി മാറിയതായും നമുക്ക് കാണാവുന്നതാണ്.

പതിനാലാം പദ്ധതിയുടെ വികസന സമീപനങ്ങളും കാഴ്ചപ്പാടുകളും പരിശോധിച്ചാൽ വികസന ലക്ഷ്യങ്ങൾ നേടി എടുക്കുന്നതിനായി പ്രാദേശിക സർക്കാറുകളെ മുന്നിൽനിർത്തിയുള്ള വിപുലമായ പ്രവർത്തനങ്ങൾക്കാണ് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളതെന്ന് കാണാൻ സാധിക്കും. ജനകീയ വികസന മാതൃകയെ പുതിയ കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ സാധിക്കുന്ന രീതിയിൽ പ്രാപ്തമാക്കുക എന്നത്തന്നെയാണ് പതിനാലാം പദ്ധതിയിലും സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. സാമൂഹിക രംഗത്ത് കേരളം ആർജ്ജിച്ചെടുത്ത നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം സ്ഥായിയായ സാമ്പത്തിക വികസനവും സംസ്ഥാനത്ത് ഉറപ്പാക്കേണ്ടതായിട്ടുണ്ട്. സമ്പദ് വ്യവസ്ഥയെ വൈജ്ഞാനിക അധിഷ്ഠിതമായി വികസിപ്പിക്കുക വഴി പ്രകൃതി വിഭവങ്ങളുടെ ശ്രദ്ധാപൂർവ്വമായ വിനിയോഗവും മനുഷ്യ വിഭവ വികസനവും ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിരമായ വികസനവും, അതിജീവന ശേഷി വർദ്ധിപ്പിക്കൽ, ദാരിദ്ര്യ നിർമ്മാർജ്ജനം, ഇവ പതിനാലാം പദ്ധതിയിൽ നേടി




എടുക്കുന്നതിന് പ്രഥമ പരിഗണന നൽകുന്ന തോടൊപ്പം തന്നെ പ്രാദേശിക സാമ്പത്തിക വികസനവും, തൊഴിലവസരങ്ങൾ സൃഷ്ടിച്ചു കൊണ്ട് സാമ്പത്തിക വികസനത്തിന് ഗതിവേഗം നൽകാനും, ഉൽപാദനക്ഷമതയും ഉൽപാദനവും വർധിപ്പിക്കാനും, ദുരന്ത അതിജീവന ക്ഷമത ഉറപ്പാക്കുവാനും, പാർശ്വവൽകൃത സമൂഹങ്ങളുടെ സമഗ്രവികസനവും ആത്യന്തികമായി നവകേരള സൃഷ്ടിയുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development)-സാധ്യതകൾ

പതിനാലാം പഞ്ചവത്സര പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള വിപുലമായ ഒരു ചട്ടക്കൂട് സൃഷ്ടിക്കുവാൻ ലക്ഷ്യമിടുന്നു. ഒട്ടനവധി സാമൂഹിക സൂചികകളിൽ സംസ്ഥാനം ഏറെ മുന്നിലാണെങ്കിലും നിരവധി വികസന പ്രശ്നങ്ങൾ സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ട്. പ്രളയവും കോവിഡ് മഹാമാരിയും സൃഷ്ടിച്ച ആഘാതം, വർധിച്ചുവരുന്ന തൊഴിലില്ലായ്മ, തൊഴിലെടുക്കുന്നവരുടെ മേലുള്ള വർധിച്ച ആശ്രിതത്വം, സ്ത്രീ തൊഴിൽ പങ്കാളിത്തനിരക്കിലെ കുറവ്, പ്രവാസി വരുമാനത്തിലുണ്ടായ കുറവ് എന്നിവയെല്ലാം ഇത്തരത്തിൽ ചിലതാണ്. ഈ പ്രശ്നങ്ങളെ അതിജീവിക്കുന്നതിനായി പ്രാദേശികമായി തൊഴിൽ സൃഷ്ടിക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും സർക്കാർ വലിയ പ്രാധാന്യം നൽകുന്നതിന് കാരണമാകുകയാണ്. ഓരോ തദ്ദേശഭരണ സ്ഥാപനത്തെയും ഒരു യൂണിറ്റായി പരിഗണിച്ചുകൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വയംതൊഴിൽ, തൊഴിൽദായക സംരംഭങ്ങൾ, സംരംഭകത്വ വികസനം, നൈപുണ്യ വികസനം എന്നിവ വഴി കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നതിനും വ്യക്തികളുടെയും കുടുംബങ്ങളുടെയും സർവ്വോപരി ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുന്നതിനും ഇതുവഴി ലക്ഷ്യമിടുന്നു. ഇതിനായി പ്രാദേശിക സർക്കാർ തലത്തിലെ മുഴുവൻ വികസന സാധ്യതകളും വിഭവങ്ങളും കണ്ടെത്തി അവയെ പരമാവധി വരുമാന ദായക പ്രവർത്തനങ്ങളാക്കി മാറ്റുന്നതിനുള്ള ഒരു സമീപനമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. പ്രാദേശിക സർക്കാറുകളുടെ നേതൃത്വത്തിൽ പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങളും (സ.ഉ(കൈ) നം.3/2023/ LSGD തീയതി 04.01.2023) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രാദേശിക സാമ്പത്തിക വികസനത്തിനായി തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ താഴെക്കൊടുക്കുന്നു.

### 1. സംരംഭകത്വ വികസനം

പ്രാദേശിക സർക്കാർതലത്തിൽ പുതിയ സംരംഭങ്ങൾ തുടങ്ങുക, നിലവിലുള്ള സംരംഭങ്ങൾ വിപുലീകരിക്കുക, സാമ്പത്തിക പ്രതിസന്ധി മൂലമോ, മറ്റ് കാരണങ്ങളാലോ പ്രവർത്തനം മന്ദീഭവിച്ച സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുക തുടങ്ങിയവയിലൂടെ സുസ്ഥിര പ്രാദേശിക വികസനം സാധ്യമാക്കി ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ പങ്ക് വഹിക്കാനാകും. മൂന്ന് തരത്തിലുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാധ്യതകളാണ് പ്രാദേശിക സർക്കാറുകൾക്ക് മുമ്പിൽ സർക്കാർ വയ്ക്കുന്നത്.

a. സ്വന്തം മുതൽമുടക്കിൽ സംരംഭം നടത്താൻ ശേഷിയുള്ളവർക്ക് അനുകൂലവും പ്രോത്സാഹനജനകവുമായ പിന്തുണ തദ്ദേശഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്. ഇത്തരം സംരംഭകർക്ക് ആവശ്യമായ സേവന പിന്തുണയും ഭൂമിയും കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുള്ള സഹായവും പ്രാദേശിക സർക്കാറുകൾക്ക് നൽകേണ്ടതാണ്.

b. പ്രാദേശിക സർക്കാരുകൾക്ക് ബാധകമായ മാനദണ്ഡങ്ങൾക്കനുസരിച്ച് അർഹരായവർക്ക് സബ്സിഡിയിലൂടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കും തൊഴിൽദായക സംരംഭങ്ങൾക്കും പ്രോത്സാഹനം നൽകാവുന്നതാണ്.

c. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും വളർച്ചയ്ക്കും സഹായകരമാകുന്ന രീതിയിൽ പ്രാദേശിക സർക്കാറുകൾക്ക് ധനസഹായം നൽകാവുന്നതാണ്.

മേൽപ്പറഞ്ഞ മൂന്ന് തലത്തിലും പ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കുന്ന സംരംഭങ്ങൾക്ക് ധനസഹായവും പ്രോത്സാഹനവും നൽകുന്നതിനായി ഒട്ടനവധി സാമ്പത്തിക പിന്തുണനാ സംവിധാനങ്ങളും പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്. അവ താഴെ കൊടുക്കുന്നു.

### i) സാങ്കേതികവിദ്യ കൈമാറ്റ ഫണ്ട്

കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവേഷണ സ്ഥാപനങ്ങളിൽ നിന്ന് സംരംഭങ്ങൾക്ക് വേണ്ട സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിന്

സാങ്കേതികവിദ്യയുടെ വിലയുടെ 75 ശതമാനം വരെ, ഗ്രാമപഞ്ചായ ത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, എന്ന പരിധിക്ക് വിധേയമായി സംരംഭകർക്ക് സഹായം നൽകുന്നതാണ്.



### ii) ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്

നിലവിലുള്ള സാങ്കേതിക വിദ്യ നവീകരിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അവ നവീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും ടെക്നോളജി അപ്ഗ്രേഡേഷൻ ഫണ്ടായി നൽകാം.

### iii) ഇന്നവേഷൻ ഫണ്ട്

സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ വിജയസാധ്യതയുള്ള സംരംഭങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക ഉപദേശം, ഗവേഷണ സഹായം എന്നിവ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തിക സഹായങ്ങൾ ഈ മേഖലയിൽ വൈദഗ്ധ്യവും, പ്രവൃത്തി പരിചയവും, സൗകര്യവുമുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവർക്ക് നൽകാവുന്നതാണ്. ഇതിനായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും ഇന്നവേഷൻ ഫണ്ടിനത്തിൽ സഹായമായി നൽകാവുന്നതാണ്.

### iv) ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്

സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ടുള്ള പിന്തുണയാണ് സംരംഭകർക്ക് സർക്കാർ നൽകുന്നത്. പ്രകൃതി ദുരന്തങ്ങൾ മുതലായ കാരണങ്ങളാൽ സംരംഭത്തിന് ഉണ്ടാകുന്ന നാശനഷ്ടം പരിഹരിക്കുന്നതിന് അതത് സമയങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനും പ്രത്യേക മുൻഗണന നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, ക്രൈസിസ് മാനേജ്മെന്റ് ഫണ്ടായി സംരംഭകർക്ക് സഹായം നൽകാവുന്നതാണ്.

**തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ച് വരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ മറ്റ് ദുരന്ത കാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ അത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു.**

### v) സംരംഭ പുനരുജ്ജീവന സമാശ്വാസം (റിവൈവൽ ഫണ്ട്)

തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് ലൈസൻസോടുകൂടി പ്രവർത്തിച്ചിരുന്നതോ പ്രവർത്തിച്ച് വരുന്നതോ ആയ സംരംഭങ്ങളുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധി മൂലമോ മറ്റ് ദുരന്ത കാരണങ്ങളാലോ മന്ദീഭവിച്ചിട്ടുണ്ടെങ്കിൽ അത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിനായി പുനരുജ്ജീവന സമാശ്വാസ പദ്ധതികൾ പ്രാദേശിക സർക്കാർ ഏറ്റെടുക്കുന്നതിനുള്ള സാധ്യതകളും സർക്കാർ മുന്നോട്ടുവയ്ക്കുന്നു.

### vi) ഇൻകുബേഷൻ ഫണ്ട്

സംരംഭകരുടെ ബിസിനസ് ആശയങ്ങളെ വിജയസാധ്യതയുള്ള സംരംഭങ്ങളായി വികസിപ്പിക്കുന്നതിന് സാങ്കേതിക ഉപദേശം, ഗവേഷണ സഹായം, മാനേജ്മെന്റ് സഹായം, വിപണന സഹായം, മെന്ററിംഗ് ഉൾപ്പെടെയുള്ള വിവിധതരം ഇൻകുബേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തുക വിനിയോഗിക്കാവുന്നതാണ്. വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സംരംഭക ആശയങ്ങൾ തയ്യാറാക്കാവുന്നതാണ്. ഇൻകുബേഷനുള്ള ചെലവുകൾ വഹിക്കുന്നതിനും



പ്രോത്സാഹനം അർഹിക്കുന്നവർക്ക് പരിശീലനവും മൂലധന പിൻതുണയും ഉറപ്പാക്കുന്നതിനുമായി ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും, സഹായം നൽകാവുന്നതാണ്.

### vii) സീഡ് സപ്പോർട്ട് സ്കീം

പ്രാദേശിക തലത്തിലുള്ള ഉൽപ്പന്ന–സേവന ആവശ്യങ്ങളെ കൂട്ടിച്ചേർത്ത് ബിസിനസ് ആശയങ്ങളായി രൂപപ്പെടുത്തുന്നതിനുള്ള ഹാക്കത്തണിൽ വിജയിക്കുന്നവർക്ക്, പ്രാദേശിക സാമ്പത്തിക വികസന പദ്ധതിയുടെ ഭാഗമായി സീഡ് മണി നൽകാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ വരെയും, ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപ വരെയും, ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും 15 ലക്ഷം രൂപ വരെയും സീഡ് മണിയായി സഹായം നൽകാം. ഇവർക്ക് ഇൻകുബേഷൻ സേവനങ്ങളും ലഭ്യമാക്കാവുന്നതാണ്.

## 2. നൈപുണ്യ വികസനം

പ്രാദേശികമായുള്ള മാനവ വിഭവശേഷിയെ നിലവിലുള്ള തൊഴിലവസരങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ കാര്യശേഷി വർധിപ്പിച്ച് പ്രാപ്തരാക്കുന്നതിനായി അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരുടെ കഴിവിന്റെയും വിദ്യാഭ്യാസ യോഗ്യതയുടെയും അഭിരുചിയുടെയും പ്രവൃത്തി

> **പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യംവച്ചുകൊണ്ട് ഓരോ പ്രാദേശിക സർക്കാരുകൾക്കും സംരംഭകത്വ വികസനത്തിനും നൈപുണ്യ വികസനത്തിനുമായി വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ എല്ലാവിധ പിന്തുണയും സംഘടന സംവിധാനവും ഉറപ്പാക്കികൊണ്ടുള്ള വിശദമായ മാർഗ്ഗരേഖ തന്നെയാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്**

പരിചയത്തിന്റെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ പരിശീലനം നൽകുക എന്നതാണ് ഇതുവഴി ലക്ഷ്യമിടുന്നത്. കുടുംബശ്രീ മിഷൻ, അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP), കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE), കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-DISC), നോളഡ്ജ് മിഷൻ എന്നീ ഏജൻസികൾ എംപാനൽ ചെയ്തിട്ടുള്ള പരിശീലന സ്ഥാപനങ്ങൾ മുഖേന മാനദണ്ഡങ്ങൾ പാലിച്ച നൈപുണ്യ പരിശീലന പരിപാടികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രാദേശിക തലത്തിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്. ഇതിനായി സാമ്പത്തിക പിന്തുണ സർക്കാർ മുന്നോട്ട് വെയ്ക്കുന്നു. നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ കീഴിലുള്ള സെക്ടർ സ്കിൽ കൗൺസിലുകൾ അംഗീകരിച്ച നിരക്കുകൾ തന്നെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശീലന പരിപാടികൾക്കും ബാധകമാക്കിയിട്ടുള്ളത്. നൈപുണ്യ പരിശീലന പരിപാടികൾ കഴിവതും തൊഴിലുമായി ബന്ധപ്പെടുത്തണം എന്ന നിബന്ധനയും സർക്കാർ മുന്നോട്ടുവെച്ചിട്ടുണ്ട്. ഇതിനായി 5 തരം മാതൃകകൾ പ്രാദേശിക സർക്കാറുകൾക്ക് സ്വീകരിക്കാവുന്നതാണ്.

എ) ട്രേഡ് അടിസ്ഥാനമാക്കിയുള്ള നൈപുണ്യ വികസനം
ബി) തൊഴിൽ പ്രാപ്തിക്കുവേണ്ട അധിക പരിശീലനം
സി) നിലവിലെ ആർജ്ജിത വൈദഗ്ധ്യത്തിന് അംഗീകാരം നൽകൽ
ഡി) അധിക നൈപുണ്യവും പുനർനൈപുണ്യവും
ഇ) മികവ് വർധനക്കായി ഹ്രസ്വകാല കോഴ്സുകൾ

ചുരുക്കത്തിൽ പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യംവച്ചുകൊണ്ട് ഓരോ പ്രാദേശിക സർക്കാരുകൾക്കും സംരംഭകത്വ വികസനത്തിനും നൈപുണ്യ വികസനത്തിനുമായി വിവിധ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ എല്ലാവിധ പിന്തുണയും സംഘടന സംവിധാനവും ഉറപ്പാക്കികൊണ്ടുള്ള വിശദമായ മാർഗ്ഗരേഖ തന്നെയാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. പതിനാലാം പദ്ധതി മുന്നോട്ടുവയ്ക്കുന്ന വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ ഒരു ചട്ടക്കൂട് രൂപപ്പെടുത്തുന്നതിന് ഇത് പ്രാദേശിക സർക്കാറുകളെ സഹായിക്കും. പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രമായി പ്രാദേശിക സർക്കാറുകൾ മാറുന്നതിലൂടെ മാത്രമേ സംസ്ഥാനത്തിന്റെ സമഗ്രവികസനവും സുസ്ഥിര വികസനവും സാധ്യമാവൂ എന്നതിലേക്ക് തന്നെയാണ് ഇവയെല്ലാം വിരൽചൂണ്ടുന്നത്. □

*(ലേഖകൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.)*



# വൃത്തിയുള്ള കേരളം

■ സൂര്യ എസ്. ബി.

വൃത്തിയുള്ള കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നവകേരളം കർമപദ്ധതിയുടെ ഭാഗമായി വിപുലമായ പ്രവർത്തനങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നു വരുന്നത്. ഗാർഹിക- സ്ഥാപന- പൊതു തലങ്ങളിൽ രൂപപ്പെടുന്ന ഖര മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നത്. അഴുകുന്ന മാലിന്യങ്ങൾ അതാതിടങ്ങളിൽ ശാസ്ത്രീയമായി സംസ്കരിച്ചും അഴുകാത്തവ വൃത്തിയാക്കി തരംതിരിച്ച് വാതിൽപ്പടി ശേഖരണം നടത്തിയും ശാസ്ത്രീയ പരിപാലനത്തിന് കൈമാറുന്നു. ഈ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനു അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളും സേവന സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കും.

## ലക്ഷ്യം സുവ്യക്തം

വീടുകൾ, സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ, വഴിയോരങ്ങൾ, ജലാശയങ്ങളിലെ മാലിന്യ നിക്ഷേപം, ചന്തകൾ തുടങ്ങി ഓരോ ഇടങ്ങളെയും വൃത്തിയുടെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ നിർദ്ദേശ പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഒരുക്കിയിട്ടുള്ള ക്രമീകരണങ്ങൾ, അവയുടെ പ്രവർത്തനാവസ്ഥ, പരിപാലനം എന്നിവ വിലയിരുത്തി ഗ്രേഡിംഗ് നൽകിയും വിടവുകൾ പരിഹരിക്കുന്നതിന് തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കിയും നിരന്തര വിലയിരുത്തലുകളിലൂടെ മികച്ച ശുചിത്വ അവസ്ഥയിലെത്തിച്ചും കേരളത്തെ സമ്പൂർണ ശുചിത്വ പദവിയിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം.

## ജനപങ്കാളിത്തത്തോടെ മുന്നോട്ട്

സംസ്ഥാനതലത്തിൽ നവകേരളം കർമപദ്ധതി, ഹരിതകേരളം മിഷന്റെ "നവകേരളം വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം" ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 852 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്. മാലിന്യക്കൂനയായിരുന്ന 3211 പ്രദേശങ്ങളിൽ നിന്ന്



377 ടൺ മാലിന്യം നീക്കം ചെയ്യാനായി. മാലിന്യം നീക്കം ചെയ്ത് ക്ലീൻ കേരള കമ്പനിക്കും മറ്റ് സ്വകാര്യ ഏജൻസികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൈമാറി. ഹരിതകർമസേന, തൊഴിലുറപ്പ് തൊഴിലാളികൾ, ജനപ്രതിനിധികൾ, വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, പൊതുജനങ്ങൾ ഉൾപ്പെടെ 77000 ത്തോളം പേരുടെ പങ്കാളിത്തത്തോടെയാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്നത്. മാലിന്യം നീക്കം ചെയ്ത് 607205 സ്ക്വയർ മീറ്റർ സ്ഥലം സംസ്ഥാനത്താകെ വീണ്ടെടുത്തു. കോട്ടയം, വയനാട്, കാസർഗോഡ് ജില്ലകളിൽ 100% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഉത്പന്ന ഓഡിറ്റിംഗ് നടത്തിയ സ്ഥലങ്ങളിൽ കൂടുതൽ അളവിൽ വലിച്ചെറിയപ്പെട്ടതായി കണ്ടെത്തിയത് പ്ലാസ്റ്റിക് കുപ്പികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളുമായിരുന്നു. ശുചീകരണം നടന്ന പ്രദേശങ്ങൾ തുടർന്ന് മാലിന്യ നിക്ഷേപം ഉണ്ടാകാതിരിക്കാനായി പൂച്ചെടികൾ വച്ച് പിടിപ്പിക്കുകയും, ബോർഡുകൾ, ബിന്നുകൾ എന്നിവ സ്ഥാപിക്കുകയും നിരീക്ഷണമേർപ്പെടുത്തുകയും ചെയ്തു.

## മാതൃകയായി പാറയ്ക്കലും വള്ളിത്തോടും

ഒരു ചെറിയ പ്രദേശത്തെ ഇടപെടൽ സാധ്യതകളുടെ മാതൃകയാണ് മാണിക്കൽ പഞ്ചായത്തിലെ പാറയ്ക്കൽ. പാറയ്ക്കൽ ജംഗ്ഷനും സ്കൂളും പരിസരവും മാലിന്യ രഹിതവും വൃത്തിയുള്ളതുമായി പരിപാലിക്കുക എന്ന പൊതു ലക്ഷ്യത്തോടെ പാറക്കൽ ഗവൺമെന്റ് യു പി സ്കൂൾ ഇക്കോ ക്ലബ്ബ് കുട്ടികളും അദ്ധ്യാപകരും, മറ്റ് പഞ്ചായത്ത് അധികൃതരും വ്യാപാരി വ്യവസായികളും പ്രദേശവാസികളും ചേർന്ന് ജനകീയ കമ്മിറ്റി രൂപീകരിച്ചു. ജനുവരി 26 ന് നടത്തിയ 'ക്ലീൻ പാറയ്ക്കൽ ഗ്രീൻ പാറയ്ക്കൽ' പദ്ധതിയുടെ ഭാഗമായി കുട്ടികൾ വ്യാപാര സ്ഥാപനങ്ങൾ സന്ദർശിച്ച് ബോധവൽക്കരണം നടത്തുകയും സ്കൂൾ പരിസരം വൃത്തിയാക്കുകയും, ഹരിതകർമസേനയെ ആദരിക്കുകയും പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും ചെയ്തു. സ്കൂളിനോട് ചേർന്നുള്ള ഒരു പൊതു കിണറും പരിസരവും ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ വൃത്തിയാക്കി ആകർഷകമാക്കി മാറ്റുകയും ചെയ്തു.

കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലെ വള്ളിത്തോട് പട്ടണത്തിൽ ഹരിതകേരളം മിഷന്റെ വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിന്റെ ഭാഗമായി കണ്ടെത്തിയ മാലിന്യക്കൂമ്പാരങ്ങൾ സംഘാടക സമിതിയുടെയും സന്നദ്ധ സംഘടനയായ "ഒരുമ"യുടെയും നേതൃത്വത്തിൽ പൂർണമായും ശുചീകരിച്ച് പൂന്തോട്ടങ്ങൾ സ്ഥാപിച്ച മാതൃകയായി. സ്റ്റേറ്റ് ഹൈവേ ശുചീകരണ പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്തി, വള്ളിത്തോട് പട്ടണത്തിൽ ഒരു ഹരിതകവാടം തുറക്കാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്.

**വൃത്തിയുള്ള കേരളം 2025 എന്ന ലക്ഷ്യത്തിലെത്തുവാനായി തുടർന്നുള്ള ദിവസങ്ങളിൽ മാലിന്യരഹിത തെരുവുകൾ, മാലിന്യരഹിത പൊതുസ്ഥാപനങ്ങൾ, സീറോ വേസ്റ്റ് വാർഡുകൾ, മാലിന്യരഹിത പഞ്ചായത്ത്/ നഗരസഭകൾ, മാലിന്യരഹിത അസംബ്ലി മണ്ഡലങ്ങൾ, മാലിന്യരഹിത ജില്ല തുടങ്ങിയവ സൃഷ്ടിക്കുവാനുള്ള പ്രവർത്തനങ്ങൾ നടക്കും.**

## ഇനി മാലിന്യ രഹിത തെരുവുകൾ, വാർഡുകൾ...

വൃത്തിയുള്ള കേരളം 2025 എന്ന ലക്ഷ്യത്തിലെത്തുവാനായി തുടർന്നുള്ള ദിവസങ്ങളിൽ മാലിന്യരഹിത തെരുവുകൾ, മാലിന്യരഹിത പൊതുസ്ഥാപനങ്ങൾ, സീറോ വേസ്റ്റ് വാർഡുകൾ, മാലിന്യരഹിത പഞ്ചായത്ത്/ നഗരസഭകൾ, മാലിന്യരഹിത അസംബ്ലി മണ്ഡലങ്ങൾ, മാലിന്യരഹിത ജില്ല തുടങ്ങിയവ സൃഷ്ടിക്കുവാനുള്ള പ്രവർത്തനങ്ങൾ നടക്കും. ഇതിനു പുറമെ, പ്രകൃതി സൗഹൃദ ബദൽ ഉത്പന്നങ്ങളുടെ വ്യാപനം, അപ്സൈക്ലിങ് പരിശീലനങ്ങൾ, റിപ്പയറിങ് ക്യാമ്പുകൾ, കൈമാറ്റ കടകൾ എന്നിവ സംഘടിപ്പിക്കൽ, നിയമ നടപടികൾ ശക്തിപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളും ക്യാമ്പയിന്റെ ഭാഗമായി നടന്നു വരുന്നു. □

*(ലേഖിക ഹരിതകേരളം മിഷൻ യംഗ് പ്രൊഫഷണലാണ്.)*




# കാലം ആവശ്യപ്പെടുന്ന നൈപുണ്യം യുവജനങ്ങൾക്ക് വേണം

■ ടി. ഷാഹുൽ ഹമീദ്

മാനവ വിഭവശേഷിയുടെ പരമാവധി വിനിയോഗത്തിൽ കഴിവുകൾ നിർണായക പങ്കുവഹിക്കുമ്പോൾ, സുസ്ഥിര സാമ്പത്തിക വികസനത്തിന് വിദഗ്ധ തൊഴിലാളികൾ ഒരു ആസ്തിയും മുൻ വ്യവസ്ഥയുമാണ്. തൊഴിൽ വിപണിയിൽ മാറിക്കൊണ്ടിരിക്കുന്ന ചലനാത്മകതയും സാങ്കേതിക മുന്നേറ്റവും, ആധുനിക തൊഴിൽ കാഴ്ചപ്പാടിൽ വന്ന മാറ്റവും, നവീന കാഴ്ചപ്പാടും ഇപ്പോൾ രാജ്യത്ത് നടക്കുന്ന വൈദഗ്ധ്യ പരിശീലനങ്ങളിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇന്ത്യയുടെ ജനസംഖ്യയിൽ 65% വും 35 വയസ്സിന് താഴെയുള്ളവരാണ്, അതിൽ 15 മുതൽ 29 വയസ്സ് വരെ പ്രായമുള്ളവർ ജനസംഖ്യയുടെ 27.5%, ഇത് ഇന്ത്യയുടെ ഭാവി കരുത്താണ്. ഇന്ത്യൻ ജനസംഖ്യയുടെ ശരാശരി വയസ്സ് 28.19 ആണ്, ചൈന വൃദ്ധന്മാരുടെ രാജ്യം ആകുമ്പോൾ, ഇന്ത്യ യുവാക്കളുടെ രാജ്യമാകുന്നു. ഉൽപാദനക്ഷമത, കാര്യക്ഷമത, നൈപുണ്യവും അറിവും എന്നിവ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെയും സുസ്ഥിര വികസനത്തിന്റെയും പ്രേരകശക്തികൾ ആയതിനാൽ ഈ മേഖലയിലേക്ക് പുതിയ വൈദഗ്ധ്യങ്ങളോടെ യുവജനതയെ കൈപിടിച്ചു കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ കൂടുതൽ നടക്കേണ്ടതായിട്ടുണ്ട്. ഇന്ത്യയിലെ ജനസംഖ്യയിൽ 50% വും കാർഷിക മേഖലയെ ആശ്രയിക്കുന്നതിനാൽ അവിടെ തൊഴിലവസരങ്ങൾ കുറഞ്ഞതോടെ ജനങ്ങൾ സേവന മേഖലയിലെ പുതുമകൾ തേടി പോകുന്നു, ആഭ്യന്തര ഉൽപാദനത്തിന്റെ 50% ലധികം സംഭാവന ചെയ്യുന്നത് നിലവിൽ സേവന മേഖലയിൽ നിന്നാണ്. അവിടെ നടക്കുന്ന ചെറുചലനങ്ങൾ ഒപ്പിയെടുത്ത് വൈദഗ്ധ്യ മേഖലയിലെ നിലവിലുള്ള സാമ്പ്രദായിക പരിശീലനങ്ങളുമായി സന്നിവേശിപ്പിച്ചാൽ അത് രാജ്യത്തിന് വലിയ മുന്നേറ്റം ഉണ്ടാക്കുന്നതാണ്. വിദേശ മൂലധനം വർധിച്ചതോടുകൂടി ലോകത്തുള്ള വലിയ കമ്പനികൾ ഇന്ത്യയിലേക്ക് വരികയും വിദഗ്ധന്മാരായിട്ടുള്ള കൂടുതൽ തൊഴിലാളികളെ വിവിധ മേഖലകളിൽ ഇന്ത്യയിൽ ആവശ്യമായി വരികയും ചെയ്യുന്നു. ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് (IOT )കൃത്രിമ ബുദ്ധി, ഡാറ്റാ വിശകലനം, ഡിസൈൻ രൂപക




ല്പന, വിമർശനാത്മകതയിലുള്ള ചിന്തകൾ, സോഫ്റ്റ്‌വെയർ ഉത്പന്നങ്ങൾ എന്നീ മേഖലകളിൽ വിപുലമായ സാധ്യതകളാണ് ഇന്ത്യയിൽ ഉള്ളത്. ഇന്ത്യയിൽ 2016 ൽ 38.12% മാത്രം തൊഴിൽക്ഷമത ഉണ്ടായിരിന്നപ്പോൾ 2022ൽ അത് 46.2% ആയി വർധിച്ചത് ശുഭ സൂചനയാണ്. ബിടെക്, എം ബി എ, ബി ഫാം എന്നീ ബിരുദധാരികൾ കൂടുതൽ തൊഴിൽ ക്ഷമത കാണിക്കുന്നു, ബിടെക്കും, എം ബി എ ഡിഗ്രി ക്കാരും 50.55%വും, ബി എ ആർട്സ് ബിരുദ ധാരികൾ 44.2%,ബികോം 42.62% ബി.ഫാം 44.3%വും തൊഴിൽ ക്ഷമത കാണിക്കുന്നതായി ലോകത്തെ ഏറ്റവും വലിയ ഓൺലൈൻ വിദ്യാഭ്യാസ സ്ഥാപനമായ കോഴ്സാരയുടെ 2022ലെ സ്കിൽ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. വിദ്യാഭ്യാസവും വൈദഗ്ധ്യവും ഡിജിറ്റൽ സാങ്കേതികവിദ്യയും ഒന്നിച്ചു കൊണ്ടുപോകണം.നിലവിൽ മനുഷ്യർ ചെയ്യുന്ന 29% ജോലിയും മെഷീനുകളും റോബോട്ടുകളും അൽഗോരിതവുവാണ് ചെയ്യുന്നത്. ഇത് 2025 ആകുമ്പോഴേക്കും 52% ആയി വർധിക്കുന്നതാണ്. വൈജ്ഞാനികം സാമൂഹികം, വൈദഗ്ധ്യം എന്നിവയിൽ ആധുനിക കാലം വലിയ രീതിയിൽ വരുത്തിയ മാറ്റത്തിന് അനുസരിച്ച നിലവിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന എല്ലാ പരിശീലനങ്ങളും കാലാനുസൃതമായി മാറുകയും, നിലവിൽ ഈ പരിശീലനങ്ങളിൽ നിന്ന് പല കാരണങ്ങളാൽ മാറി നിൽക്കുന്നവർക്ക് ഗോ ടു ദി വില്ലേജ് (വില്ലേജിൽ പോയി നേരിട്ട് പരിശീലനം നൽകുന്ന രീതി) അവലംബിക്കുകയും ചെയ്യേണ്ടതാണ്. ഡിജിറ്റൽ വൈദഗ്ധ്യവും മനുഷ്യ വൈദഗ്ധ്യവും ഒത്തുചേരുന്ന ഒരു പുതിയ കാലം സംജാതമായിരിക്കുന്നു. മനുഷ്യന്റെ ശക്തി മറ്റുള്ളവരുമായി സമരസ്യപെട്ടുപോകുന്നതാണ് മനുഷ്യ വൈദഗ്ധ്യം. വിദ്യാഭ്യാസം, സാമൂഹികം, വൈകാരികം എന്നിവയിൽ പുതിയതായി രൂപപ്പെട്ട വൈദഗ്ധ്യമേഖലകളിൽ യുവജനതക്ക് അറിവും നൈപുണ്യവും ഉണ്ടാക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. വൈദഗ്ധ്യത്തെ വാടകക്കെടുക്കുന്നത് നാൾക്കുനാൾ വർധിച്ച് വരുന്നതിനാൽ അറിവും വൈദഗ്ധ്യവും ഒരു കഴിവായി രൂപപ്പെട്ടുവരണം.

**ജോലി സ്ഥലങ്ങളിൽ റോബോട്ടുകൾ വ്യാപരിക്കുവാൻ തുടങ്ങിയത് വർദ്ധിച്ചിരിക്കുന്നു. ഓൺലൈൻ വ്യാപാരം വർദ്ധിച്ചതോട്ടുകൂടി ഈ മേഖലയിലെ പുതിയതായി വരുന്ന കണ്ണഞ്ചിപ്പിക്കുന്ന മാറ്റങ്ങൾ സോഫ്റ്റ്‌വെയറുകളായി മാറി സോഫ്റ്റ് വെയർ ചാകരയാണ് ഈ മേഖലയിൽ ഉണ്ടായികൊണ്ടിരിക്കുന്നത്**

ജോലി സ്ഥലങ്ങളിൽ റോബോട്ടുകൾ വ്യാപരിക്കുവാൻ തുടങ്ങിയത് വർധിച്ചിരിക്കുന്നു. ഓൺലൈൻ വ്യാപാരം വർധിച്ചതോടുകൂടി ഈ മേഖലയിലെ പുതിയതായി വരുന്ന കണ്ണഞ്ചിപ്പിക്കുന്ന മാറ്റങ്ങൾ സോഫ്റ്റ്‌വെയറുകളായി മാറി സോഫ്റ്റ് വെയർ ചാകരയാണ് ഈ മേഖലയിൽ ഉണ്ടായികൊണ്ടിരിക്കുന്നത്. ഡാറ്റാ വിഷ്വലൈസേഷനും കസ്റ്റമർ സക്സസ് കളും ഇ-കോമേഴ്സിന്റെ അഭിവാജ്യ ഘടകങ്ങളായി മാറിയിരിക്കുന്നു, ഉപഭോക്താക്കളുടെ എക്സ്പീരിയൻസ് ഡിസൈൻ ചെയ്യുന്നതിനും പുതിയതായിട്ടുള്ള സോഫ്റ്റ്‌വെയറുകൾ രൂപപ്പെട്ടു വന്നിരിക്കുന്നു.

ഇന്ത്യയിൽ 15 വയസ്സുമുതൽ 29 വയസ്സ് വരെയുള്ള 15 ദശലക്ഷം പേർ എല്ലാവർഷവും പുതുതായി തൊഴിൽമുഖത്ത് എത്തുന്നു. രാജ്യത്തെ സ്കൂളുകളിൽ നിന്നും പുറത്തേക്ക് വരുന്നവരിൽ 2.3% പേർ മാത്രമേ തൊഴിൽമേഖല ആവശ്യപ്പെടുന്ന വൈദഗ്ധ്യവും നേടാൻ കഴിയുന്നുള്ളൂ, രാജ്യത്ത് 120 ദശലക്ഷം നൈപുണ്യമുള്ളവരെ വിവിധ മേഖലകളിൽ നിലവിൽ ആവശ്യമുണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി 250 ദശലക്ഷം ഡോളറിന്റെ പദ്ധതിയായ എസ് ഐ എം ഒ (സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ) പദ്ധതി ലോകനിലവാരത്തിലേക്ക് ഇന്ത്യൻ യുവത്വത്തെ എത്തിക്കുന്ന പദ്ധതിയാണ്. പ്രതീക്ഷയോടെയാണ് യുവജനത ഈ പദ്ധതിയെ കാണുന്നത്. ഇന്ത്യയിൽ

2021ൽ മാത്രം 85 വ്യത്യസ്ത രാജ്യങ്ങളിലേക്ക് ഒരു ദശലക്ഷം കുട്ടികൾ പുതിയ വിദ്യാഭ്യാസ ത്തിനായി ചേക്കേറി.

ഇന്ത്യക്കാർ പ്രതിദിനം ശരാശരി 2.5 മണിക്കൂർ നെറ്റ് ഉപയോഗിക്കുന്നുവെങ്കിലും അതിലൂടെ വൈദഗ്ധ്യം സ്വായത്തമാക്കാൻ ശ്രമിക്കുന്നില്ല. 76% നെറ്റ് ഉപയോഗിക്കുന്ന വരും മൊബൈൽ ഫോണിലൂടെയാണ് ഉപയോഗിക്കുന്നതെങ്കിലും ഏത് സമയത്തും പഠിക്കാൻ കഴിയുന്ന വ്യത്യസ്ത കോഴ്സുകൾ പഠിക്കാൻ ശ്രമിക്കുന്നില്ല. ഇന്ത്യയിൽ തൊഴിൽ ക്ഷമത 2021ൽ പുരുഷന്മാർക്ക് 39% വും സ്ത്രീകൾക്ക് 41% വും ആണ് ഇത് 2022 ൽ സ്ത്രീകളുടേത് 51.4% ആയി വർധി ച്ചത് ശുഭ സൂചനയാണ്. 2030ൽ നേടേണ്ട ആഗോള സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് വേണ്ടി രാജ്യം ഉണ്ടാക്കിയ 231അന്താരാഷ്ട്ര സൂചകങ്ങളിൽ സുസ്ഥിര വൈദഗ്ധ്യം വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യൻ യുവാക്കൾ 46.2%ഉയർന്ന തൊഴിൽ ക്ഷമത ഉള്ളവരാണ് ഏറ്റവും കൂടുതൽ തൊഴിൽ ക്ഷമത കാണി ക്കുന്നത് 22 വയസ്സ് മുതൽ 25 വയസ്സിലുള്ളവ രാണ് .ഇന്ത്യയുടെ തൊഴിലിടങ്ങളിൽ 67.2% പുരുഷന്മാരും 32.8% സ്ത്രീകളുമാണ് ഉള്ളത്, തെലുങ്കാനയിൽ സ്ത്രീകൾ 39.42% കർണാടക ത്തിൽ 35.4% സ്ത്രീകൾ തൊഴിൽ മുഖത്തുണ്ട്, പക്ഷേ ഇന്റർനെറ്റ് ബിസിനസ് മേഖലയിൽ 54.5 % സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. ഐടി മേഖലയിൽ 52.67% വും ഫാർമസ്യൂട്ടിക്കൽ മേഖലയിൽ 35%സ്ത്രീകളാണ് തൊഴിൽ ചെയ്യുന്നത്, റീട്ടെയിൽ, ഉത്പാദന മേഖല, വാഹന വിപണി എന്നിവയിൽ വലിയ രീതിയിൽ പുരുഷ മേധാവിത്വം നിലവിൽ ഇന്ത്യയിൽ തുടരുന്നു. നിലവിലുള്ള തൊഴിൽ മുഖത്ത് നിലവിലുള്ള തൊഴിലാളികളെ കൂടാതെ 48.7 % വരെ കൂടുതൽ വൈദഗ്ധ്യ മുള്ളവരെ വിവിധ മേഖലകളിൽ ആവശ്യമുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതിൽ ഇന്റർനെറ്റ് ബിസിനസുകളും, ഐടി, ഫാർ മസ്യൂട്ടിക്കൽ, ഊർജ്ജമേഖല എന്നിവിടങ്ങ ളിൽ പുതിയ വൈദഗ്ധ്യം ഇല്ലാത്തവരെയും ജോലിക്കായി പരിഗണിക്കേണ്ടി വരുന്നുണ്ട്. ഡാറ്റാ സയൻസ്, ക്ലൗഡിൽ അടിസ്ഥാന മാക്കിയ സാങ്കേതികവിദ്യ, ആരോഗ്യരംഗം, നവീനമായ സാമ്പത്തിക രംഗം എന്നിവിട ങ്ങളിൽ വലിയ തൊഴിൽ സാധ്യതയാണ് ഇപ്പോൾ നിലവിലുള്ളത്. യോഗ്യതയുള്ള വർക്ക് വേണ്ടിയുള്ളതാണ് ലോകം എന്ന കാഴ്ചപ്പാട് മാറി വൈദഗ്ധ്യമുള്ളവർക്കും നൈപുണ്യമുള്ളവർക്കും വേണ്ടിയിട്ടുള്ള താണ് ലോകം എന്ന രീതിയിലേക്ക് കാര്യ ങ്ങൾ മാറി എത്തിയിരിക്കുന്നു .ലോകത്തെ സ്വതന്ത്ര വിപണി കാഴ്ചപ്പാടിൽ വിവിധതരം സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് അനന്ത സാധ്യതയാണ് ഉള്ളത്.



**ലോകത്ത് 120 കോടി യുവാക്കൾ ബഹുമുഖമായ വെല്ലുവിളികൾ നേരിടുന്നു. നിലവിൽ ലോകത്ത് 100 കോടി ജനങ്ങൾ വിദൂര സ്ഥലങ്ങളിൽ വിപണിയുടെയും ലോകത്തിന്റെ യും മാറ്റങ്ങൾ അറിയാതെ തൊഴിൽ ചെയ്യുന്നു, അവരെ കണ്ടുപിടിച്ച് ആധുനിക രീതിയി ലുള്ള നൈപുണ്യശേഷി ഉണ്ടാക്കേണ്ടതായിട്ടുണ്ട്**

ലോകത്ത് 120 കോടി യുവാക്കൾ ബഹുമു ഖമായ വെല്ലുവിളികൾ നേരിടുന്നു. നിലവിൽ ലോകത്ത് 100 കോടി ജനങ്ങൾ വിദൂര സ്ഥല ങ്ങളിൽ വിപണിയുടെയും ലോകത്തിന്റെയും മാറ്റങ്ങൾ അറിയാതെ തൊഴിൽ ചെയ്യുന്നു. അവരെ കണ്ടുപിടിച്ച് ആധുനിക രീതിയിലുള്ള നൈപുണ്യശേഷി ഉണ്ടാക്കേണ്ടതായിട്ടുണ്ട്. സൈബർ സുരക്ഷ വലിയ വെല്ലുവിളിയാകു മ്പോൾ 1.5 ദശലക്ഷം തൊഴിലവസരങ്ങൾ അടുത്തവർഷം ഈ മേഖലയിൽ ഉണ്ടാകുന്ന താണ്. 2030 ആകുമ്പോഴേക്കും ലോകത്ത് കൃത്രിമ ബുദ്ധി 15.7 ട്രില്യൻ യുഎസ് ഡോളർ വിപണിയായി മാറും. ലോകത്ത് ഉപയോ ഗിക്കുന്ന ഇലക്ട്രോണിക്സ് ഉപകരണങ്ങളിൽ 77% വും ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ കൃത്രിമ ബുദ്ധി ഉപയോഗിക്കുന്നു. മനുഷ്യസ്വഭാവം തിരിച്ചറിയുന്ന കൃത്രിമ ബുദ്ധി സംവിധാനം നിലവിൽ വന്നിരിക്കുന്നു. കൃത്രിമ ബുദ്ധി ബിസിനസ് ആറുമടങ്ങ് വർധിച്ചു.

വരുംവർഷങ്ങൾ കൃത്രിമ ബുദ്ധിയുടേതാണ്. കമ്പ്യൂട്ടറിന് മുമ്പിൽ നിന്ന് എന്തും ചെയ്യാൻ സാധിക്കുന്ന ഒരു വർത്തമാനകാല മാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്.


1990ൽ ഐ ബി എം ഡിപ്പ് ബ്ലൂ കമ്പ്യൂട്ടർ ലോക പ്രശസ്ത ചെസ്സ് ചാമ്പ്യൻ ഗാരി കാസ്പ്പറോവിനെ തോൽപ്പിച്ചതോട്ടു കൂടി ആരംഭിച്ച കമ്പ്യൂട്ടർ പ്രോഗ്രാമുകൾ, മനുഷ്യബുദ്ധിയെ കീഴ്പ്പെടുത്തുന്ന സംഭവവികാസങ്ങൾ ലോകത്ത് അനുദിനം അരങ്ങേറിക്കൊണ്ടിരിക്കുന്നു. ലോകത്ത് നിലവിലുള്ള 85 ദശലക്ഷം തൊഴിലുകൾ അപ്രത്യക്ഷമാവുകയും 97 ദശ ലക്ഷം പുതിയ തൊഴിലുകൾ കടന്നുവരുകയും ചെയ്യുന്നു.

യൂറോപ്പ് വൈദഗ്ധ്യത്തിന്റെ തലസ്ഥാനമായി മാറുകയാണ്. ലോകപ്രശസ്ത ഓൺലൈൻ പ്ലാറ്റ്ഫോം ആയ കോഴ്സാരയിൽ നിന്ന് 113 ദശ ലക്ഷം പേർ വിവിധ നൈപുണ്യ കോഴ്സ് പഠിച്ചിറങ്ങിയെന്നത് നൂറ്റവർഷത്തോളം പഴക്കമുള്ള ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി അടക്കമുള്ള ലോകപ്രശസ്ത രായിട്ടുള്ള യൂണിവേഴ്സിറ്റികളിൽ നിന്നുപോലും ഇത്രയധികം കുട്ടികൾ 100 വർഷത്തിനിടയിൽ പുറത്തിറങ്ങിയിട്ടില്ല എന്നതും ഓൺലൈൻ മേഖലയിൽനിന്നു ലഭിക്കുന്ന സാങ്കേതികമായി ട്ടുള്ള അറിവും അത് നേടിയെടുക്കാനുള്ള യുവാക്കളുടെ ഒഴുക്കും വർധിപ്പിക്കുന്നു.


തൊഴിൽ ആവശ്യമുള്ളവരുടെ ഇഷ്ടമുള്ള പട്ടണമായി ബാംഗ്ലൂർ മാറി. പൂനെ, ലഖ്നൗ, തിരുവനന്തപുരം, കൊൽക്ക ത്ത, ന്യൂഡൽഹി, ഹൈദരാബാദ്, കോയമ്പത്തൂർ, മുംബൈ, അഹമ്മദാബാദ് എന്നി നഗരങ്ങളിലേക്ക് യുവാക്കൾ കൂട്ടത്തോടെ തൊഴിലിനായി ചേക്കേറുന്നു. ഇന്റേൺഷിപ്പിൽ ചണ്ഡിഗഡ്, ഹരിയാന, രാജസ്ഥാൻ, പഞ്ചാബ്, കേരളം, മധ്യ പ്രദേശ്, തെലുങ്കാന, ജമ്മു കാശ്മീർ, വെസ്റ്റ് ബംഗാൾ എന്നി സംസ്ഥാനങ്ങൾ യുവാക്കൾക്ക് ഇന്റേൺഷിപ്പിൽ പുതിയ തൊഴിൽ സാഹചര്യം സൃഷ്ടിക്കുമ്പോൾ പുതിയ തരത്തിലുള്ള ഇന്റേൺഷിപ്പ് ഇന്ത്യയിലെ മറ്റു പട്ടണങ്ങളിലും വ്യാപിക്കേ ണ്ടത് അത്യന്താപേക്ഷിതമാണ്. കേരളത്തിൽ യുവാക്കളുടെ തൊഴിൽ ക്ഷമത 64.2% ആണ്.

വികസന പ്രക്രിയയിലെ ചാലക ശക്തിയായ യുവ ജനതക്ക് കാലം ആവശ്യപെടുന്ന വൈദഗ്ധ്യവും, നൈപുണ്യവും നൽകാൻ വിപുലമായ സംവിധാനങ്ങൾ ഉണ്ടാകേണ്ടതായിട്ടു ണ്ട്, ഇതിനായി ഓരോ ഗ്രാമത്തിലും ഓക്സിലറി സ്കിൽ സെന്റ റുകൾ ആരംഭിക്കണം. നിലവിലുള്ള സ്കിൽ പരിശീലനത്തിന്, പരിശീലന ഏജൻസി തൊഴിൽ കണ്ടെത്തി നൽകണം എന്നതിന് പകരം, ഉയർന്ന നിലവാരത്തിലുള്ള വൈദഗ്ധ്യം കുട്ടികൾക്ക് നൽകിയെന്ന് ഉറപ്പുവരുത്തി ലോകത്ത് എവി ടെയുമുള്ള തൊഴിൽ മുഖത്ത് എത്താൻ പര്യാപ്തമാക്കണം. കൂടാതെ സഞ്ചരിക്കുന്ന സ്കിൽ സെന്ററുകൾ ആരംഭിക്കണം. വീട് വിട്ട് ദൂരെസ്ഥലത്ത് പരിശീലനത്തിന് പല കാരണങ്ങളാൽ കഴിയാത്തവർക്ക്, നഗ്ന പാദരായ കമ്മ്യൂണിറ്റി വോളന്റിയർ മാരുടെ സേവനം ലഭ്യമാകണം, സ്ത്രീകൾക്ക് അവരുടേതായ സന്നദ്ധ സംഘടനകൾ വഴി വിവിധ നൈപുണ്യം ഉണ്ടാക്കു വാൻ സംവിധാനം വേണം, എങ്കിൽ മാത്രമേ കൊറിയയെ പോലെ ജപ്പാൻ പോലെ ജനങ്ങളിൽ 98% നും വൈദഗ്ധ്യം നേടാൻ സാധിക്കുകയുള്ളൂ. □

*(ലേഖകൻ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*








# ഡിസംബർ - 10 മനുഷ്യാവകാശദിനം
# മനുഷ്യാവകാശം ജന്മാവകാശം

■ ഡോ. എം.വി. തോമസ്

ജാതിമത വംശദേശഭേദം കൂടാതെ സകല മനുഷ്യർക്കും ജന്മനാലഭിക്കുന്നതു മരണപര്യന്തം നിലനിൽക്കുന്നതുമായ അടിസ്ഥാനാവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. അതിമഹത്തായ ഈ തത്വവും ദർശനവും തള്ളികളഞ്ഞുകൊണ്ട് 'ശക്തിഹീനരെ അടിച്ചമർത്തുക; ശക്തിയുള്ളവർ സസുഖം ജീവിക്കുക' എന്ന പ്രാകൃതനിയമം ഉന്മൂലനം ചെയ്താലേ മനുഷ്യാവകാശങ്ങൾ ഉയർത്തിപ്പിടിക്കുവാൻ മാനവരാശിക്കു കഴിയുകയുള്ളൂ. എല്ലാവർക്കും മനുഷ്യാവകാശങ്ങൾ പൂർണ്ണതോതിൽ ലഭ്യമാക്കുക എന്നതാണ് ആധുനിക മനുഷ്യസമൂഹത്തിന്റെ ആത്യന്തിക ലക്ഷ്യം. ഏതൊരു മനുഷ്യനും ജന്മനാ ലഭിക്കുന്നതും ധാർമ്മികമായി അവകാശപ്പെട്ടതുമായ മനുഷ്യാവകാശത്തെ നിഷേധിക്കുവാൻ മറ്റൊരു വ്യക്തിക്കോ സമൂഹത്തിനോ സംഘടനയ്ക്കോ ഭരണകൂടത്തിനോ അധികാരമില്ലെന്ന 'സർവ്വദേശീയ മനുഷ്യാവകാശപ്രഖ്യാപനം' 1948 ഡിസംബർ 10-ാം തീയതിയാണ് ഐക്യരാഷ്ട്രസഭ (UNO) യുടെ ജനറൽ അസംബ്ലി പാസ്സാക്കിയത്. അതിന്റെ ഓർമ്മ നിലനിർത്തുന്നതിനും ആഗോള തലത്തിൽ മനുഷ്യാവകാശ സംരംഭങ്ങളെ ശക്തിപ്പെടുത്തുന്നതിനും വേണ്ടിയും യു.എൻ.ഒ യുടെ ആഭിമുഖ്യത്തിൽ ലോകമെമ്പാടും ആണ്ടുതോറും ഡിസംബർ 10 മനുഷ്യാവകാശദിനമായി ആചരിച്ചുവരുന്നു. ഇതോടനുബന്ധിച്ച് അതതുവർഷം ചർച്ച ചെയ്യാനായി ഐക്യരാഷ്ട്രസഭ ലോകജനതക്കുമുന്നിൽ ഒരുവിഷയം (THEME) അവതരിപ്പിക്കാറുണ്ട്. 2022 ലേക്ക് നിർദ്ദേശിക്കപ്പെട്ട വിഷയം 'എല്ലാവർക്കും അന്തസും സ്വാതന്ത്ര്യവും നീതിയും' (Dignity, Freedom and Justice for all) എന്നതാണ്. 1948 ലെ സർവ്വദേശീയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ടിട്ടുള്ള 1966 ലെ 'സിവിൽ രാഷ്ട്രീയ അവകാശങ്ങളിന്മേലുള്ള



അന്താരാഷ്ട്ര ഉടമ്പടിയും അതേവർഷം തന്നെ ഉണ്ടായ സാമ്പത്തികവും സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങളിന്മേലുള്ള അന്താരാഷ്ട്ര ഉടമ്പടിയും ഈ വർഷം ചർച്ചാവിഷയമായ ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ നമ്മെ സഹായിക്കും.

> ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങൾക്ക് വിരുദ്ധമായി നിയമങ്ങൾ നിർമ്മിക്കുവാൻ പാർലമെന്റിന്റെ ഇരുസഭകളും ഉൾപ്പെടെയുള്ള യാതൊരു നിയമ നിർമ്മാണസഭയ്ക്കും അധികാരമില്ല. മൗലികാവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അനുഛേദം 19 (1) ൽ പറയുന്ന സ്വാതന്ത്ര്യത്തിനുള്ള അവകാശമാണ്

## മനുഷ്യാവകാശങ്ങളും ഇന്ത്യൻ ഭരണഘടനയും

സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനം (1948) ഉണ്ടായശേഷമാണ് ഇന്ത്യൻ ഭരണഘടനക്ക് അന്തിമരൂപം നല്കപ്പെട്ടത്. 1950 ജനുവരി 26-ാം തീയതി പ്രാബല്യത്തിൽ വന്ന ഈ ഭരണഘടനയിൽ മനുഷ്യാവകാശങ്ങൾക്ക് പരമ പ്രാധാന്യമാണുള്ളത്. ഭരണഘടനയുടെ ആമുഖം തന്നെ ഇതിന് ഉത്തമ ദൃഷ്ടാന്തമാണ്. അതിൽ ഇപ്രകാരം പറയുന്നു.

"ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും; ചിന്തയ്ക്കും ആശയ പ്രകടനത്തിനും വിശ്വാസത്തിനും നിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും; പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുവാനും അവർക്കെല്ലാംമിടയിൽ, വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്താനും സഗൗരവം തീരുമാനിച്ചിരിക്കയാൽ, നമ്മുടെ ഭരണഘടന നിർമ്മാണ സഭയിൽ ഈ 1949 നവംബർ 26-ാം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും ചെയ്യുന്നു". 1948 ൽ യുഎൻ ജനറൽ അസംബ്ലി പാസ്സാക്കിയ മനുഷ്യാവകാശ ചാർട്ടറിന്റെ അന്തസത്ത പൂർണ്ണമായും ഉൾക്കൊള്ളുന്നതാണ് ഈ ആമുഖം. ഇതു മാത്രമല്ല, ഈ വർഷത്തെ ചർച്ചാവിഷയമായി യു.എൻ നിർദ്ദേശിച്ചിട്ടുള്ള അന്തസ്സ് (Dignity), സ്വാതന്ത്ര്യം (Freedom), നീതി (Justice) എന്നിവയെപ്പറ്റി ഈ ആമുഖത്തിൽ എടുത്തുപറയുകയും ചെയ്തിട്ടുണ്ട്. നമ്മുടെ ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ ചേർത്തിരിക്കുന്ന മൗലീകാവകാശങ്ങൾ അടിസ്ഥാനപരമായ മനുഷ്യാവകാങ്ങൾക്ക് ഊന്നൽ നല്കുന്നു. ഭരണഘടന ഉറപ്പ നൽകുന്ന മൗലികാവകാശങ്ങൾക്ക് വിരുദ്ധമായി നിയമങ്ങൾ നിർമ്മിക്കുവാൻ പാർലമെന്റിന്റെ ഇരുസഭകളും ഉൾപ്പെടെയുള്ള യാതൊരു നിയമ നിർമ്മാണസഭയ്ക്കും അധികാരമില്ല. മൗലികാവകാശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് അനുഛേദം 19(1) ൽ പറയുന്ന സ്വാതന്ത്ര്യത്തിനുള്ള അവകാശമാണ്. ആ സ്വാതന്ത്ര്യങ്ങൾ താഴെ ചേർക്കുന്നവയാണ്.

(എ) സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം (ബി) സമാധാനപരമായും നിരായുധരായും സമ്മേളിക്കാനുള്ള സ്വാതന്ത്ര്യം (സി) സംഘടനകളോ, യൂണിയനുകളോ രൂപീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം (ഡി) ഇന്ത്യയിലെവിടെയും സ്വതന്ത്രമായി സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം (ഇ) ഇന്ത്യയുടെ ഏതുഭാഗത്തും താമസിക്കുന്നതിനും സ്ഥിരവാസമാക്കുന്നതിനുമുള്ള സ്വാതന്ത്ര്യം (എഫ് ) ഏത് തൊഴിൽ ചെയ്യുന്നതിനും ഏതു വ്യാപാരമോ ബിസിനസ്സോ ചെയ്യുന്നതിനുള്ള

സ്വാതന്ത്ര്യം.

നമ്മുടെ ഭരണഘടന ഉറപ്പ നൽകുന്ന മേൽപറഞ്ഞ സ്വാതന്ത്ര്യങ്ങൾ സർവത ന്ത്രസ്വതന്ത്രമോ, അനിയന്ത്രിതമോ അല്ല. അനുഛേദം 19 (2) പ്രകാരം നീതിയുക്തമായ നിയന്ത്രണങ്ങൾ ഇവയുടെ മേൽ പ്രാവർത്തി കമാക്കുവാൻ സർക്കാരിന് അധികാരമുണ്ട്. രാഷ്ട്രത്തിന്റെ അഖണ്ഡതയും പരമാധികാരവും, വിദേശരാഷ്ട്രങ്ങളുമായുള്ള സുഹൃദ് ബന്ധം, പൊതുസമാധാനം, സഭ്യത, സന്മാർഗികത, കോടതി അലക്ഷ്യം, അപകീർത്തി, കുറ്റകൃത്യങ്ങൾക്കുള്ള പ്രേരണ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് സ്വാതന്ത്ര്യങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്താമെന്നുള്ളത്. നിയമപ്രകാരമുള്ള നടപടിക്രമങ്ങളിലൂടെയല്ലാതെ ഒരാളുടെയും ജീവനോ വ്യക്തി സ്വാതന്ത്ര്യമോ നിഷേധിക്കുവാൻ പാടില്ലെന്ന് അനുഛേദം 21 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വായു, ജലം, പരിസ്ഥിതി എന്നിവ മലിനപ്പെടുത്തുന്നത് ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനമാണെന്ന് സുപ്രീംകോടതി ഒരു കേസിൽ (2003-7, SEC 389) വ്യക്തമാക്കിയിട്ടുണ്ട്. മതത്തിന്റെയോ ഭാഷയുടെയോ അടിസ്ഥാനത്തിലുള്ള ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനും പരിപാലിക്കുന്നതിനും അനുഛേദം 30 അവകാശം നൽകുന്നു. ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ സംരക്ഷിക്കുന്നതിലും നടപ്പിലാക്കുന്നതിലും വന്നേക്കാവുന്ന വീഴ്ചകൾ പരിഹരിക്കുന്നതിന് അനുഛേദം 32 സമുന്നത നീതിപീഠങ്ങളെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയിൽ മനുഷ്യാവകാശങ്ങൾക്ക് അതിശക്തമായ പരിരക്ഷണം നൽകുന്നത് നമ്മുടെ സുപ്രീം കോടതിയും ഹൈക്കോടതികളുമാണ്.

## മനുഷ്യാവകാശ നിയമം ഇന്ത്യയിൽ

1948 ലെ സാർവ്വദേശീയമനുഷ്യാവകാശ പ്രഖ്യാപനത്തെയും 1966 ലെ അന്താരാഷ്ട്ര മനുഷ്യാവകാശ ഉടമ്പടികളെയും ആസ്പദമാക്കി ഭാരത സർക്കാർ 1993 ൽ ഒരു മനുഷ്യാവകാശ സംരക്ഷണ നിയമത്തിന് രൂപം നൽകുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക, അവയുടെ ധ്വംസനങ്ങൾ നിയന്ത്രിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെയാണ് ഈ നിയമനിർമ്മാണം നടത്തിയിരിക്കുന്നത്. 1993 സെപ്റ്റംബർ 28 ന് ഒരു ഓർഡിനൻസ് മുഖേന ഈ നിയമം ആദ്യമായി നടപ്പാക്കി.




**1948 ലെ സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തെയും 1966 ലെ അന്താരാഷ്ട്ര മനുഷ്യാവകാശ ഉടമ്പടികളെയും ആസ്പദമാക്കി ഭാരത സർക്കാർ 1993 ൽ ഒരു മനുഷ്യാവകാശ സംരക്ഷണ നിയമത്തിന് രൂപം നൽകുകയും പ്രാബല്യത്തിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.**

പിന്നീട് ഇതു സംബന്ധിച്ച ബിൽ പാർലമെന്റ് പാസ്സാക്കുകയും 1994 ജനുവരി എട്ടിന് രാഷ്ട്രപതിയുടെ അംഗീകാരത്തോടെ ഈ ആക്ട് പ്രാബല്യത്തിൽ വരികയും ചെയ്തു. മനുഷ്യാവകാശ സംരക്ഷണ ഓർഡിനൻസിലെ വ്യവസ്ഥകളനുസരിച്ച് 1993 ഒക്ടോബറിൽ ദേശീയതലത്തിൽ ഒരു മനുഷ്യാവകാശകമ്മീഷൻ രൂപീകരിച്ചു. ദേശീയ കമ്മീഷനു പുറമേ സംസ്ഥാന തലങ്ങളിലും മനുഷ്യാവകാശ കമ്മീഷനുകൾക്ക് രൂപം നൽകാൻ 1993 ലെ ആക്ടിൽ വ്യവസ്ഥയുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ അഞ്ച് അംഗങ്ങളാണ് ഉള്ളത്. അവരിൽ ഒരാളായ ചെയർമാൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസായി പ്രവർത്തിച്ച ആളായിരിക്കണം. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ഹൈക്കോടതി ചീഫ് ജസ്റ്റിസായി പ്രവർത്തിച്ചിട്ടുള്ള ആളായിരിക്കണമെന്നും വ്യവസ്ഥയുണ്ട്. അധ്യക്ഷനും മറ്റ് രണ്ടംഗങ്ങളും ഉൾപ്പെടുന്നതാണ് സംസ്ഥാന കമ്മീഷൻ. മനുഷ്യന്റെ ജന്മസിദ്ധവും നിയമദത്തവുമായ അവകാശങ്ങളുടെ കാവൽഭടന്മാരാണ് ഇന്ത്യൻ ഭരണഘടനയ്ക്കു വിധേയമായി പ്രവർത്തിക്കുന്ന മനുഷ്യാവകാശ കമ്മീഷനുകൾ എന്ന് നിസ്സംശയം പറയാവുന്നതാണ്. □

*(ലേഖകൻ പബ്ലിക് റിലേഷൻസ് വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറും ഗ്രന്ഥകാരനുമാണ്.)*




*ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. എം.ബി രാജേഷ് 'ഒപ്പം' ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുന്നു*

# 'ഒപ്പം' കൂടെയുണ്ട് കരുതലോടെ

## 2022 ഡിസംബർ 14 മുതൽ 2023 ഫെബ്രുവരി 28 വരെ സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ ക്യാമ്പയിൻ

***(കുടുംബശ്രീമുഖേന നഗരമേഖലയിൽ നടപ്പാക്കുന്ന പി.എം.എ.വൈ-ലൈഫ്(നഗരം), ദേശീയ നഗര ഉപജീവന ദൗത്യം പദ്ധതി ഗുണഭോക്താക്കൾ, നഗരങ്ങളിലെ അതിദരിദ്രർ, അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്ക് സംരംഭകത്വത്തിലൂടെയോ വേതനാധിഷ്ഠിത തൊഴിലിലൂടെയോ ഉപജീവന മാർഗവും സാമ്പത്തിക സുരക്ഷയും ലഭ്യമാക്കുകയാണ് ക്യാമ്പയിന്റെ ലക്ഷ്യം)***

നഗരദരിദ്രരുടെ തൊഴിൽ, പാർപ്പിടം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'ഒപ്പം' കൂടെയുണ്ട് കരുതലോടെ സംസ്ഥാനതല ക്യാമ്പയിൻ തുടക്കമായി. സംസ്ഥാനത്തെ എല്ലാ നഗരസഭകളുമായി ചേർന്നു കൊണ്ട് നടത്തുന്ന ക്യാമ്പയിനിൽ നഗരദരിദ്രരുടെ സാമ്പത്തിക സാംസ്കാരിക ഉന്നമനത്തിനും പ്രത്യേക ഊന്നൽ നൽകുന്നുണ്ട്. ഡിസംബർ 14ന് തിരുവനന്തപുരം നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി എം.ബി രാജേഷ് ക്യാമ്പയിന്റെ ഉദ്ഘാടനം നിർവഹിച്ചു. ക്യാമ്പയിന്റെ ഭാഗമായി തയ്യാറാക്കിയ കൈപ്പുസ്തകം, കുടുംബശ്രീ ഇനിഷ്യേറ്റീവ് ഫോർ ബിസിനസ് സൊല്യൂഷൻസ് എന്നിവയുടെ ലോഗോ പ്രകാശനവും ബഹു. മന്ത്രി ശ്രീ. എം.ബി രാജേഷ് നിർവഹിച്ചു. ബഹു. തിരുവനന്തപുരം മേയർ ശ്രീമതി ആര്യാ രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു.

1,30,000 പി.എം.എ.വൈ (നഗരം)-ലൈഫ് ഗുണഭോക്താക്കൾ, അമ്പതിനായിരത്തോളം വരുന്ന ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, നഗരത്തിലെ അതിദരിദ്രർ, അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ, എന്നിവരെ കേന്ദ്രീകരിച്ചു കൊണ്ട് 2022 ഡിസംബർ 14 മുതൽ 2023 ഫെബ്രുവരി 28 വരെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുക. സംസ്ഥാന




*ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. എം.ബി രാജേഷ് കൈപ്പുസ്തക പ്രകാശനം നിർവഹിക്കുന്നു*




*'ഖുഷിയോം കാ ആഷിയാൻ' ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച ദേശീയതല ഹ്രസ്വചിത്ര നിർമാണത്തിൽ ഒന്നാമതെത്തിയ ആദർശ് സമ്മാനം സ്വീകരിക്കുന്നു.*

**കുടുംബശ്രീയുടെ വിശ്വാസ്യത മൂലധനമാക്കി നൂതനവും വിജ്ഞാനാധിഷ്ഠിതവുമായ സംരംഭ മേഖലകൾ കണ്ടെത്തണമെന്ന് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് പറഞ്ഞു**

## നൂതന സംരംഭ മേഖലകൾ കണ്ടെത്തണം:

കുടുംബശ്രീയുടെ വിശ്വാസ്യത മൂലധനമാക്കി നൂതനവും വിജ്ഞാനാധിഷ്ഠിതവുമായ സംരംഭ മേഖലകൾ കണ്ടെത്തണമെന്ന് തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി എം.ബി രാജേഷ് പറഞ്ഞു. കുടുംബശ്രീ വനിതകൾക്ക് ഉപജീവന മാർഗമൊരുക്കുക എന്നതിനപ്പുറം വരുമാന വർധനവ് ലഭ്യമാക്കുകയാണ് സർക്കാരിന്റെലക്ഷ്യം. ഇതിനായി നഗരമേഖലയിൽ കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങളിൽ സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തും. അഗതിരഹിത കേരളം, പി.എം.എ .വൈ-ലൈഫ്(നഗരം) പദ്ധതികളിലെ ഗുണഭോക്തൃ കുടുംബങ്ങൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, നഗരങ്ങളിലെ അതിദരിദ്രർ എന്നിവർക്ക് സംരംഭകത്വവും തൊഴിലും ലഭ്യമാക്കിക്കൊണ്ട് അവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായിക്കുക എന്നതാണ് ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.




*ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി എം.ബി രാജേഷ് കിബ്സ് ലോഗോ പ്രകാശനം നിർവഹിക്കുന്നു*

സർക്കാർ മുൻഗണന നൽകി നടപ്പാക്കുന്ന പദ്ധതികളായ ആയിരത്തിൽ അഞ്ചു പേർക്ക് തൊഴിൽ, അതിദരിദ്ര കുടുംബങ്ങൾക്കുള്ള മൈക്രോ പ്ലാൻ എന്നിവയുടെ ലക്ഷ്യ സാക്ഷാത്ക്കാരത്തിനുള്ള പ്രവർത്തനങ്ങളും കുടുംബശ്രീ ഈ ക്യാമ്പയിൻ വഴി നടപ്പാക്കും. നഗരങ്ങളിലെ അതിദരിദ്രർ, അഗതിരഹിത കേരളം പദ്ധതിയിലെ ഗുണഭോക്തൃ കുടുംബങ്ങൾ, ഓക്സിലറി ഗ്രൂപ്പ്/ കുടുംബശ്രീ കുടുംബങ്ങൾ, പി.എം.എ.വൈ (നഗരം)-ലൈഫ് പദ്ധതി ഗുണഭോക്തൃ കുടുംബങ്ങൾ ഇവരെ കുടുംബശ്രീ സംവിധാനത്തിലേക്ക് ഉൾച്ചേർക്കുക, വിവിധ പദ്ധതികളുമായുള്ള സംയോജനത്തിലൂടെ സഹായം ലഭ്യമാക്കുക എന്നതും ക്യാമ്പയിന്റെ ലക്ഷ്യങ്ങളാണ്.

എല്ലാ നഗരസഭകളിലും മികച്ച രീതിയിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തി അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും അവരുടെ സമഗ്ര പുരോഗതിക്കാവശ്യമായ പിന്തുണ ലഭ്യമാക്കും. ഇതിനായി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനാണ് കുടുംബശ്രീയുടെ പരിശ്രമങ്ങൾ. നഗരസഭകളുടെയും കുടുംബശ്രീ സംവിധാനങ്ങളുടെയും നേതൃത്വത്തിലും മേൽനോട്ടത്തിലും സംഘടിപ്പിക്കുന്ന ഈ ക്യാമ്പയിൻ മുഖേന പി.എം.എ.വൈ, എൻ.യു.എൽ.എം പദ്ധതി ഗുണഭോക്താക്കളുടെ ജീവിതത്തിൽ അഭിമാനകരമായ പുരോഗതി ലഭ്യമാക്കുന്നതിനാണ് ഈ കാലയളവിൽ ലക്ഷ്യമിടുന്നത്.

**എല്ലാ നഗരസഭകളിലും മികച്ച രീതിയിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തി അർഹതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും അവരുടെ സമഗ്ര പുരോഗതിക്കാവശ്യമായ പിന്തുണ ലഭ്യമാക്കും. ഇതിനായി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തി ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനാണ് കുടുംബശ്രീയുടെ പരിശ്രമങ്ങൾ**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ് ക്യാമ്പയിന്റെ ഉദ്ഘാടന പരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തി. മേയർമാരായ അഡ്വ. അനിൽ കുമാർ, ഡോ.ബീന ഫിലിപ്പ്എന്നിവർ മുഖ്യാതിഥികളായി.

'കുടുംബശ്രീ ഒരു നേർ ചിത്രം' ഫോട്ടോഗ്രാഫി അഞ്ചാം സീസൺ, വായന പക്ഷാചരണത്തോടനുബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച സംസ്ഥാനതല ഉപന്യാസ രചനാ മത്സരം, 'ഖുഷിയോം കാ ആഷിയാൻ' ക്യാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച ദേശീയതല ഹ്രസ്വചിത്ര നിർമാണം, കിബ്സ് ലോഗോ ഡിസൈനിങ്ങ് മത്സരം എന്നിവയിലെ വിജയികൾക്കുള്ള പുരസ്കാര വിതരണം മേയർമാരായ ശ്രീമതി. ആര്യാ രാജേന്ദ്രൻ, അഡ്വ. അനിൽ കുമാർ, ഡോ. ബീന ഫിലിപ്പ് എന്നിവരും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമ്മിള മേരി ജോസഫ്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജാഫർ മാലിക് എന്നിവരും സംയുക്തമായി നിർവഹിച്ചു. നഗരസഭാധ്യക്ഷൻമാരായ ശ്രീ. എം. കൃഷ്ണദാസ്, ശ്രീ. എം.ഓ ജോൺ, തിരുവനന്തപുരം നഗരസഭാ സിഡി.എസ് ഒന്ന് അധ്യക്ഷ ശ്രീമതി സിന്ധു ശശി എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ജഹാംഗീർ നന്ദി പറഞ്ഞു. □



# ലോക മണ്ണ് ദിനം
## മണ്ണ് അന്നത്തിന്റെ ഉറവിടം

■ അജിത് വെണ്ണിയൂർ

ഡിസംബർ അഞ്ച് ലോക മണ്ണ് ദിനം. ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം ലോകമെമ്പാടും ഈ ദിനത്തിൽ മണ്ണിന്റെ മഹത്വവും പ്രാധാന്യവും ഉദ്ഘോഷിക്കുന്ന വൈവിധ്യമാർന്ന പരിപാടികൾ നടക്കുന്നു.

മണ്ണ് പരിമിതമായ ഒരു പ്രകൃതിവിഭവമാണ്. മനുഷ്യന്റെ വർധിച്ചുവരുന്ന ആവശ്യങ്ങൾക്കും ആർഭാടത്തിനുമാനുപാതികമായി അത് ഉൽപ്പാദിപ്പിക്കാനോ വർധിപ്പിക്കാനോ ആവില്ല. അതേസമയം മനുഷ്യവംശത്തിന്റെ നിലനിൽപ്പിലും ഉപജീവനത്തിലും മണ്ണിന്റെ പ്രാധാന്യം അറിയാമായിരുന്നിട്ടും ലോകമെമ്പാടും ആ അമൂല്യ പ്രകൃതിവിഭവത്തിന്റെ നാശം വർധിച്ചുകൊണ്ടിരിക്കുകയാണ്.

ഈ പശ്ചാത്തലത്തിലാണ് 2002 ൽ ഇന്റർനാഷണൽ യൂണിയൻ ഓഫ് സോയിൽ സയൻസസ് (IUSS) ലോക മണ്ണ്ദിനാചരണം എന്ന ആശയം മുന്നോട്ടുവെച്ചത്.

തായ്‌ലൻഡ് രാജ്യത്തിന്റെ നേതൃത്വത്തിൽ "ഗ്ലോബൽ സോയിൽ പാർട്ണർഷിപ്പ്" എന്ന ചട്ടക്കൂടിനുള്ളിൽ ലോക മണ്ണ് ദിനാചരണത്തിന് ആഗോള ബോധവൽക്കരണ പ്ലാറ്റ്ഫോം ഔപചാരികമായി സ്ഥാപിക്കുന്നതിന് ഭക്ഷ്യ-കാർഷിക സംഘടന (FAO) പിന്തുണ നൽകി.

2013 ജൂൺ 15 മുതൽ 22 വരെ ഇറ്റലിയിലെ റോമിൽ നടന്ന മുപ്പത്തിയെട്ടാം കോൺഫെറൻസിൽ ഭക്ഷ്യ-കാർഷിക സംഘടന ലോക മണ്ണ്ദിനം സംബന്ധിച്ച ശുപാർശ ഏകകണ്ഠമായി അംഗീകരിക്കുകയും ഇത് ഔദ്യോഗികമായി അംഗീകരിക്കാൻ ഐക്യരാഷ്ട്രസഭയോട് അഭ്യർഥിക്കുകയും ചെയ്തു.

നിരവധി കൂടിയാലോചനകൾക്കു ശേഷം 2013 ഡിസംബറിൽ 68-ാമത് യുഎൻ ജനറൽ അസംബ്ലി ആ അഭ്യർഥന അംഗീകരിച്ചു. ആ വർഷം ഡിസംബർ 5 നായിരുന്നു ആദ്യത്തെ ഔദ്യോഗിക ലോക മണ്ണ് ദിനാചരണം.

ഇത്തരമൊരു ഉദ്യമത്തിന് പ്രോത്സാഹനവും ആദ്യ ആഗോള കൂട്ടായ്മയ്ക്ക് ഔദ്യോഗിക അനുമതിയും നൽകിയ തായ്‌ലൻഡ് രാജാവ് ഭൂമിബോൽ അതുല്യദേജിന്റെ ജന്മദിനമാണ് ഡിസംബർ അഞ്ച്. പേരുപോലെത്തന്നെ മണ്ണിനെ, ഭൂമിയെ

### ലോക മണ്ണ് ദിനം : ചില വസ്തുതകൾ

- നമ്മുടെ ഭക്ഷണത്തിന്റെ 95 ശതമാനവും മണ്ണിൽ നിന്നാണ്.
- ഒരു ടേബിൾസ്പൂൺ മണ്ണിൽ ഭൂമിയിലെ മനുഷ്യരേക്കാൾ കൂടുതൽ ജീവജാലങ്ങളുണ്ട്.
- 18 പ്രകൃതിദത്ത രാസഘടകങ്ങൾ സസ്യങ്ങൾക്ക് അത്യന്താപേക്ഷിതമാണ്.
- 2050-ലെ ആഗോള ഭക്ഷ്യ ആവശ്യം നിറവേറ്റാൻ കാർഷിക ഉൽപാദനം 60 ശതമാനം വർധിപ്പിക്കേണ്ടിവരും.
- സുസ്ഥിരമായ മണ്ണ് പരിപാലനത്തിലൂടെ ഭക്ഷ്യോൽപ്പാദനം 58 ശതമാനം വരെ വർധിപ്പിക്കാനാകും.

സ്നേഹിച്ച് പരിപാലിച്ച ഭരണാധികാരിയായിരുന്ന ഭൂമിബോൽ അതുല്യദേജ്.

ആവാസ വ്യവസ്ഥയുടെ അടിസ്ഥാന ഘടകമെന്ന നിലയിലും മനുഷ്യന്റെ ക്ഷേമത്തിന് അനിവാര്യമായ ഉപാധിയെന്ന നിലയിലും മണ്ണിന്റെ പ്രാധാന്യം ആഘോഷിക്കുകയാണ് ഈ ദിനാചരണത്തിന്റെ പ്രാഥമിക ലക്ഷ്യം.

മണ്ണിന്റെ പരിപാലനത്തിൽ വർധിച്ചുവരുന്ന വെല്ലുവിളികൾ, മണ്ണിന്റെ ജൈവ വൈവിധ്യനഷ്ടം, അവ നേരിടുന്നതിൽ സർക്കാരുകളുടെയും സംഘടനകളുടെയും പൗരസമൂഹങ്ങളുടെയും വ്യക്തികളുടെയും പങ്ക്, മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവയെപ്പറ്റി സമൂഹത്തിൽ അവബോധം വളർത്തുന്നതിന് സഹായകമായ പരിപാടികളാണ് ഈ ദിനാചരണത്തിൽ സംഘടിപ്പിക്കുന്നത്. അതിലൂടെ മണ്ണ് സംരക്ഷണത്തിൽ ജനപങ്കാളിത്തം വർധിപ്പിക്കാനാവുമെന്ന് ലോക ഭക്ഷ്യ കാർഷിക സംഘടന വിഭാവനം ചെയ്യുന്നു.

## അന്നത്തിന്റെ ഉറവിടം

'മണ്ണ് അന്നത്തിന്റെ ഉറവിടം' (Soil: where food begins) എന്നതാണ് ഇക്കൊല്ലത്തെ പ്രമേയം. മണ്ണിന്റെ ആരോഗ്യ പരിപാലനത്തിലൂടെ പോഷകസമ്പന്നമായ ഭക്ഷ്യോത്പാദനം ഉറപ്പാക്കാനും ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കാനും സാധിക്കുമെന്ന സന്ദേശം ജനങ്ങളിലെത്തിക്കുക എന്നതാണ് ഈ പ്രമേയത്തിന്റെ കാതൽ.

മണ്ണിന്റെ നാശവും സംരക്ഷിക്കേണ്ടതിന്റെ അടിയന്തര പ്രാധാന്യവും മനസ്സിലാക്കി ലോകമെമ്പാടുമുള്ള പതിനായിരക്കണക്കിന് ശാസ്ത്രജ്ഞർ ഒപ്പിട്ട ഒരു മുന്നറിയിപ്പ് 2003 ൽ അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടനയ്ക്ക് കൊടുത്തിരുന്നു. 2016 ആയപ്പോഴേക്കും താക്കീതിൽ ഒപ്പിട്ട ശാസ്ത്രജ്ഞരുടെ എണ്ണം ലക്ഷം കവിഞ്ഞു.

മണ്ണിന്റെ പ്രാധാന്യവും മണ്ണ് നശിച്ചുകൊണ്ടിരിക്കുന്നതിന്റെ തോതും നിരീക്ഷിച്ച് തയ്യാറാക്കിയ ഗവേഷണഫലങ്ങളുടെ റിപ്പോർട്ടിനൊപ്പമായിരുന്നു അത് കൈമാറിയത് അതിൽ മണ്ണിനെ നശിപ്പിക്കുന്ന ഘടകങ്ങളുടെ കാര്യം വിശദമായി പ്രതിപാദിക്കുന്നുണ്ട്.

**മണ്ണിന്റെ പരിപാലനത്തിൽ വർധിച്ചുവരുന്ന വെല്ലുവിളികൾ, മണ്ണിന്റെ ജൈവവൈവിധ്യ നഷ്ടം, അവ നേരിടുന്നതിൽ സർക്കാരുകളുടെയും സംഘടനകളുടെയും പൗരസമൂഹങ്ങളുടെയും വ്യക്തികളുടെയും പങ്ക്, മണ്ണ് സംരക്ഷണത്തിന്റെ പ്രാധാന്യം എന്നിവയെപ്പറ്റി സമൂഹത്തിൽ അവബോധം വളർത്തുന്നതിന് സഹായകമായ പരിപാടികളാണ് ഈ ദിനാചരണത്തിൽ സംഘടിപ്പിക്കുന്നത്**

## രാസകൃഷി, കീടനാശിനി, കളനാശിനികൾ

ഊർജിത കൃഷിക്കായി ഉപയോഗിക്കുന്ന രാസവളങ്ങളും രാസകീടനാശിനികളും കളനാശിനികളും മണ്ണിലെ സൂക്ഷ്മജീവികളെ നാമാവശേഷമാക്കുന്നു. മണ്ണിന്റെ ജൈവികത നഷ്ടപ്പെടുന്നു. അവയുടെ സ്ഥിരമായ ഉപയോഗം മണ്ണിനെ വന്ധ്യം കരിക്കുന്നു. നട്ടാൽ ഒന്നും കരുക്കാത്തരീതിയിൽ അത് എന്നന്നേയ്ക്കുമായി നശിക്കുന്നു.

ഇത് മനസ്സിലാക്കി ഇപ്പോൾ പല വികസിതരാജ്യങ്ങളും തങ്ങളുടെ ഭക്ഷ്യാവശ്യങ്ങൾക്കുള്ള ആഹാരസാധനങ്ങൾ ഉത്പാദിപ്പിക്കുന്നത് ഇപ്പോൾ ജൈവകൃഷിയിലൂടെയാണ്. ഉയർന്ന ഉത്പാദനത്തോതും വർധിച്ച വിളതോതും ഉറപ്പനൽകുന്ന രാസകൃഷിയെ പലരും ഉപേക്ഷിച്ചമട്ടാണ്. എന്നാൽ ഈ രംഗത്തെ വാണിജ്യവത്കരണം ഉയർത്തുന്ന ഭീഷണി സജീവമായിത്തന്നെ നിലനിൽക്കുന്നു.

### മണ്ണെങ്ങനെയുണ്ടായി?

ഇന്നുകാണുന്ന രീതിയിലുള്ള മണ്ണ് രൂപപ്പെടുന്നതിന് ലക്ഷക്കണക്കിന് വർഷങ്ങളെടുത്തിരിക്കാം. ഒരു സെന്റീമീറ്റർ കനത്തിൽ മണ്ണുണ്ടാകാൻ ആയിരം വർഷം വേണമത്രെ! എങ്ങനെയാണ് മണ്ണുണ്ടാകുന്നത്? അനേകം കോടി വർഷം മുമ്പ് ഭൂമി ഉരുകിത്തിളച്ചുകൊണ്ടിരുന്ന ഗോളമായിരുന്നത്രെ! കാലക്രമേണ അത് തണുക്കാൻ തുടങ്ങിയപ്പോൾ പാറകളുണ്ടായി. പാറകൾക്ക് ഭൗതികവും രാസപരവുമായ നിരവധി മാറ്റങ്ങളുണ്ടായി. പ്രകൃതിശക്തികളായ ചൂടും തണുപ്പും കാറ്റും മഞ്ഞും മഴയും ഇടിമിന്നലും ഭൂകമ്പങ്ങളും പാറകളിൽ ക്ഷതമേൽപ്പിച്ചുകൊണ്ടിരുന്നു. ഫലമോ? പാറകൾ സാവധാനം തകർന്ന് പൊടിപൊടിയായി മണ്ണുണ്ടായി. നല്ല മണ്ണുണ്ടാകാൻ ഇതുമാത്രം പോരാ. മണ്ണിൽ വേണ്ടത്ര ജൈവാംശം ചേരണം. വായു കയറണം. അപ്പോൾ മാത്രമേ മണ്ണിന് പാകത വരൂ. ജീവജാലങ്ങളുടെ ഈറ്റില്ലവും പോറ്റില്ലവുമായി അപ്പോഴേ മണ്ണ് മാറിത്തീരൂ. ഇതിനും വേണം ആയിരക്കണക്കിന് വർഷം.





## മണ്ണൊലിപ്പ്, വനനശീകരണം

പ്രകൃതിദത്ത ആവാസവ്യവസ്ഥയെ നശിപ്പിക്കുന്ന ബാഹ്യ ഘടകങ്ങളിൽ ഒന്ന് മണ്ണൊലിപ്പാണ്. അതാണ് മേൽ മണ്ണിന്റെ നാശത്തിന് വഴിയൊരുക്കുന്ന മറ്റൊരു പ്രധാന ഘടകം. ചരിഞ്ഞ ഭൂപ്രകൃതിയുള്ള കേരളത്തിൽ മാത്രം പ്രതിവർഷം ഹെക്ടറിന് ആറ് ടണ്ണോളം മണ്ണാണ് ഒഴുകിപ്പോകുന്നതെന്നത് കണക്കാക്കപ്പെടുന്നു.

ഇത് ദീർഘകാലാടിസ്ഥാനത്തിൽ ഭൂമിയുടെ രൂപത്തിൽ മാറ്റങ്ങൾ വരുത്തുന്നു. ചിലയിടങ്ങളിൽ പ്രകൃതി ദുരന്തങ്ങൾകൊണ്ടും മറ്റു ചിലയിടങ്ങളിൽ വിവേകരഹിതമായ മനുഷ്യപ്രവൃത്തികൾ കാരണവും മണ്ണൊലിപ്പ് ത്വരിതഗതിയിലാവുന്നു.. കടുംകൃഷി, വനനശീകരണം, കൂറ്റൻ കെട്ടിടസമുച്ചയങ്ങളുടെയും കനാലുകളുടെയും റോഡുകളുടെയും നിർമ്മാണം, നഗരപ്രദേശങ്ങളുടെ വിപുലീകരണം, ഊർജിത കന്നുകാലി വളർത്തൽ, ഖനനം മുതലായവ മണ്ണിന്റെ തേയ്മാനവും അപചയവും വേഗത്തിലാക്കുന്നു. ഇത് മണ്ണിന്റെ ശോഷണത്തിനുമാത്രമല്ല, ധാതു-ജൈവവസ്തുക്കളുടെ നഷ്ടത്തിനും കാരണമാകുന്നു.

പരിസ്ഥിതിയുടെ നാശത്തെ അതിജീവിക്കാൻ ജീവജാലങ്ങൾക്ക് കഴിയാത്തതിനാൽ ദശലക്ഷക്കണക്കിന് സസ്യജന്തുജാലങ്ങൾക്കാണ് അവയുടെ ആവാസ വ്യവസ്ഥ നഷ്ടപ്പെട്ടതും വംശനാശത്തിന് വഴിതുറന്നതും.

മണ്ണിനെ സംരക്ഷിക്കുകയും പരിസ്ഥിതിയിലെ ഈർപ്പം നിലനിർത്തുകയും അന്തരീക്ഷത്തിലേക്ക് നീരാവി തിരികെ നൽകുയും ജലശാസ്ത്രചക്രം നിലനിർത്തുകയും ചെയ്യുന്ന മരങ്ങൾ വിവേചനരഹിതമായി വെട്ടിമാറ്റുന്നതുകാരണം കാലാവസ്ഥാ വ്യതിയാനം രൂക്ഷമാവുന്നു. അതുകൊണ്ടുതന്നെ ഹരിതഗൃഹ പ്രഭാവം ക്രമാതീതമായി വർധിക്കുന്നു

## മലയിടിച്ചിൽ

മലഞ്ചരിവുകളിൽകൂടി നിർമിച്ചിട്ടുള്ള റോഡുകളുടെ അരികിൽ മണ്ണിടിച്ചിൽ ഉണ്ടാകുക മഴക്കാലത്ത് സാധാരണയാണ്. നല്ല മരക്കെട്ടില്ലാത്ത ഭാഗങ്ങളിലാണ് ഇത് അധികപക്ഷവും സംഭവിക്കുന്നത്. തുടർച്ചയായി പെയ്യുന്ന മഴ മണ്ണിനെ ജലപൂരിതമാക്കുന്നതിനാൽ ഇടിഞ്ഞു വീഴുന്നു. ഇത്തരം മലയിടിച്ചിൽ മൂലം താമരശ്ശേരിയിൽനിന്നും വയനാട്ടിലേക്കുള്ള റോഡ് ദിവസങ്ങളോളം സഞ്ചാരയോഗ്യമല്ലാതാകുക വർഷകാലത്തു പതിവാണ്. ഇതിനുള്ള പ്രധാന പ്രതിവിധി മലഞ്ചരിവിൽ കൂടിയുള്ള റോഡരികുകൾ സസ്യനിബിഡമാക്കുകയെന്നുള്ളതാണ്. ചില ഭാഗങ്ങളിൽ മണ്ണിനെ നിയന്ത്രിച്ചു നിർത്തുവാൻ വേണ്ടി കൽഭിത്തികളും (റീറ്റെയിനിങ് വോൾ) നിർമിക്കേണ്ടി വരും.

## എങ്ങനെ നേരിടാം ?

മനുഷ്യ പ്രവൃത്തികൾ മൂലമുണ്ടാകുന്ന മണ്ണൊലിപ്പും മണ്ണുനശീകരണവും തടയുന്നതിന് ആദ്യം വേണ്ടത്.

## മണ്ണിനായി ഒരു വർഷം 2015

മണ്ണദിനാചരണത്തിനൊപ്പം 2015 ൽ ഐക്യരാഷ്ട്രസഭയുടെ ആഹ്വാനപ്രകാരം ലോകമെമ്പാടും 'മണ്ണവർഷ'വും ആചരിച്ചു.

മണ്ണിന്റെ പ്രാധാന്യം, ഉപയോഗം എന്നിവയെക്കുറിച്ചും മണ്ണ പരിപാലനത്തെ ക്കുറിച്ചും ജനങ്ങളെ ബോധവല്ക്കരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 'അന്താരാഷ്ട്ര മണ്ണവർഷം' ആചരിച്ചത്. 2014 'അന്താരാഷ്ട്ര കുടുംബകൃഷിവർഷ'മായി ആചരിച്ചതിന്റെ തുടർച്ചയായാണിത്. ലോക ഭക്ഷ്യ കാർഷിക സംഘടന (FAO-UN) ആണിതിന്റെ ചുമതല നിർവ്വഹിച്ചത്.

'ആരോഗ്യമുള്ള മണ്ണ് ആരോഗ്യകരമായ ജീവിതത്തിന്' എന്നതായിരുന്ന ർഷാചരണത്തിന്റെ പ്രമേയം.

മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയെല്ലാം മണ്ണിനെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ആവാസവ്യവസ്ഥയിലെ ഒരു കണ്ണി മാത്രമായ മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലുകൾ ലക്ഷോപലക്ഷം വർഷങ്ങൾ കൊണ്ട് രൂപപ്പെട്ട വന്ന മണ്ണിന്റെ ഘടനതന്നെ മാറ്റിമറിച്ചിരിക്കുന്നു. വനനശീകരണം, അശാസ്ത്രീയമായ കൃഷിരീതികൾ, നഗരവല്ക്കരണം തുടങ്ങിയവ പോഷക സമ്പുഷ്ടമായ മേൽമണ്ണ് ഒലിച്ചു പോകുന്നതിനു കാരണമാകുന്നു. മണ്ണൊലിപ്പ് മണ്ണിന്റെ ഫലഭൂയിഷ്ടത ഇല്ലാതാക്കുന്നു. ജലസംഭരണശേഷി കുറയ്ക്കുന്നു. മണ്ണുകൾ പലതരമുണ്ടെങ്കിലും എല്ലാത്തരം മണ്ണും അവയുടെ ജൈവസമ്പുഷ്ടികൊണ്ട് സവിശേഷതയാർന്നതാണ്. എന്നാൽ ഉയർന്ന വിളവ് ലഭിക്കുന്നതിനായി കൃഷിയിടങ്ങളിൽ അമിതമായി വളം പ്രയോഗിക്കുകയും മണ്ണിലെ സൂക്ഷ്മജീവികൾ നശിച്ചുപോകുകയും തന്മൂലം ഒന്നോ രണ്ടോ കൃഷിക്ക് ശേഷം കൃഷിഭൂമി ഊഷരമായിത്തീരുകയും ചെയ്യുന്നു. ഇത്തരം തരിശു ഭൂമിയിൽ വികസനത്തിന്റെ പേരിൽ ബഹുനില കെട്ടിടങ്ങൾ ഉയർന്നുവരുന്നു. മണ്ണ് ജീവനാണ് എന്നതിൽ നിന്നും മണ്ണ് മറ്റെന്തിനെയും പോലെ വില്പനച്ചരക്കാണ് എന്ന വികല വികസന സങ്കല്പത്തിലേക്ക് നാം ചുരുക്കുന്നു. മണ്ണ്, ജലം, വായു ഇവയെല്ലാം അങ്ങേയറ്റം മലിനീകരിക്കപ്പെട്ടു കഴിഞ്ഞു. പ്രകൃതിക്ക് നാം നല്കുന്ന ആഘാതം കാലവസ്ഥാവ്യതിയാനമായും ആഗോളതാപനമായും വെള്ളപ്പൊക്കമായും തിരിച്ചുകിട്ടിക്കൊണ്ടിരിക്കുകയാണ്. ഈയൊരു ഘട്ടത്തിലാണ് മണ്ണിന്റെ സംരക്ഷണത്തിനായി "അന്താരാഷ്ട്ര മണ്ണവർഷം" ആചരിക്കുവാൻ യു.എൻ. ആഹ്വാനം ചെയ്തത്.

മനുഷ്യരാശിയുടെ നിലനിൽപ്പിനു മണ്ണിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവല്ക്കരിക്കുക, ഭക്ഷ്യസുരക്ഷ, കാലവസ്ഥാവ്യതിയാനത്തെ അതിജീവിക്കൽ, ദാരിദ്ര്യ ലഘൂകരണം എന്നിവയിൽ മണ്ണിന് നല്കാൻ കഴിയുന്ന സംഭാവനകളെക്കുറിച്ചുള്ള അവബോധം, സുസ്ഥിര മണ്ണപരിപാലന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കൽ തുടങ്ങിയവയാണ് മണ്ണവർഷാചരണത്തിലൂടെ യു.എൻ. ലക്ഷ്യമാക്കിയത്.

ഇതു മുൻനിർത്തി ലോകമെമ്പാടുമുള്ള കാർഷിക, പരിസ്ഥിതി സംഘടനകളുടെ നേതൃത്വത്തിൽ തദ്ദേശീയമായി പ്രദർശനങ്ങൾ, ചർച്ചകൾ എന്നിങ്ങനെ പലതും സംഘടിപ്പിക്കുകയുണ്ടായി.



സുസ്ഥിരമായ ഭൂവിനിയോഗരീതി സ്വീകരിക്കുക എന്നതാണ്. കൃഷി- കന്നുകാലികളിലുണ്ടാകുന്ന ആഘാതം കുറയ്ക്കാനും പോഷക നഷ്ടം മൂലം മണ്ണ് നശിക്കുന്നത് തടയാനും ഇത് സഹായിക്കും.

വനപുനരുജ്ജീവനമാണ് മറ്റൊരു ഉപാധി. മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കുന്നത് ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനത്തിനും മണ്ണിന്റെ പരിപാലനത്തിനും സഹായിക്കുന്നു. തുറന്ന സ്ഥലങ്ങളിലും നിർമ്മാണ യന്ത്രങ്ങൾ വിന്യസിച്ചിരിക്കുന്ന സ്ഥലങ്ങളിലും മരം നടീൽ പ്രോത്സാഹിപ്പിക്കുന്നത് മണ്ണിനെയും അതിന്റെ പോഷകങ്ങളെയും സ്ഥിരപ്പെടുത്താൻ സഹായിക്കും.

ഡ്രെയിനേജ് ചാനലുകളുടെ നിർമ്മാണവും പ്രധാനമാണ്. മണ്ണിന് ആഗിരണ ശേഷി കുറഞ്ഞ പ്രദേശങ്ങളിൽ ഉപരിതല ജലം നീക്കം ചെയ്യുന്നതിലൂടെ വെള്ളപ്പൊക്കം തടയാൻ അതു ഉപയോഗപ്പെടും. പ്രത്യേകിച്ച് മഴക്കാലത്ത്. □

*ലേഖകൻ തിരുവനന്തപുരം ഭാരതീയ വിദ്യാഭവൻ കോളേജ് ആന്റ് കമ്യൂണിക്കേഷനിലെ കോഴ്സ് ഡയറക്ടറാണ്.*



# സാമൂഹിക നിയമബോധനം

■ കെ.പി. രാധാകൃഷ്ണൻ നായർ

നമ്മുടെ സമൂഹത്തിലെ അപചയങ്ങളിൽ ഏറ്റവും പ്രധാനം നിയമം അനുസരിക്കാതിരിക്കുക എന്നുള്ളതാണ്. ലോകത്തെ വിവിധ രാജ്യങ്ങളുമായി താരതമ്യപ്പെടുത്തിയാൽ പൊതുവേ അവികസിത രാജ്യങ്ങളിലും വികസിത രാജ്യങ്ങളിലുമാണ് ഇപ്രകാരം നിയമങ്ങൾ അനുസരിക്കാതിരിക്കുന്നതായി കാണുന്നത്. നേരെ മറിച്ച് വികസിത രാജ്യങ്ങളിലെ ജനത പൊതുവേ നിയമബോധമുള്ള വരും നിയമങ്ങൾ അനുസരിക്കുന്നവരും ആയാണ് കണ്ടുവരുന്നത്. യൂറോപ്യൻ രാജ്യങ്ങളും അമേരിക്കൻ രാജ്യങ്ങളും ആസ്ട്രേലിയ, ജപ്പാൻ പോലുള്ള വികസിത രാജ്യങ്ങളും ഇതിനു ഉദാഹരണങ്ങളാണ്. എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നത് ഇന്ത്യയിൽ ശക്തമായ നിയമങ്ങൾ ഇല്ലാത്തതുകൊണ്ടാണോ? അല്ല. ഇന്ത്യയിൽ ശക്തമായ നിയമങ്ങൾ നിലവിലുണ്ട്. നിയമങ്ങൾ അനുസരിക്കാൻ വിമുഖത കാട്ടുന്നതിന് പല കാരണങ്ങളും ഉണ്ട്. ഒന്നാമതായി നിയമബോധം ഇല്ലായ്മയാണ്. നിയമങ്ങൾ കൃത്യമായി അനുസരിക്കുക എന്നത് ഒരു അപക്വമായ കാര്യമായി ചില ആളുകൾ കാണും. ഒരു തിരക്കുള്ള റോഡ് ക്രോസ് ചെയ്യുമ്പോൾ സീബ്ര ക്രോസിംഗ് വഴി പോകാൻ പലർക്കും മടിയാണ് അതുപോലെ ഒരു സിഗ്നൽ പോയിന്റിൽ തിരക്കില്ലെങ്കിൽ പലപ്പോഴും സിഗ്നൽ ലംഘിച്ച് പോവുകയും പെട്ടെന്ന് എതിർശയിൽ നിന്നും വരുന്ന വാഹനവുമായി കൂട്ടിയിടിച്ച് അപകടം ഉണ്ടാവുകയും ചെയ്യുന്നു. അല്ലാത്തപക്ഷം ഇരു യാത്രക്കാരുമായി വാക്ക് തർക്കം ഉണ്ടാവുകയും അടിപിടിയിൽ കലാശിക്കുകയും ചെയ്യുന്നത് പതിവാണ്. നാം കണ്ടുകൊണ്ടിരിക്കുന്ന മറ്റൊരു നിയമലംഘനം മിക്ക വീടുകളിലെയും അഴുക്കുചാലുകൾ പൊതു റോഡിലേക്കോ പഞ്ചായത്ത് റോഡുകളിലേക്കൊ മറ്റ് റോഡുകളിലേക്കോ ഒഴുക്കിവിടുന്നു. അതുമല്ലെങ്കിൽ അടുത്ത വീട്ടുകാരുടെ പറമ്പിലേക്ക് ഒഴുക്കിവിടുന്നു. വീടുകളിലെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ റോഡുകളുടെ സൈഡിലും വനത്തിലും മറ്റും നിക്ഷേപിക്കുന്നു. റിസോർട്ടുകളിലെയും ഹോട്ടലുകളിലെയും കക്കൂസ് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ പൊതു റോഡ് സൈഡിലും വനത്തിലും തോടുകളിലും മറ്റും നിക്ഷേപിക്കുന്ന നിരവധി സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.രണ്ടാമതായി ചില രാഷ്ട്രീയ കക്ഷി നേതാക്കളുടെ അനാവശ്യ ഇടപെടലുകളാണ്. ഉദാഹരണത്തിന് ഒരേ രീതിയിലുള്ള രണ്ടു കേസുകൾ ഉണ്ടാവും, ചില സ്വാധീനമുള്ള ആളുകളുടെ ഇടപെടൽ മൂലം ഒരു കേസിലെ ആൾക്ക് ശരിയായ നീതി ലഭിക്കാതിരിക്കുകയും, ഒരു ഇടപെടലും ഇല്ലാത്ത



കേസിലെ പരാതിക്കാരന് ശരിയായ നീതി ലഭിക്കുകയും ചെയ്യുന്നു. ഇത് ഒരു കൂട്ടർക്ക് നിയമത്തോടുള്ള വിശ്വാസം നഷ്ടപ്പെടുത്തു കയും നിയമം അനുസരിക്കാതിരിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു ഉദാഹരണം പറഞ്ഞാൽ പഞ്ചായത്തിന്റെ അനുമതിയോടുകൂടി രണ്ടുപേർ കട കെട്ടി ടങ്ങൾ നിർമ്മിക്കുന്നു. അതിൽ ഒരാൾ പറഞ്ഞ അളവിൽ നിന്നും റോഡിലേക്ക് കേറ്റി കെട്ടുന്നു. ചില വ്യക്തികളുടെ സ്വാധീ നത്താലോ സാമ്പത്തിക അഴിമതിയാലോ അവരുടെ പ്രവർത്തനം പഞ്ചായത്ത് അധികൃതർ തടയാതിരിക്കുകയും മറ്റൊരാൾ അപ്രകാരം ചെയ്യുമ്പോൾ അത് തടയുകയും നിർമ്മാണങ്ങൾ നിർത്തിവയ്ക്കുകയോ പൊളി ച്ചുമാറ്റിക്കുകയോ ചെയ്താൽ പിന്നീട് ഇതിൽ രണ്ടാമത് പ്രതിപാദിച്ച ആളോ അയാളുടെ മറ്റ് ബന്ധുക്കളോ സുഹൃത്തുക്കളോ നിയമം അനുസരിക്കാതിരിക്കുക സ്വാഭാവികം ആണ്. ഇന്ത്യൻ ഭരണഘടനയിൽ തന്നെ എടുത്തുപറയുന്ന പ്രധാന തത്വം തുല്യ നീതി ഉറപ്പാക്കുക എന്നുള്ളതാണ്. നിയമത്തിന്റെ മുമ്പിൽ എല്ലാവരും തുല്യരായിരിക്കണം. മൂന്നാമതായി ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതിയും പക്ഷപാതവുമാണ്. ഞാനിത് പറയുന്നത് ഉദ്യോഗസ്ഥന്മാർ എല്ലാം അഴി മതിക്കാരാണെന്നല്ല. 10 ജീവനക്കാരുള്ള ഒരു ഓഫീസിൽ ഇപ്രകാരം ഒരാളെങ്കിലും കാണുമെന്ന് ഉറപ്പാണ്. ഒരാളുടെ പ്രവർത്തി ആ ഓഫീസിലെ നല്ലവരായ മറ്റു ഉദ്യോഗ സ്ഥർക്കും കളങ്കം ഉണ്ടാക്കുന്നു. ഉദാഹ രണത്തിന് 45 പേരുള്ള ഒരു പോലീസ് സ്റ്റേഷനിൽ ഒന്നോ രണ്ടോ പോലീസ് ഉദ്യോഗസ്ഥരുടെ അഴിമതിയും സ്വജനപക്ഷ പാതവും കൊണ്ട് ആ സ്റ്റേഷനിലെ മുഴുവൻ പോലീസുകാർക്കും അപമാനം ഉണ്ടാകുന്നു എന്ന് മാത്രമല്ല ഭരിക്കുന്ന ഗവൺമെന്റിനെ തിരെ അതൊരു ആയുധമായി പ്രതിപക്ഷം ഉപയോഗിക്കുന്നു. നിയമവാഴ്ച കളങ്കപ്പെടു ന്നു. ജനങ്ങളുടെ പോലീസിലുള്ള വിശ്വാസം നഷ്ടപ്പെടും. ജനങ്ങൾ നിയമങ്ങൾ അനു സരിക്കാത്തവർ ആയി മാറുന്നു. നമ്മുടെ ജനതയെ എങ്ങനെ നിയമം ബോധമുള്ള വരാക്കി മാറ്റാം. വർഷങ്ങളായി നമ്മുടെ സമൂഹത്തിൽ വേരുന്നിപ്പോയ അപച യങ്ങൾ, നിയമലംഘനങ്ങൾ മുതലായവ ഒരു ദിവസം കൊണ്ട് മാറ്റാൻ സാധിക്കില്ല... നിയമബോധനത്തിലൂടെയും സംശുദ്ധമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെയും അഴിമതി രഹിത ബ്യൂറോക്രസിയിലൂടെയും മാത്രമേ നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള ഒരു നിയമ വാഴ്ച നമ്മുടെ രാജ്യത്ത് സാധ്യമാവുകയുള്ളു. വിദ്യാർത്ഥികളെ വളരെ ചെറുപ്പത്തിൽ തന്നെ നിയമബോധമുള്ളവരും നിയമം അനുസരിക്കുന്നവരുമാക്കി മാറ്റുന്നതിന് വേണ്ടി ചെറിയ ക്ലാസുകൾ മുതൽ പാഠപു സ്തകങ്ങളിൽ ഇക്കാര്യത്തെ സംബന്ധിച്ച് നിയമ ബോധന പാഠങ്ങൾ ഉൾപ്പെടുത്തു കയും അത് പഠിച്ച് ഹൃദിസ്ഥമാക്കുകയും ചെറുപ്പം മുതൽ നിയമം അനുസരിക്കുന്ന പുതു തലമുറയെ വാർത്തെടുക്കുകയും ചെയ്താൽ മാത്രമേ നാം ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളൂ. വിദേശ പഠനത്തിനായി ഇന്ത്യ വിട്ടു പോയിട്ടുള്ള മിക്ക വിദ്യാർഥിക ളും പഠനശേഷം തിരിച്ച് സ്വന്തം നാട്ടിൽ ജോലിചെയ്ത് ജീവിക്കുവാൻ താല്പര്യപ്പെടുന്നി ല്ല. അതിന്റെ പ്രധാന കാരണം ഇവിടത്തെ നിയമവ്യവസ്ഥയുടെ പോരായ്മ തന്നെയാണ് ഒപ്പം ശമ്പളവും ജീവിത നിലവാരവും മറ്റൊരു കാരണമായേക്കാം. എന്തായാലും നമ്മുടെ രാജ്യത്തിന്റെ ഉയർച്ചയ്ക്കും നന്മയ്ക്കും നിയമം അനുസരിക്കുന്നവരായ ഒരു ജനത കൂടിയേ തീരൂ. □

**വിദ്യാർത്ഥികളെ വളരെ ചെറുപ്പത്തിൽ തന്നെ നിയമബോധമുള്ളവരും നിയമം അനുസരിക്കുന്നവരും ആക്കി മാറ്റുന്നതിന് വേണ്ടി ചെറിയ ക്ലാസുകൾ മുതൽ പാഠപുസ്തകങ്ങളിൽ ഇക്കാര്യത്തെ സംബന്ധിച്ച് നിയമ ബോധന പാഠങ്ങൾ ഉൾപ്പെടുത്തുകയും അത് പഠിച്ച് ഹൃദിസ്ഥമാക്കുകയും ചെറുപ്പം മുതൽ നിയമം അനുസരിക്കുന്ന പുതു തലമുറയെ വാർത്തെടുക്കുകയും ചെയ്താൽ മാത്രമേ നാം ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളൂ**

*(ലേഖകൻ അഭിഭാഷകനും, റിട്ടയേർഡ് പോലീസ് ഉദ്യോഗസ്ഥനുമാണ്.)*



ബഹു. പൊതുവിദ്യാഭ്യാസ തൊഴിൽവകുപ്പമന്ത്രി വി.ശിവൻകുട്ടിയിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജാഫർ മാലിക് ഐ.എ.എസ് മൊബൈൽ ഗവേണൻസ് പുരസ്കാരം സ്വീകരിക്കുന്നു.




# പുരസ്കാര തിളക്കത്തിൽ കുടുംബശ്രീ

- മികച്ച വെബ്സൈറ്റിനുള്ള ഇ-ഗവേണൻസ് അവാർഡ്
- കോവിഡ് കാലത്ത് വയോജന സുരക്ഷക്കായി നടപ്പാക്കിയ ഗ്രാൻഡ്കെയർ പദ്ധതിയുടെ ഭാഗമായി മൊബൈൽ വഴി വിവിധ സേവനങ്ങൾ ലഭ്യമാക്കിയതിനുള്ള എം-ഗവേണൻസ് അവാർഡ്

■ ആശ എസ്. പണിക്കർ

കുടുംബശ്രീയുടെ പ്രവർത്തന മികവിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം. മികച്ച വെബ്സൈറ്റിനുള്ള 2019-21 ലെ സംസ്ഥാന സർക്കാരിന്റെഇ-ഗവേണൻസ് അവാർഡും കൂടാതെ കോവിഡ് കാലത്ത് വയോജന സുരക്ഷയ്ക്കായി നടത്തിയ പ്രവർത്തനങ്ങൾക്കുള്ള എം-ഗവേണൻസ് അവാർഡും നേടിക്കൊണ്ടാണ് മികവിന്റെപാതയിൽ കുടുംബശ്രീയുടെ മുന്നേറ്റം.

ഭരണ രംഗത്ത് മികവ് തെളിയിച്ച സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ2018, 2019-20, 2020-21 വർഷങ്ങളിലെ ഇ-ഗവേണൻസ് അവാർഡ് വിതരണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ഇ-സിറ്റിസൺ സർവീസ് ഡെലിവറി വിഭാഗത്തിലെ അവാർഡുകൾ മുഖ്യമന്ത്രി വിതരണം ചെയ്തു. വിദ്യാഭ്യാസ മന്ത്രി വി.ശിവൻ കുട്ടി അധ്യക്ഷത വഹിച്ചു.

കോവിഡ് കാലത്ത് ഗ്രാൻഡ് കെയർ പദ്ധതി വഴി നടപ്പാക്കിയ വയോജന സുരക്ഷാപ്രവർത്തനങ്ങൾക്കുള്ള മൊബൈൽ ഗവേണൻസ് പുരസ്കാരം മന്ത്രി വി.ശിവൻകുട്ടിയിൽ നിന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് ഐ.എ.എസ് സ്റ്റേറ്റ് പ്രോഗ്രാം മാനേജർ നിഷാദ്, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാരായ വിപിൻ വിൽഫ്രഡ്, വിദ്യാ നായർ എന്നിവർ സംയുക്തമായി സ്വീകരിച്ചു.

മികച്ച വെബ്സൈറ്റിനുള്ള 2019-21 ലെ ഇ-ഗവേണൻസ് പുരസ്കാരം മന്ത്രി വി.ശിവൻകുട്ടിയിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക്, പബ്ളിക് റിലേഷൻസ് ഓഫീസർ ഡോ.മൈന ഉമൈബാൻ, ശ്രീബാൽ ബി.എസ്, ആശ. എസ്.പണിക്കർ, ചൈതന്യ ജി, മഞ്ജരി അശോക് എന്നിവരും സംയുക്തമായി സ്വീകരിച്ചു.




*മികച്ച വെബ്സൈറ്റിനുള്ള 2019-21 ലെ ഇ-ഗവേണൻസ് പുരസ്കാരം മന്ത്രി ശ്രീ. വി.ശിവൻകുട്ടിയിൽ നിന്നും എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജാഫർ മാലിക് സ്വീകരിക്കുന്നു.*

## എം ഗവേണൻസ് പുരസ്കാരം നേടിക്കൊടുത്തത് ഗ്രാൻഡ് കെയർ പദ്ധതിവഴി നടപ്പാക്കിയ മാതൃകാ പ്രവർത്തനങ്ങൾ

കോവിഡ് 19 വ്യാപനകാലത്ത് സംസ്ഥാനമൊട്ടാകെയുള്ള വയോജനങ്ങൾക്ക് മികച്ച രീതിയിൽ സുരക്ഷയൊരുക്കുന്നതിനു വേണ്ടി കുടുംബശ്രീ നടപ്പാക്കിയ ഗ്രാൻഡ് കെയർ പദ്ധതിയാണ് എം ഗവേണൻസ് അവാർഡ് നേടിയത്. കോവിഡ് കാലത്ത് സംസ്ഥാനത്തെ വയോജനങ്ങളെ ഒരു മൊബൈൽ ആപ്ലിക്കേഷന്റെസഹായത്തോടെ കുടുംബശ്രീ ശൃംഖലയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ടവരും അംഗൻവാടി വർക്കർമാരും ചേർന്ന് ഫോണിലൂടെ ദിവസവും വിളിക്കുകയും അവരുടെ ആരോഗ്യകാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. കോവിഡ് സംബന്ധമായ ലക്ഷണങ്ങൾ, മരുന്നു വിവരങ്ങൾ, റിവേഴ്സ് ക്വാറന്റൈൻ കൃത്യമായി പാലിക്കുന്നുണ്ടോ, ഭക്ഷണത്തിനുള്ള ബുദ്ധിമുട്ട്, മാനസികാരോഗ്യം തുടങ്ങി വ്യത്യസ്തമായ കാര്യങ്ങൾ ചോദിച്ച് മനസിലാക്കുകയും അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെട്ടതുമായിരുന്നു ഈ പരിപാടി.

ഫോൺ മുഖേന ബന്ധപ്പെടുന്ന വയോജനങ്ങൾക്കോ കുടുംബാംഗങ്ങൾക്കോ കോവിഡ് ലക്ഷണങ്ങൾ ഉണ്ടെങ്കിലോ മരുന്നിന് ബുദ്ധിമുട്ടുണ്ടെങ്കിലോ അക്കാര്യം ആശാ വർക്കർമാരെ അല്ലെങ്കിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അറിയിക്കുന്നു. ഭക്ഷണത്തിന് ബുദ്ധിമുട്ടുണ്ടെങ്കിൽ കുടുംബശ്രീ സി.ഡി.എസിനെയോ അല്ലെങ്കിൽ പഞ്ചായത്തിനെയോ അറിയിച്ച് ആവശ്യക്കാർക്ക് ഭക്ഷണം ലഭ്യമാക്കി. കോവിഡ് പശ്ചാത്തലത്തിൽ മാനസിക ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് കുടുംബശ്രീ സ്നേഹിത മുഖേനയും മറ്റു കമ്മ്യൂണിറ്റി സംവിധാനം മുഖേനയും ടെലി കൗൺസലിങ്ങ് സേവനങ്ങളും ലഭ്യമാക്കുന്നതിന് കുടുംബശ്രീക്ക് സാധിച്ചു. ഇപ്രകാരം ഫലപ്രദമായ റിവേഴ്സ് ക്വാറന്റൈൻ, വയോജനങ്ങൾക്കാവശ്യമായ മരുന്ന്, ഭക്ഷണം, മാനസിക പിന്തുണ എന്നിവ സമയബന്ധിതമായി ലഭ്യമാക്കി. ഇതുവഴി വയോജനങ്ങളുടെ അനാരോഗ്യോവും മരണനിരക്കും കുറയ്ക്കുന്നതിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ 13082 വയോജനങ്ങൾക്കും 2469 കുടുംബാംഗങ്ങൾക്കും കോവിഡ് ലക്ഷണമുള്ളതായി കണ്ടെത്തുകയും അക്കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തു. 82632 വയോജനങ്ങൾക്ക് മരുന്നുകൾ കുറവുള്ളതായി കാണുകയും അത് എത്തിച്ചു കൊടുക്കുന്നതിനും സാധിച്ചു. ഭക്ഷണത്തിന് ബുദ്ധിമുട്ട് നേരിട്ട 9426 വയോജനങ്ങൾക്ക് യഥാസമയം ഭക്ഷണവും എത്തിച്ചു നൽകി. 19933 വയോജനങ്ങൾക്ക് മാനസിക പിന്തുണ നൽകുന്നതിന്റെ ഭാഗമായി ടെലി കൗൺസലിങ്ങ് നൽകുകയും ചെയ്തു. ഇത്രയും വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനങ്ങളെ ഉപയോഗിച്ചു കൊണ്ട് തികഞ്ഞ സേവനസന്നദ്ധതയോടെ സാമൂഹ്യാധിഷ്ഠിത രീതിയിൽ സമയബന്ധിതമായി നടപ്പാക്കിയതാണ് പദ്ധതിക്ക് അവാർഡ് നേടിക്കൊടുത്തത്.

## വിജ്ഞാന ശേഖരമായി കുടുംബശ്രീ വെബ്സൈറ്റ്

അനായാസമായ ഉപയോഗം, മികച്ച രൂപകൽപന, കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കുന്ന ഏറ്റവും പുതിയ വിവരങ്ങൾ, ആഴത്തിലുള്ള വിവരശേഖരം ഇവ മുൻനിർത്തിയാണ് മികച്ച വെബ്സൈറ്റിനുള്ള അവാർഡ് ലഭിച്ചത്. കുടുംബശ്രീയെ സംബന്ധിച്ചുള്ള പൊതുവായ വിവരങ്ങൾ, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ പദ്ധതികൾ, ഓരോ പദ്ധതിയെ സംബന്ധിച്ചുമുള്ള ഏറ്റവും പുതിയ വിവരങ്ങൾ, കോവിഡ്, പ്രളയം എന്നിവയുമായി ബന്ധപ്പെട്ട് കുടുംബശ്രീ മുഖേന ചെയ്ത പ്രവർത്തനങ്ങൾ, വാർത്താ കുറിപ്പുകൾ, പ്രസിദ്ധീകരണങ്ങൾ, വിജയ ഗാഥകൾ, ന്യൂസ് ലെറ്റർ എന്നിവ ഉൾപ്പെടെ കുടുംബശ്രീയെ സംബന്ധിച്ച സമഗ്ര വിവരങ്ങളും ഉൾപ്പെടുത്തി വളരെ വിപുലമായ രീതിയിലാണ് കുടുംബശ്രീ വെബ്സൈറ്റിന്റെ രൂപകൽപ്പന ചെയ്തിട്ടുള്ളത്. കുടുംബശ്രീയെ കുറിച്ച് അറിയാനും പഠിക്കാനും ആഗ്രഹിക്കുന്ന ഏതൊരാൾക്കും ആവശ്യമായ എല്ലാ വിവരങ്ങളും വിരൽത്തുമ്പിൽ ലഭ്യമാകുന്നു. കേരളത്തിലും ഇന്ത്യയിലും വിദേശത്തുമുള്ള വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ, സാമൂഹിക പ്രവർത്തകർ, വിവിധ സന്നദ്ധ സംഘടനകളിലെ അംഗങ്ങൾ, കുടുംബശ്രീക്ക് സമാനമായ രീതിയിൽ മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലുമുള്ള പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർ എന്നിവർ ഉൾപ്പെടെ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവർക്ക് ഏറെ പ്രയോജനകരമാണ് കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റ്. ☐

*(ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ളിക് റിലേഷൻസ് വിഭാഗം എഡിറ്റോറിയൽ അസിസ്റ്റന്റാണ്)*



# ലോകം അപകടങ്ങളുടെ നടുവിലോ?

## ലോക അപകട റിപ്പോർട്ട് 2023 വേൾഡ് റിസ്ക് റിപ്പോർട്ട് പുറത്തുവന്നു

ലോക സാമ്പത്തിക ഫോറത്തിന്റെ 2023 ലെ ലോക അപകട റിപ്പോർട്ട് (വേൾഡ് റിസ്ക് റിപ്പോർട്ട് ) പുറത്തുവന്ന് ഒരു മാസം പിന്നിടുമ്പോൾ റിപ്പോർട്ടിൽ സൂചിപ്പിക്കപ്പെട്ട കാര്യങ്ങൾ ലോകത്ത് വലിയ രീതിയിൽ സംഭവിക്കുന്നു എന്ന് തുർക്കി, സിറിയ എന്നി രാജ്യങ്ങളിൽ വൻ നാശം വിതച്ച ഭൂകമ്പം സാക്ഷ്യപ്പെടുത്തുന്നു. പ്രകൃതി ദുരന്തങ്ങളും അതിതീവ്രമായ കാലാവസ്ഥയും ലോകം നേരിടാൻ പോകുന്ന വലിയ പ്രശ്നങ്ങളാണെന്ന് റിപ്പോർട്ട് എടുത്ത് പറയുന്നു. മനുഷ്യരാശിയുടെ ഉദയത്തിനു ശേഷം ആവാസവ്യവസ്ഥക്കും ജൈവസമ്പത്തിനും ഇത്രയേറെ പരിക്കുപറ്റിയ കാലഘട്ടം ലോകത്ത് ഉണ്ടായിട്ടില്ല എന്ന് റിപ്പോർട്ട് ഉദ്ഘോഷിക്കുന്നു. ഒരു ചെറിയ ഇടപെടൽ കൊണ്ട് മാത്രം പരിഹരിക്കപ്പെടാൻ കഴിയുന്നതിലപ്പുറം ദീർഘകാല ഇടപെടലാണ് ലോക രാജ്യങ്ങളിൽ നിന്ന് ഉണ്ടാകേണ്ടത് എന്ന് റിപ്പോർട്ട് നിർദ്ദേശിക്കുന്നു. റഷ്യ -ഉക്രൈൻ യുദ്ധം യൂറോപ്പിൽ വലിയ രീതിയിൽ അസമത്വം ഉണ്ടാക്കിയിട്ടുണ്ടെന്ന് പതിനെട്ടാമത് എഡിഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നു. എളുപ്പം മാറുന്ന പ്രശ്നങ്ങളല്ല ലോകത്ത് ഇന്ന് സംജാതമായിട്ടുള്ളത്, ആരോഗ്യരംഗത്തുള്ള വെല്ലുവിളികളും, കാർബൺ ബഹിർഗമനം ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും, ഭക്ഷണം ഊർജ്ജം എന്നിവക്ക് വലിയ വില നൽകേണ്ടി വരുന്നതും രൂക്ഷമായ പ്രശ്നങ്ങളാണ്. ലോകം നിലനിൽപ്പിനു വേണ്ടി പ്രയാസപ്പെടുന്നു, ദ്രുവോൻമുഖമായ സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങളും, ജീവിത ചെലവ് വർധനവും ലോകത്തെ പിടിച്ചു കുലുക്കുന്നു. രാജ്യങ്ങളിൽ വളർച്ച രേഖപ്പെടുത്തുന്നുവെങ്കിലും വികസനം എല്ലാ വിഭാഗങ്ങളിലും അനുഭവവേദ്യമാകുന്നില്ല.

2023 തുടങ്ങിയപ്പോൾ തന്നെ പഴയ കാലത്ത് രാജ്യങ്ങളെ പിടിച്ചു കുലുക്കിയ പണപ്പെരുപ്പം, ഉയർന്ന ജീവിത ചെലവ്, വ്യാപാരയുദ്ധങ്ങൾ, മൂലധനത്തിന്റെ പുറത്തേക്കുള്ള ഒഴുക്ക്, സാമൂഹിക അസന്തുലിതാവസ്ഥ, ആണവയുദ്ധ സാധ്യത എന്നിവയെല്ലാം വിവിധ രാജ്യങ്ങളിൽ തിരിച്ചു വന്നിരിക്കുന്നു. 30 വർഷം മുമ്പ് ആരംഭിച്ച ചർച്ചകളുടെയും യോഗങ്ങളുടെയും തീരുമാനപ്രകാരം ആഗോളതാപനില വർധന വർഷത്തിൽ 1.5 ഡിഗ്രിയിൽ താഴെ എത്തിക്കുക എന്നത് ദിവാസ്വപ്നമായി മാറി ചൂട് അനിയന്ത്രിതമായി വർധിക്കുകയും അത് 2.7 ഡിഗ്രിയിൽ എത്തുമെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

സാമ്പത്തിക രംഗത്ത് പുഷ്കലകാലം കഴിഞ്ഞിരിക്കുന്നു ഇനിമുതൽ കൈപ്പേറിയ സാമ്പത്തിക ഇടനാഴിയിലൂടെയാണ് ലോകം സഞ്ചരിക്കേണ്ടി വരിക എന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. സാമ്പത്തിക രംഗം നിശ്ചലാവസ്ഥയിലും വ്യത്യസ്ത ദിശകളിൽ സഞ്ചരിക്കുന്നതും ക്ലേശിപ്പിക്കുന്നതുമായിരിക്കും എന്ന് റിപ്പോർട്ട് ഉദാഹരണസഹിതം വിവരിക്കുന്നു. ലോകത്ത് അനുദിനം വളർന്നുവരുന്ന സാങ്കേതികവിദ്യ അസമത്വത്തിന് കാരണമാകുന്നതോടൊപ്പം സൈബർ സുരക്ഷാ വലിയ വെല്ലുവിളിയായി ലോകത്ത് മാറിക്കൊണ്ടിരിക്കുന്നു. സ്ഥിരം ജോലിക്കാർക്ക് അടക്കം എല്ലാ വിഭാഗം ജോലിക്കാരെയും പിടിച്ചു കുലുക്കുന്ന സാമ്പത്തിക രംഗത്തെ വേതാളങ്ങളുടെ തേർ വാഴ്ചയാണ് ലോകത്ത് നടക്കുന്നത്. വ്യക്തിഗത വിവരങ്ങൾ സംരക്ഷിക്കാൻ

പൗരന്മാർ പെടാപ്പാട് പെടുമ്പോൾ വൻകിട ഭീമന്മാർ സാമൂഹ്യമാധ്യമങ്ങളിലൂടെ വിവരങ്ങൾ ചോർത്തി ഉപഭോക്താവിന്റെ മനസ്സറിഞ്ഞ് കച്ചവടം പൊടിപൊടിപ്പിക്കുന്നു.

വലിയ പാരിസ്ഥിതിക ദുരന്തങ്ങൾ ലോകത്ത് മനുഷ്യരാശിയെ വേട്ടയാടി ക്കൊണ്ടിരിക്കുന്നു. നിലനിൽപിനുവേണ്ടി ഗത്യന്തരമില്ലാതെ ജനങ്ങൾ സ്വന്തമായ സ്ഥാവര ജംഗമ വസ്തുക്കൾ പണയം വയ്ക്കുവാൻ തുടങ്ങിയിരിക്കുന്നു ലോകത്ത് കഴിഞ്ഞവർഷം പണയം വെച്ച ജനങ്ങളെക്കാൾ 35% ജനങ്ങൾ കൂടുതലായിട്ട് കട കെണിയിലായിരിക്കുന്നു. ഭക്ഷണത്തിനു ഊർജ്ജത്തിനും പാർപ്പിടത്തിനും വേണ്ടി ജനങ്ങൾ ഉയർന്ന തുക നൽകേണ്ടി വരുന്നത് അപകട സാധ്യതയായി റിപ്പോർട്ട് കണക്കാക്കുന്നു. ലോകത്ത് 92 രാജ്യങ്ങളിൽ ഇന്ധന വില വർദ്ധനവിനെതിരെ ഭരണകൂടങ്ങളെ പിടിച്ചു കുലുക്കുന്ന പ്രക്ഷോഭങ്ങൾ നടന്നു. സോമാലിയ, സുഡാൻ, സൗത്ത് സുഡാൻ, സിറിയ, ടുണീഷ്യ, ഗാന, പാകിസ്ഥാൻ, ഈജിപ്റ്റ് ലബനൻ എന്നീ രാജ്യങ്ങളിൽ ഭക്ഷ്യ ക്ഷാമം അടക്കമുള്ള വലിയ പ്രയാസങ്ങൾ ജനങ്ങൾ നേരിടുന്നുണ്ട് എന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. നെതർലാൻഡിൽ വെള്ളം കിട്ടാതെ ജനങ്ങൾ തെരുവിലിറങ്ങി, അമേരിക്കയിലും ബ്രസീലിലും വലിയ രീതിയിൽ സൂക്ഷ്മജീവികൾ അപ്രത്യക്ഷമാകുന്നു. സേവനമേഖലയിൽ ഭക്ഷ്യവിതരണ ശൃംഖല 34 രാജ്യങ്ങളിൽ പ്രതിസന്ധി നേരിടുന്നു. രാജ്യങ്ങൾ പലിശ ഉയർത്തിയതോടെ ചെറുകിട സംരംഭകർ വലിയ ദുരിതത്തിലായി. വൻകിട സമ്പത്ത് വ്യവസ്ഥകളിലടക്കം മുതൽമുടക്കുന്നവർ നിക്ഷേപങ്ങൾ പിൻവലിച്ചു തുടങ്ങിയിരിക്കുന്നു 2022 ഒക്ടോബറിൽ മാത്രം ലോകത്ത് 7000 കോടി യുഎസ് ഡോളർ പിൻവലിക്കപ്പെട്ടു.

അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡ്, മീഥയിൻ, നൈട്രസ് ഓക്സൈഡ് എന്നിവ അടിക്കടി കൂടിവരുന്നത് നാളിതുവരെ ഈ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ വിജയത്തിലേക്ക് എത്തിയിട്ടില്ല എന്നതിന്റെ ദൃഷ്ടാന്തമാണ്. ലോകത്ത് വിവിധ ദുരന്തങ്ങൾ ഉണ്ടായാലും സാമ്പത്തികമായ പ്രശ്നങ്ങൾ നേരിട്ടാലും 31%ജനങ്ങൾക്ക് മാത്രമേ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നുള്ളൂ.

ആരോഗ്യരംഗം വലിയ രീതിയിൽ വെല്ലുവിളി നേരിടുന്നു എന്ന് റിപ്പോർട്ട് പറയുന്നതോടൊപ്പം 2030 നുള്ളിൽ 15 ദശലക്ഷം ആരോഗ്യ പ്രവർത്തകരുടെ കുറവ് ലോകത്തുണ്ടാകുമെന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു. അമേരിക്ക ആഭ്യന്തര ഉൽപാദനത്തിന്റെ 20% ആരോഗ്യ രംഗത്ത് ചെലവ് ചെയ്യുന്നുണ്ടെങ്കിൽ ഇന്ത്യ 2.5% മാത്രമാണ് ചെലവിടുന്നത് ഇത് വിവിധ രാജ്യങ്ങളിലെ ആരോഗ്യ മേഖലയിലെ അസമത്വത്തിന് കാരണമാകുന്നു.

ലോകത്ത് ആയുധ കച്ചവടം തകൃതിയായി നടക്കുന്നു, ആയുധ കച്ചവടത്തിന്റെ 80% നടത്തുന്നത് അമേരിക്കയും യൂറോപ്പിലെ വിവിധ രാജ്യങ്ങളുമാണ്. രാജ്യങ്ങൾ കടം വാങ്ങുന്നതിന് വേണ്ടി മത്സരിക്കുകയും കടത്തിന്റെ വളർച്ച 112 %ആയി വർധിക്കുകയും ചെയ്തിരിക്കുന്നു. കടം തിരിച്ചടവ് വലിയ പ്രശ്നമാണ് എന്ന് ശ്രീലങ്കയുടെ അവസ്ഥ കണ്ടാൽ മനസിലാകും. കടബാധ്യത കാരണം ശ്രീലങ്ക, എൽസാൽവഡോർ, പാകിസ്ഥാൻ, ഈജിപ്റ്റ്, ലെബനോൻ എന്നീ രാജ്യങ്ങളിൽ വലിയ പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത്.

ലോകം അതീവ ദുർഘടാവാസ്ഥയിലൂടെ കടന്നു പോകുമ്പോഴും വളർച്ചയില്ലാതെ മുതൽമുടക്ക് കുറഞ്ഞരീതിയിൽ രാജ്യങ്ങൾ തമ്മിൽ സഹകരണമില്ലാത്ത കാലഘട്ടത്തിലൂടെയാണ് ലോകം നടന്നുപോകുന്നത്. ഇത് ഭാവിയിലെ അപായ സാധ്യത വർധിപ്പിക്കുമെന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ഡിജിറ്റൽ വിഭജനം, സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങൾ, വിഭവങ്ങളുടെ അപര്യാപ്തത ,ഉയർന്ന ജീവിത ചെലവ്, കടക്കെണിയിലാകുന്ന സാഹചര്യം, പ്രകൃതിദുരന്തങ്ങൾ, അതിതീവ്ര കാലാവസ്ഥ എന്നിങ്ങനെ വലിയ പ്രശ്നങ്ങൾ അപകട സാധ്യതയായി നിലനിൽക്കുന്നു എന്ന് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

ഇഷ്ടമില്ലാതെ നിർബന്ധിതമായിസ്വന്തം രാജ്യങ്ങളിൽ നിന്ന് പാലായനം ചെയ്യേണ്ടി വരുന്ന ജനങ്ങളുടെ അവസ്ഥയും റിപ്പോർട്ടിൽ വിവരിക്കുന്നു, കൂടുതൽ സ്വകാര്യ പങ്കാളിത്തം വികസന മേഖലയിലേക്ക് ആവശ്യമായി വരുന്നത് രാജ്യങ്ങളുടെ സാമ്പത്തിക മേഖലയിൽ സ്വകാര്യ വ്യക്തികളുടെ കടന്നുകയറ്റത്തിന് കാരണമാകുന്നതായി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

രാജ്യങ്ങളെ നെഗറ്റീവായി ബാധിക്കുകയും അത് ആഭ്യന്തര ഉൽപാദനത്തെയും ജനങ്ങളെയും പ്രകൃതിയേയും ബാധിക്കുന്ന രീതിയിൽ വളരുകയാണെങ്കിൽ അതിനെയാണ് ആഗോള അപായം എന്ന് സൂചിപ്പിക്കുന്നത്. കൂടാതെ ലോകത്ത് പോളി ക്രൈസിസ് പ്രതിസന്ധിയും ഉണ്ടാകുന്നു എന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

ഒരു പ്രശ്നം ഗൗരവമുള്ള സംഗതിയായി മാറുകയും അത് ആ രാജ്യത്തിന്റെ കഴിവിനെ വെല്ലുവിളിക്കുകയും അസ്തിത്വത്തെ ചോദ്യം ചെയ്യുമ്പോഴാണ് പോളി ക്രൈസിസ് ആയി പ്രശ്നങ്ങൾ മാറുന്നത് ഇങ്ങനെ പോളി ക്രൈസിസ് ആയി നിരവധി പ്രശ്നങ്ങൾ വിവിധ രാജ്യങ്ങൾ നേരിടുന്നതായി ഉദാഹരണസഹിതം റിപ്പോർട്ട് സംവദിക്കുന്നു.

1990 ൽ ഫ്രഞ്ച് ചിന്തകനായ ഹെഡ്കാർ മോറിൻ ആണ് പോളി ക്രൈസിസ് എന്ന പദം ആദ്യമായി ഉപയോഗിച്ചത്. പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണം നിലവിലുള്ള ജനങ്ങൾക്ക് വിഭവങ്ങൾ ലഭ്യമാകാത്ത അവസ്ഥ സംജാതമാകുന്നു. വെള്ളം, ലോഹങ്ങൾ, ധാതുക്കൾ എന്നിവ ഭൂമിയിൽ കുറഞ്ഞു വരുന്നതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. കഴിഞ്ഞ 17 റിപ്പോർട്ടുകളിലും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ കണ്ടുവരുന്ന അപകടസാധ്യതകളെക്കുറിച്ച് സൂചിപ്പിക്കുന്നുവെങ്കിലും ഇത് പരിശോധിച്ച് പരിഹരിക്കുവാനുള്ള വലിയ രീതിയിലുള്ള ഇടപെടലുകൾ രാജ്യങ്ങളിൽ ഉണ്ടാവുന്നില്ല എന്നത് റിപ്പോർട്ട് സൂചിപ്പിക്കുന്നു.

ലോകത്ത് അനിയന്ത്രിതമായി ഉപയോഗിക്കപ്പെടുന്ന ഇന്റർനെറ്റ് അന്തരീക്ഷത്തിൽ 3.8%കാർബൺ ഡൈ ഓക്സൈഡ് ആണ് നിലവിൽ പുറത്ത് വിടുന്നത് എങ്കിൽ ഇത് ഭാവിയിൽ വർധിക്കാൻ സാധ്യതയുണ്ട് എന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു നിലവിൽ വൈദ്യുതി ഉപയോഗം അന്തരീക്ഷത്തിൽ കാർബൺഡയോക്സൈഡ് 7% ആണ് ഉണ്ടാക്കുന്നതെങ്കിൽ ഇതും ഭാവിയിൽ വർധിക്കാൻ സാധ്യതയുണ്ട് എന്ന് റിപ്പോർട്ട് മുന്നറിയിപ്പ് നൽകുന്നു.

അനിയന്ത്രിതമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപഭോഗം ലോകത്ത് വലിയ വെല്ലുവിളി ഉണ്ടാക്കുന്നു എന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു നിലവിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ 17.3% മാത്രമാണ് പുനചക്രമണം ചെയ്യുന്നത്.

ലോകത്ത് 345 ദശലക്ഷം ജനങ്ങൾ 82 രാജ്യങ്ങളിലായി വലിയ രീതിയിൽ കടുത്ത ഭക്ഷ്യ ക്ഷാമം നേരിടുന്നു എന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

മനുഷ്യാവകാശത്തിന്റെ ആഗോള പ്രഖ്യാപനം നടത്തിയതിന്റെ 75ആം വാർഷികം ആഘോഷിക്കുന്ന ലോകത്ത് വാക്സിൻ വിതരണം അടക്കമുള്ള കാര്യത്തിൽ ഉണ്ടായ രാജ്യങ്ങൾ തമ്മിലുള്ള വിവേചനങ്ങൾ ഭാവിയിലും തുടർ കഥയാകുമെന്ന് റിപ്പോർട്ട് വായിച്ചാൽ മനസ്സിലാകുന്നതാണ്. □


മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്

# പാട്ടുകൾ
## നാടനും വടക്കനും തെക്കനും

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ

ഏതൊരു സാഹിത്യത്തിന്റെയും അടിത്തറ നാടോടി സാഹിത്യമാണ്. നാടൻപാട്ടുകൾ, നാടോടിക്കഥകൾ, നാടോടി നാടകങ്ങൾ, കഥാഗാനങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, കടങ്കവിതകൾ തുടങ്ങി നാടോടി സാഹിത്യത്തിലുൾപ്പെടുന്നതെല്ലാം അജ്ഞാതകർത്തൃകമാണ്. നാടൻപാട്ട് എന്ന പേര് പറഞ്ഞ് ആധുനികകാലത്ത് എഴുതിപ്പാടുന്നവ നാടൻപാട്ടുകളല്ല. പ്രാചീന ജനജീവിതത്തിന്റെ കണ്ണാടികളാണ് നാടൻപാട്ടുകൾ. കൃഷി, പൂജ, പ്രേമം, ദു:ഖം, സന്തോഷം, വിനോദം, വേദാന്തം, വിവാഹം, യുദ്ധം, സ്വപ്നം, ഉത്സവം, വൈദ്യം എന്നിങ്ങനെ എല്ലാ വിഷയങ്ങളും നാടോടിപ്പാട്ടുകളുടെ പ്രമേയമാകുന്നു. അതുകൊണ്ടുതന്നെ നാടൻപാട്ടുകളുടെ ഏതുതരത്തിലുള്ള വിഭജനവും, അപൂർണ്ണമാണ്. ഇടനാടൻ പാട്ടുകൾ, വടക്കൻ പാട്ടുകൾ, തെക്കൻ പാട്ടുകൾ എന്ന വിഭജനവും അതുകൊണ്ടുതന്നെ അപൂർണ്ണമാണ്. കൃഷിപ്പാട്ടുകൾ, വള്ളപ്പാട്ടുകൾ, കളിപ്പാട്ടുകൾ, എന്നിങ്ങനെയും സാമൂഹിക ഗാനങ്ങൾ, അനുഷ്ഠാനഗീതങ്ങൾ, വീരചരിതങ്ങൾ എന്നിങ്ങനെയും വിഭജിക്കാം.

"വൃത്തവ്യവസ്ഥയില്ലക്ഷരവ്യക്തിയി-
ല്ലർത്ഥോപപത്തിയില്ലെന്നാകിലും
ആരാരെക്കോൾമയിർക്കൊള്ളിക്കില്ലിഗ്ഗീത-
മാരോമൽപ്പൈങ്കിളിക്കൊഞ്ചൽ പോലെ"





എന്ന് മഹാകവി വള്ളത്തോൾ പറയുന്നുണ്ട്. വാമൊഴിയിലൂടെ തലമുറ പകർന്നു വന്ന ഈ നാടൻചൈതന്യധാര നമ്മുടെ സാംസ്കാരിക സമ്പത്താണ്.

നാടൻ പാട്ടുകളെ താരാട്ടുപാട്ടുകൾ, കളിപ്പാട്ടുകൾ, ആരാധനാ ഗാനങ്ങൾ, പ്രേമഗാനങ്ങൾ, തൊഴിൽപാട്ടുകൾ, വിലാപഗാനങ്ങൾ എന്നിങ്ങനെയും വിഭജിക്കാറുണ്ട്. ചില ദൃഷ്ടാന്തങ്ങൾ നോക്കാം.

ഒരു താരാട്ടുപാട്ട്

കരിപ്പരുന്തേ! കുട്ടിപ്പരുന്തേ!
കഞ്ഞീനേം തട്ടീണ്ടു പോ പരുന്തേ!
കുഞ്ഞിപ്പശുവേ, കുഞ്ഞിപ്പശുവേ
കുഞ്ഞിനു പാലുകൊണ്ടാ പശുവേ!
താലോലം കുട്ടീ, താലോം കുട്ടീ
താലത്തിൽ പാലു കുടിച്ചോ കുട്ടീ

കുട്ടികളുടെ കളിപ്പാട്ടുകളും നിരവധിയുണ്ട് മാണിക്കക്കളിപ്പാട്ടിൽ നിന്ന്

ആരെ കൈയിലാരെ കൈയിലോ
മാണിക്കച്ചെമ്പഴുങ്ങ
എന്റെ വലം കൈയിലോ
മാണിക്കച്ചെമ്പഴുങ്ങ

ഇങ്ങനെ ആരംഭിക്കുന്ന ദീർഘമായ പാട്ടാണിത്. ആരാധനാ ഗാനങ്ങൾ പലവിധമുണ്ട്. വാഴ്ത്തുപാട്ടുകൾ എന്നുള്ളതും ഈ വിഭാഗത്തിൽപ്പെടും. ഹരി: ശ്രീ ഗണപതയേ നമ: എന്ന പേരിലുള്ള പാട്ടിൽ നിന്ന്.

'ഹരി'യെന്നേ മുതലായ
അരി നാരായണൻ വാഴ്ക
'ശ്രീ'യെന്നേ മുതലായ
മൂർത്തികൾ മൂവർ വാഴ്ക

എന്നിങ്ങനെ തുടങ്ങി പാട്ടു തീരുമ്പോൾ ഗുരുവിനെ വാഴ്ത്തുന്നു.

ഇനിക്കു വിദ്യ ബോധിപ്പിച്ച ഗുരുവിനുടെ തന്നൊരു

ശ്രീപാദം തുണയടി വാഴ്ക ദൈവമേ!

തോറ്റം പാട്ട്, ബ്രാഹ്മണപ്പാട്ട്, ഭദ്രകാളിപ്പാട്ട്, പടയണിപ്പാട്ട് തുടങ്ങി നിരവധിയുണ്ട് ആരാധനാ ഗാനങ്ങൾ. പടയണിപ്പാട്ടിലെ പിശാച്ച കോലം ഇങ്ങനെ തുടങ്ങുന്നു:

ഒന്നാം ഞറുക്കിലെ ചോറിങ്കൽ വരിക
ഒരു നൂറു കോടീലെ ഭൂതപിശാചെ
ഒന്നേ കളം ഒന്നേ തിരി
ഒന്നരക്കോടി ബലിയുണ്ടു പോക

പടയണിയിലെ പരദേശിയുടെ പാട്ടിൽ നിന്ന്:

എച്ചിലെച്ചിലെച്ചിലെങ്കിൽ
പിറന്ത പൂമിയുമെച്ചില്
പിറന്ത പൂമിയുമെച്ചില്ലെങ്കിൽ
നടന്ത പൂമിയുമെച്ചില്
നടന്ത പൂമിയുമെച്ചില്ലെങ്കിൽ
കറന്ത പാലുമെച്ചില്
കറന്ത പാലുമെച്ചിലെങ്കിൽ
പിറന്ത പിള്ളയുമെച്ചില്
പിറന്ത പിള്ളയുമെച്ചിലെങ്കിൽ
വായിലെ എച്ചില് പോകുമോ?

വിനോദഗാനങ്ങളാണ് ഇനിയൊരു വക. സ്ത്രീകൾക്കുമാത്രമുള്ളവ, പുരുഷന്മാർക്കു മാത്രമുള്ളവ, ഇരുകൂട്ടർക്കും കൂടിയുള്ളവ ഇങ്ങനെ ഇവയെ വിഭജിക്കാം.

സ്ത്രീകളുടെ ഓണപ്പാട്ടിൽ നിന്ന്

ഊഞ്ഞാലേ മക്കാണി
ഉരിയനെല്ലേ പാച്ചോറേ
ഉണ്ണുണ്ടെ ഇരിക്കുമ്പം
ഓണം വന്നു മുട്ടട്ടെ

തുമ്പിപ്പാട്ട്, തിരുവാതിരപ്പാട്ട്, താലോലം പാട്ട്, കോൽക്കളിപ്പാട്ട്, പന്തടിപ്പാട്ട് തുടങ്ങി അനവധി പാട്ടുകളുണ്ട് സ്ത്രീകൾക്ക്. പുരുഷന്മാരുടെ കളിപ്പാട്ടുകളിൽ വഞ്ചിപ്പാട്ടുകൾക്കു പ്രമുഖസ്ഥാനമുണ്ട്.

റാകിപ്പറക്കുന്ന ചെമ്പരുന്തേ
നീയുണ്ടോ മാമാങ്ക വേല കണ്ടു
വേലയും കണ്ടു വിളക്കും കണ്ടു
കടലിത്തിര കണ്ടു കപ്പൽ കണ്ടു

എന്നതും

അൻപനക്കും ഏലേലം
അൻപനെടീ - ഏലലലാം.
അൻപനക്കും - അൻപനെടീ
ഏലേലം - ഏലലലലാം

എന്നതും വഞ്ചിപ്പാട്ടുകളിൽപ്പെടുന്നു പ്രേമഗാനങ്ങൾക്കൊരുദാഹരണം

ചീമിത്തിരുകിയ പീലിത്തലമുടി
എങ്ങനളിഞ്ഞിതെടീ കുറത്തീ?
ഇല്ലില്ലം കാവിലൊരില്ലിക്കു
പോയപ്പോൾ
മുള്ളാലലിഞ്ഞിതെടാ കുറവാ
(കുറത്തിപ്പാട്ട്)

കൃഷിപ്പാട്ടുകൾ തൊഴിൽപ്പാട്ടുകളിൽപ്പെടുന്നു.

പുഞ്ചപ്പാടത്തെ പൂങ്കുയിലേ
പുന്നാരപ്പാട്ടൊന്നു പാടാമോ
എന്നാരംഭിക്കുന്ന കൊയ്ത്തുപാട്ട്
കല്ലേലിരിക്കുന്ന കല്ലോരി ഞണ്ടേ
കല്ലേന്നൊട്ടപ്പുറം മാറീരീ ഞണ്ടേ

എന്നാരംഭിക്കുന്ന ഉഴവുപാട്ട് തുടങ്ങി ഒട്ടേറെയുണ്ട് കൃഷിപ്പാട്ടുകൾ. വിലാപഗാനങ്ങൾക്കൊരു മാതൃകയാണ്! ചെറുമരുടെ ഗാനം.

അമ്മ മരിച്ചപ്പോൾ മക്കൾ വിലപിക്കുന്നു.

ഓമനക്കുഞ്ഞിത്തായീ എന്റെ
ഓമനക്കുഞ്ഞിത്തായി
മാമ്മി പത്തുമാതോം എടുത്ത
നാങ്ങളെപ്പെറ്റു പോറ്റിയതായീ

ഇക്കൂട്ടത്തിലൊന്നും പെടാത്ത നാടൻ പാട്ടുകൾനിരവധിയുണ്ട്. ഒരു വേദാന്തപ്പാട്ട്:

മൂലക്കിഴങ്ങിനു മൂന്നല്ലോ വള്ളി
മൂലത്തിലൊക്കെപ്പടർന്നുള്ള വള്ളി
ജ്ഞാനക്കിഴങ്ങിനു നാലല്ലോ വള്ളി
ജ്ഞാനത്തിലൊക്കെപ്പർന്നുള്ള വള്ളി

എന്നിങ്ങനെ നീളുന്നു ആ പാട്ട്

ഉത്തരകേരളത്തിലുണ്ടായി കേരളത്തിലുടനീളം പ്രചാരം സംഭവിച്ചവയാണ് വടക്കൻ പാട്ടുകൾ. വടക്കൻ പാട്ടുകൾ എല്ലാം വീരകഥകളല്ല. നാട്ടിപ്പാട്ട്, പൊരിപ്പാട്ട്, കളപ്പാട്ട്, ദിവ്യകഥാപ്പാട്ടുകൾ തുടങ്ങി ഒട്ടേറെ വിഭാഗങ്ങൾ വടക്കൻ പാട്ടുകളിലുണ്ട്. വീരാപദാന പ്രധാനങ്ങളായ പാട്ടുകളാണ് പുത്തൂരം പാട്ടുകൾ, തച്ചോളിപ്പാട്ടുകൾ തുടങ്ങിയവ. പുത്തൂരം വീട്ടിൽ ആരോമൽച്ചേകവർ, അദ്ദേഹത്തിന്റെ സഹോദരി ആറ്റുമണമേൽ ഉണ്ണിയാർച്ച, ഉണ്ണിയാർച്ചയുടെ മകൻ ആരോമലുണ്ണി, തച്ചോളി ഒതേനൻ, തച്ചോളിച്ചന്തു തുടങ്ങിയ കഥാപാത്രങ്ങൾ വിഖ്യാതമാണ്.

തച്ചോളിപ്പാട്ടിലെ ഒരു ഭാഗം:

ഈ വകപ്പെണ്ണുങ്ങൾ ഭൂമിലുണ്ടോ
മാനത്തുന്നെങ്ങാനം പൊട്ടിവീണോ
ഭൂമീന്നു തനിയെ മുളച്ചു വന്നോ
എന്തു നിറമെന്നു ചൊല്ലേണ്ടു ഞാൻ!

കന്നിമാരെക്കുറിച്ചുള്ള പാട്ടുകളിൽ നിന്ന്

മൂഴക്ക് എണ്ണ മുടി തിരുമ്മി
ആഴക്ക് എണ്ണ തലയ്ക്കു ചാർത്തി
കന്നി കളിക്കാനായ് പൊയ്ക്കോളുന്ന്
താളിക്കല്ലറിയിരുന്നു കന്നി

നർമ്മരസം തുളുമ്പുന്ന ഭാഗങ്ങൾ നിരവധിയുണ്ട് പാട്ടുകളിൽ:

ഏറുമ്പാല കുഞ്ഞാതി കല്യാണം കഴിക്കാൻ വരുന്ന തമ്പുരാനെപ്പറ്റി പറയുന്നു.

വെളിങ്ങപോലത്തെ കണ്ണങ്ങോർക്ക്
കുമ്പളങ്ങപോലെ നരച്ചിനോറ്
കുട്ടവം പോലെ വയറുങ്ങോർക്ക്
കക്കിരിക്കപോലെ മുളഞ്ഞിനേറ്

വടക്കൻ പാട്ടുകളിൽ നിരവധി കൃഷിപ്പാട്ടുകളുമുണ്ട്.



തിരുവനന്തപുരത്തും അതിന് തെക്കും മാത്രം പ്രചാരം സിദ്ധിച്ച നാടൻപാട്ടുകൾ കുറെയുണ്ട്. അവയെ തെക്കൻ പാട്ടുകൾ എന്നു പറയുന്നു. കഥാഗാനങ്ങളാണ് ഇവ. കന്നടിയാൻ പോര്, അഞ്ചുതമ്പുരാൻ പാട്ട്, ഇരവിക്കുട്ടിപ്പിള്ളപ്പോര് അഥവാ കണിയാംകുളം പോര് എന്നിവയാണ് തെക്കൻപാട്ടുകളിൽ പ്രധാനപ്പെട്ടവ. വീരകഥാഗാനങ്ങളും ദേവപ്രീതിക്കുള്ള സ്തുതികളും ഒക്കെ ഇവയിലുണ്ട്.

തിരുമല നായ്ക്കന്റെ നേതൃത്വത്തിലുള്ള മധുരപ്പട 1643-ൽ കണിയാംകുളത്തു വച്ച് യുദ്ധം ചെയ്യവേ തിരുവിതാംകൂറിന്റെ വീരപുത്രൻ മാർത്താണ്ഡൻ ഇരവിക്കുട്ടിപ്പിള്ള വീരമൃത്യു വരിച്ചു. ഇതാണ് ഇരവിക്കുട്ടിപ്പിള്ളപ്പോരിലെ പ്രമേയം. ഇരവിക്കുട്ടിപ്പിള്ളയുടെ ഭാര്യയുടെ വിലാപം വർണ്ണിക്കുന്ന ഒരു ഭാഗം (ഇതിന് ഒപ്പാര് എന്നു പറയുന്നു)

കാണേരോ ഉമ്മുടയ
കച്ചൈകട്ടും ചിത്തിരമും
കച്ചൈകട്ടി എണ്ണയിട്ടു
കുടിയനും താനെടുത്തു
ഇച്ചൈയുടൻ വാൾപൂട്ടി
ഇലങ്കിമതിൽ ഉൾപ്പുകന്തു...

മാവേലിപ്പാട്ട്, തീയാട്ടുപാട്ട്, കളംപാട്ട്, ഞാറ്റുപാട്ട്, വട്ടിപ്പാട്ട്, പുള്ളുവർപാട്ട്, വേലർപ്പാട്ട്, പാണർപ്പാട്ട്, കോലടിപ്പാട്ട്, തുമ്പിപ്പാട്ട്, തോറ്റംപാട്ട്, ശാസ്താംപാട്ട്, പുലവൃത്തപ്പാട്ട്, കുറവർപാട്ട്, മാപ്പിളപ്പാട്ട് തുടങ്ങി എത്രയോ പാട്ടുകളുടെ പരാമർശം ഇവിടെ അനിവാര്യമായിരിക്കുന്നു. കുടുകിൽ കടലിനെ ഒതുക്കാനാവില്ലല്ലോ. സാഗരസമാനം വിസ്തൃതമാണ് നാടൻപാട്ടു സാഹിത്യം. അതിന്റെ ഒരു ദിമാത്ര ദർശനം മാത്രമാണ് ഈ കുറിപ്പ്.

എന്നെപ്പറ്റി സൂചിപ്പിച്ചില്ലല്ലോ എന്നു പറഞ്ഞ് വിഖ്യാതമായ ഓണപ്പാട്ട് ഉണർന്നു വരുന്നു.

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും

നാടൻപാട്ടിന്റെ നന്മ നിറഞ്ഞ സന്ദേശമുണ്ടിതിൽ

(തുടരും)

# വാർത്തകൾ വിശേഷങ്ങൾ

### മെയിന്റനൻസ് പ്ലാൻ - ഉത്തരവ് പുറപ്പെട്ടുവിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതും മോണിട്ടറിംഗ് നടത്തുന്നത് സംബന്ധിച്ചും നിർദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു.

സ.ഉ(സാധ) നം.2845/2022/ത.സ്വ.ഭ.വ തീയതി 1811.2022

### വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെട്ടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം വിതരണ ചെയ്യാവുന്ന വിത്തുകളും തൈകളും റയിഡ്കോ യിൽ നിന്നും വാങ്ങുന്നതിനും കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും റയിഡ്കോയെ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു.

സ.ഉ(സാധ) നം.2911/2022/ത.സ്വ.ഭ.വ തീയതി 24.11.2022

### വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെട്ടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷികപദ്ധതിയിൽ പ്രത്യേക വിഹിതം ലഭ്യമായിട്ടുള്ള തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് വാർഷികപദ്ധതി ഭേദഗതി പരിഷ്കരിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടവിച്ചു.

സ.ഉ(സാധ) നം. 3062/2022/ത.സ്വ.ഭ.വ തീയതി 09.12.2022

### സംസ്ഥാനത്തെ പാതയോരങ്ങളിലെ അനധികൃത ബോർഡുകൾ - ഉത്തരവ് പുറപ്പെട്ടുവിച്ചു.

സംസ്ഥാനത്തെ പാതയോരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ ബാനറുകൾ,കൊടിതോരണങ്ങൾ എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച ബഹു ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക/ജില്ലതല കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു

സ.ഉ(സാധ) നം. 3075/2022/ത.സ്വ.ഭ.വ തീയതി 12.12.2022

### സംസ്ഥാനത്തെ പാതയോരങ്ങളിലെ അനധികൃത ബോർഡുകൾ - തിരുത്ത് വരുത്തി ഉത്തരവ് പുറപ്പെട്ടുവിച്ചു

സംസ്ഥാനത്തെ പാതയോരങ്ങളിൽ നിന്നും അനധികൃത ബോർഡുകൾ ബാനറുകൾ,കൊടിതോരണങ്ങള് എന്നിവ നീക്കം ചെയ്യുന്നത് സംബന്ധിച്ച് 12.12.2022 തീയതിയിൽ സ.ഉ(സാധ) നം. 3075/2022/ത.സ്വ.ഭ.വ നമ്പരായി പുറപ്പെട്ടുവിച്ച ഉത്തരവ് തിരുത്ത് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു

സ.ഉ(സാധ) നം. 3256/2022/ത.സ്വ.ഭ.വ തീയതി 31.12.2022

### വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെട്ടുവിച്ചു

എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡിനെ ജനകീയാസൂത്രണപദ്ധതിയിൽ വെറ്ററിനറി മരുന്നുകൾ ഫാർമസ്യൂട്ടിക്കൽസ് എന്നിവയുടെ വിതരണക്കാരായി അംഗീകരിച്ചും സബ്സിഡി മാർഗ്ഗരേഖ പ്രകാരം മരുന്നു വാങ്ങാൻ അനുമതിയുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയും സർക്കാർ ഉത്തരവ് പുറപ്പെടവിച്ചു.

സ.ഉ(സാധ) നം. 3097/2022/ത.സ്വ.ഭ.വ തീയതി 13.12.2022

### പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി - ഉത്തരവ് പുറപ്പെട്ടുവിച്ചു

പ്രത്യേകകന്നുകുട്ടി പരിപാലനപദ്ധതി നടത്തിപ്പിന് സംസ്ഥാനവിഹിതം ലഭ്യമാകാതെ വന്നാൽ ആയതിന് നിശ്ചയിച്ചിരുന്ന തുക കൂടി നൽകാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനത്തിന് ഈ വർഷത്തേക്ക് മാത്രം അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടവിച്ചു.

സ.ഉ(സാധ) നം. 3096/2022/ത.സ്വ.ഭ.വ തീയതി 13.12.2022

### സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ - ഉത്തരവ് പുറപ്പെട്ടുവിച്ചു.

ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ടാഫീസിനോട് ചേർന്ന് 'ഒപ്പമുണ്ട് ഉറപ്പാണ്' എന്നപേരിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെട്ടുവിച്ചു.

സ.ഉ(കൈ) നം. 279/2022/ത.സ്വ.ഭ.വ തീയതി 31.12.2022

### ലൈഫ് മിഷൻ ലൈഫ് 2020 - സർക്കുലർ പുറപ്പെട്ടുവിച്ചു.

ലൈഫ് 2020 – പുതിയ ഗുണഭോക്തൃപട്ടികയിലെ പട്ടികജാതി/പട്ടികവർഗ്ഗ/ ഫിഷറീസ് വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെയും അതിദരിദ്രരുടെ സർവ്വെയിലൂടെ കണ്ടെത്തിയ ഭവനരഹിതരുടെയും ഭവന നിർമ്മാണം സംബന്ധിച്ച് ലൈഫ് മിഷൻ സർക്കുലർ പുറപ്പെട്ടുവിച്ചു.

നം. ലൈഫ് 2020 തീയതി 28.11.2022

### കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി - സർക്കുലർ പുറപ്പെട്ടുവിച്ചു

കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് സർക്കുലർ പുറപ്പെട്ടുവിച്ചു.

നം.336/ഡി.സി1/2022/ ത.സ്വ.ഭ.വ തീയതി 19.12.2022

### പരിസ്ഥിതി സംരക്ഷിത പ്രദേശം വിവരശേഖരണം - സർക്കുലർ പുറപ്പെട്ടുവിച്ചു.

പരിസ്ഥിതി സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിലുള്ള( ESZ) പ്രദേശത്തെ സ്ഥാപനങ്ങൾ വീടുകൾ മറ്റ് നിർമ്മാണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട വിവരശേഖരണവുമായി ബന്ധപ്പെട്ട് സർക്കാർ സർക്കുലർ പുറപ്പെട്ടുവിച്ചു

നം.264/ഡി.സി1/2022/ ത.സ്വ.ഭ.വ തീയതി 17.12.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

# തിരുവല്ല

■ ഡോ. വിളക്കുടി രാജേന്ദ്രൻ

പത്തനംതിട്ട ജില്ലയിലെ ഒരു താലൂക്കും അതിന്റെ ആസ്ഥാനമായ മുനിസിപ്പൽ നഗരവും. നിരണം, കടപ്ര, ഇരവിപേരൂർ, കോയിപ്രം, കവിയൂർ തുടങ്ങിയ പന്ത്രണ്ട് വില്ലേജുകൾ ചേർന്നതാണ് തിരുവല്ല താലൂക്ക്. മണിമലയാറിൻ തീരം, ശ്രീവല്ല ഭക്ഷേത്രം പ്രസിദ്ധം. വൈഷ്ണവരുടെ ദിവ്യ ദേശങ്ങളിലൊന്ന്. മാർത്തോമ സുറിയാനി സഭയുടെ ഭരണകേന്ദ്രം. സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ, തിരുവല്ല മലങ്കര സുറിയാനി രൂപത എന്നിവയുടെ ആസ്ഥാനം. വല്ലത്തിനടുത്ത് ക്ഷേത്രമുള്ള സ്ഥലം തിരുവല്ലയായി. സംസ്കൃതത്തിലെ ശ്രീ മലയാളത്തിൽ തിരു ആയി മാറി. ഇത് ക്ഷേത്ര സാന്നിധ്യം സൂചിപ്പിക്കുന്നു. വല്ല(ം)=ജലാശയം. മണിമലയാറിന് വല്ലപ്പുഴ എന്നു പേരുണ്ടായിരുന്നു. തിരുവല്ലയെപ്പറ്റിയുള്ള ആദ്യപരാമർശം തിരുമങ്കൈ ആഴ്‌വാരുടേതാണ്. വല്ലവാഴ് എന്നാണ് സൂചന. നമ്മാഴ്‌വാരുടെ തിരുവായ്മൊഴിയിൽ തിരുവല്ലവാഴ് എന്ന് കാണുന്നു. തിരുവല്ല വാഴപ്പൻ എന്നാണ് തിരുവല്ല ചെപ്പേടുകളിൽ ശ്രീവല്ലഭനെ സൂചിപ്പിക്കുന്നത്. വല്ലവായ് എന്നാണ് ഉണ്ണുനീലി സന്ദേശ പരാമർശം. വല്ലാനദിയുടെ തീരം എന്നർഥം. ശുകസന്ദേശത്തിലും ശ്രീവല്ലഭ ക്ഷേത്രമാഹാത്മ്യത്തിലും ശ്രീവല്ലഭഗ്രാമം എന്ന് സൂചിപ്പിച്ചിരിക്കുന്നു. മല്ലികാവനം ചക്രപുരം എന്നിങ്ങനെയും പേരുണ്ടായിരുന്നു. □





# ഞാറ്റുവേല

■ ബിന്ദുരാജ്. എം. എ.

കോഴിക്കോട് സാമൂതിരിയുടെ പ്രതാപകാലം. പോർച്ചുഗീസുകാർ സാമൂതിരിയുമായി നല്ല ബന്ധം പുലർത്തിക്കൊണ്ട് വ്യാപാരം അഭിവൃത്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. കേരളനാട്ടിലെ കുരുമുളകിന്റെ സമൃദ്ധികണ്ടു പോർച്ചുഗീസുകാർ അമ്പരന്നു. കപ്പലുകളിൽ ടൺ കണക്കിന് കുരുമുളക് അവർ യൂറോപ്പിലേക്ക് കടത്തി. പിൻകാലത്ത് കുരുമുളക്കൊടികളും അവർ അവരുടെ നാട്ടിലേയ്ക്ക് വൻതോതിൽ കൊണ്ടുപോകാൻ ആരംഭിച്ചു. ഇത് സാമൂതിരിയുടെ രാജസദസിലെ പ്രമുഖർക്ക് ഭയപ്പാട് ഉണ്ടാക്കി. തങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം നിന്നു പോകുമോ എന്ന് അവർ ന്യായമായും ഭയന്നു. അവർ ആശങ്ക മറച്ചു വച്ചില്ല. അവർ സാമൂതിരിപ്പാടിന്റെ മുമ്പാകെ ആശങ്ക അറിയിച്ചു. "കുരുമുളക് കൊടിയല്ലേ അവർക്ക് കൊണ്ട് പോകാൻ പറ്റുകയുള്ളൂ ഞാറ്റുവേല കൊണ്ട് പോകാൻ പറ്റില്ലല്ലോ" എന്ന് ഫലിതപ്രിയനും ബുദ്ധിമാനുമായ സാമൂതിരി രാജാവ് മറുപടി പറഞ്ഞു.

മലയാളികൾക്ക് വളരെ സുപരിചിതമായ വാക്കാണ് ഞാറ്റുവേല. എന്താണ് ഞാറ്റുവേല ? സൂര്യന്റെ(ഞായർ) വേള (വേല)കളെ ആധാരമാക്കി കാലാവസ്ഥാ വ്യതിയാനത്തെ പ്രവചിക്കുന്നതിനായി മലയാളികൾ പ്രാദേശികമായി ഉപയോഗിക്കുന്ന ജ്യോതിശാസ്ത്ര ക്രമമാണ് ഞാറ്റുവേല. കൊല്ലവർഷ കലണ്ടർ പ്രകാരം ഇരുപത്തി ഏഴ് നാളുകളാണ്. ചന്ദ്രന് ഭൂമിയെ ഭ്രമണം ചെയ്യുന്നതിന് ആവശ്യമായ ദിവസങ്ങളും ഇരുപത്തി ഏഴ് നാളുകളാണ്. ചന്ദ്രൻ ഒരു ദിവസംകൊണ്ട് ഏത് നക്ഷത്രത്തെ കടന്ന് പോകുന്നു എന്നതു നിരീക്ഷിച്ചാണ് മലയാള നാളുകൾ നിശ്ചയിക്കപ്പെടുന്നത്. (ഉദാ. അശ്വതി, ഭരണി, കാർത്തിക തുടങ്ങിയവ). ഭൂമിയ്ക്ക് സൂര്യനെ വലയംവെക്കുന്നതിന് 365 ദിനങ്ങൾ ആവശ്യമാണെന്ന് അറിയാമല്ലോ. ഭൂമിയുടെ ഇത്തരം ചലനത്തിൽ അശ്വതി, ഭരണി തുടങ്ങിയ നക്ഷത്രങ്ങൾ സൂര്യന് നേരെയും വരും. പക്ഷെ സൂര്യന് ഒരു നക്ഷത്ര സമൂഹത്തെ കടന്ന് പോകുന്നതിന് ഏകദേശം 13-14 ദിവസം വേണ്ടി വരുന്നു. സൂര്യൻ ഏത് നക്ഷത്രത്തിലൂടെയാണോ കടന്ന് പോകുന്നത് ആ കാലയളവിന് പറയുന്ന പേരാണ് ഞാറ്റുവേല.

ഓരോ മാസത്തിലും ഈ രണ്ട് ഞാറ്റുവേലകൾ വീതം ഉണ്ടാകും.ഞാറ്റുവേല കലണ്ടർ നോക്കിയാൽ അത് കൃത്യമായി അറിയുവാൻ സാധിക്കും. ഞാറ്റ് വേലയുമായി ബന്ധപ്പെട്ട് അനേകം പഴമൊഴികൾ ഉണ്ട്. അവ ശ്രദ്ധിച്ചാൽ കാലാവസ്ഥയെക്കുറിച്ച് അത്യാവശ്യം ധാരണ ലഭിക്കും. മലയാളം കലണ്ടറുകളിൽ ഓരോ ഞാറ്റുവേലയും എന്നാണ് തുടങ്ങുന്നതെന്ന് പറയുന്നുണ്ട്. പണ്ട് കാലത്ത് വീടിനോട് ചേർന്ന പറമ്പുകളിൽ ചേന, കാച്ചിൽ, മത്തൻ, പീയണിക്ക, ചേമ്പ് തുടങ്ങി അനവധി പച്ചക്കറികൾ, കിഴങ്ങുകൾ എന്നിവ നട്ടിരുന്നത് ഈ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.

## "ഞാറ്റിൽ പിഴച്ചാൽ ചോറ്റിലും പിഴയ്ക്കും"

ഞാറ്റുവേലയുമായി ബന്ധപ്പെട്ട ഒരു പ്രസിദ്ധമായ ചൊല്ലാണിത്. ഞാറ്റുവേ

ലയുടെ കണക്കുകൾ പിഴച്ചാൽ അത് നമ്മുടെ ആഹാരത്തെയും ബാധിക്കും എന്നാണ് ഇതിന്റെഅർത്ഥം.സൂര്യൻ ഉച്ച സ്ഥായിയിൽ നിൽക്കുന്ന മേടം 1-ാം തീയതിയോടടുപ്പിച്ച് അശ്വതി ഞാറ്റുവേല ആരംഭിക്കുന്നു. ഇത് കഴിഞ്ഞ് പതിമൂന്ന് മുതൽ പതിനാല് ദിവസങ്ങൾ കഴിഞ്ഞാൽ ഭരണി ഞാറ്റുവേല ആരംഭമായി. ആകെ 27 ഞാറ്റുവേലകൾ ഉണ്ട്. അതിന് 27 നാളുകളുടെ പേരുകളാണ് (നക്ഷത്രങ്ങളുടെ) നൽകിയിരിക്കുന്നത്. സൂര്യൻ ഏത് നക്ഷത്രത്തിന്റെ കൂടെ നിൽക്കുന്നുവോ ആ നക്ഷത്രത്തിന്റെ പേരിൽ ഞാറ്റുവേല അറിയപ്പെടുന്നു. സൂര്യൻ ഒരു നക്ഷത്രത്തിൽ നിന്ന് മറ്റൊന്നിലേയ്ക്ക് മാറുന്നതിനെ ഞാറ്റുവേലപ്പകർച്ച എന്നോ ഞാറ്റുവേലപ്പോക്ക് എന്നോ പറയുന്നു. ഒരു ഞാറ്റുവേല ശരാശരി പതിമൂന്നര ദിവസത്തോളം നിൽക്കും. മലയാള മാസത്തിന്റെ പേരിലാണ് രാശികൾ അറിയപ്പെടുന്നത്. ആദ്യത്തെ രാശി മേടം രാശി. മേടമാസത്തിലാണ് വിഷു ആഘോഷിക്കുന്നത്. ഏപ്രിൽ 14 നോ 15 നോ (മേടം ഒന്നിനോ രണ്ടിനോ) മേടം രാശി ആരംഭിക്കുന്നു. ആദ്യത്തെ ഞാറ്റുവേല അശ്വതിയും അവസാനത്തെ ഞാറ്റുവേല രേവതിയും ആണ്. 365 ദിവസത്തെ 27 നക്ഷത്രങ്ങൾ കൊണ്ട് ഹരിക്കുമ്പോഴാണ് ഒരു ഞാറ്റുവേല കാലാവധി കിട്ടുന്നത്.

മേടം പത്തിന് (പത്താമുദയം) തെങ്ങും തൈയ്യും വാഴക്കന്നും നട്ടുവെള്ളം കോരണം എന്ന് ഒരു ചൊല്ല് തന്നെ നിലവിലുണ്ട്. ഇവ വളർന്ന് തുടങ്ങുമ്പോഴേക്കും മഴ തുടങ്ങും. അത് മൂലം ചെടികൾക്ക് നന്നായി വേരു പിടിക്കുന്നതിനും കുഴികളിലും തടങ്ങളിലും വെള്ളം കെട്ടികിടക്കുന്നതിനാൽ നന്നായി വളരുന്നതിനും സാധിക്കും. കേരളീയരുടെ പ്രധാന കൃഷിയായ നെല്ല് അശ്വതി ഞാറ്റുവേല മുതൽ ചോതി ഞാറ്റുവേല വരെയുള്ള കാലഘട്ടത്തിലാണ് കൃഷി ചെയ്യുന്നത്. അനവധി പഴഞ്ചൊല്ലുകൾ ഞാറ്റുവേലയുമായി ബന്ധപ്പെട്ട് ഉണ്ട്. അശ്വതിയിലിട്ട വിത്തും അച്ഛൻ വളർത്തിയ മകനും ഭരണിയിലിട്ട മാങ്ങയും പിഴക്കില്ല, അശ്വതി കള്ളനാണ്, ഭരണി വിതക്കാൻ കൊള്ളാം, ഭരണിയിലിട്ട വിത്തും ഭരണിയിലിട്ട നെല്ലിക്കയും കേമം, വിതക്കാൻ ഭരണി, പാകാൻ മകയിരം, പറിച്ചുനടാൻ തിരുവാതിര, കാർത്തികയിൽ കാശോളം വിത്ത്, ഇഞ്ചി കൃഷിയ്ക്ക് പറ്റിയ സമയം, കാശോളം വലിപ്പത്തിലുള്ള വിത്തിട്ടാലും മതി ഇങ്ങനെ അനവധി. ഞാറ്റുവേല സംബന്ധമായ



**മഴ മദിച്ച് പെയ്യുന്ന തിരുവാതിര ഞാറ്റുവേല, ഒന്നാം വിള നെല്ല് പറിച്ച് നടാൻ അനുകൂല സമയമാണ്. നെൽകൃഷിയ്ക്ക് മാത്രമല്ല കുരുമുളക് കൃഷിയ്ക്കും തിരുവാതിരയിലെ മഴ ആവശ്യമാണ്. ഞാറ്റുവേല കണക്ക് അനുസരിച്ച് 101 മഴയും 101 വെയിലും തിരുവാതിര ഞാറ്റുവേലയിൽ ലഭിക്കുന്നു. ഈ കാലത്ത് വിരലൊടിച്ച് കുത്തിയാലും മുളക്കും എന്നാണ് പഴമൊഴി.**

ഓരോ ചൊല്ലുകളും പരിശോധിച്ചാൽ കൃഷി രീതികൾ മനസിലാക്കാൻ സാധിക്കും. രോഹിണി ഞാറ്റുവേലയിൽ പയറിട്ടാൽ അതായത് ആദ്യ മഴയ്ക്ക് ശേഷം വിത്തിട്ടാൽ ധാരാളം പയർ പറിക്കാം. “മകയിരത്തിൽ മദിക്കും” ജൂൺ ആദ്യവാരത്തിൽ മകയിരം ഞാറ്റ് വേല ആരംഭിക്കും. പക്ഷെ മകയിരത്തിൽ വിത്തിട്ടാൽ ധാരാളം ഇലയും പടർപ്പും ഉണ്ടാകുമെന്നല്ലാതെ കായ്ഫലം കുറവായിരിക്കും.

ഏറ്റവും പ്രധാനം തിരുവാതിര ഞാറ്റുവേലയാണ്. തിരുവാതിര തിരമുറിയാതെ പെയ്യണം. മഴ മദിച്ച് പെയ്യുന്ന തിരുവാതിര ഞാറ്റുവേല, ഒന്നാം വിള നെല്ല് പറിച്ച് നടാൻ അനുകൂല സമയമാണ്. നെൽകൃഷിയ്ക്ക് മാത്രമല്ല കുരുമുളക് കൃഷിയ്ക്കും തിരുവാതിരയിലെ മഴ ആവശ്യമാണ്. ഞാറ്റുവേല കണക്ക് അനുസരിച്ച് 101 മഴയും 101 വെയിലും തിരുവാതിര ഞാറ്റുവേലയിൽ ലഭിക്കുന്നു. ഈ കാലത്ത് “വിരലൊടിച്ച് കുത്തിയാലും മുളക്കും” എന്നാണ് പഴമൊഴി. തിരുവാതിര ഞാറ്റുവേലക്കാലത്തെ മഴവെള്ളം ‘ഗംഗാമ്പു’ എന്നാണ് അറിയപ്പെടുന്നത്. ആയുർവ്വേദ വിധി പ്രകാരം ഈ കാലത്തെ വെള്ളം വളരെ പ്രാധാന്യം ഉള്ളതാണ്.

പുണർതത്തിൽ പറിച്ച് നടുന്നവൻ ഗുണഹീനൻ, പുണർതത്തിൽ പുകഞ്ഞ മഴയാണ്, പൂയത്തിൽ നട്ടാൽ പുല്ലും പൂവണിയും പൂയത്തിൽ നട്ടാൽ പുഴക്കേട് കൂടും. ഒരേ നാളുകളിലെ ഞാറ്റുവേലക



ൾക്ക് ഗുണവും ദോഷവും ഉണ്ടെന്ന് ഈ പറഞ്ഞ ചൊല്ലുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നു. അതുകൊണ്ടാവാം ജൂലൈ അവസാന വാരങ്ങളിൽ നടുന്ന വയിൽ തണ്ട് തുരപ്പന്റെയും ഈച്ചയുടേയും ശല്യം കൂടുതലായി കാണുന്നത്. പുണർതം ഞാറ്റുവേല കാലത്ത് നല്ല മഴയായിരിക്കും. ആ സമയത്ത് നടുന്ന വിത്ത് പൂയത്തിലെ മഴയും കൊണ്ടാൽ പുഴുശല്യം കുറയും എന്നും പഴമക്കാർ പറയുന്നു.

ആഗസ്റ്റ് രണ്ടാം വാരം വരെയാണ് ആയില്യം ഞാറ്റ് വേല. ആ സമയത്താണ് രണ്ടാംവിള നെല്ല് പാകുന്നത്, വെള്ളരി, മത്തൻ എന്നിവ പാകുന്നതിനും ഉത്തമമാണെന്ന് വിശ്വസിക്കുന്നു. കർക്കിടക കൊയ്ത്ത് കഴിഞ്ഞ് പാടത്ത് എള്ള് വിതക്കണം. ഇപ്രകാരം എള്ളിട്ടാൽ ഭരണി നിറയെ എണ്ണ കിട്ടുമത്രേ. അതായത് എള്ളിന് നല്ല വിളവ് കിട്ടുമെന്ന് സാരം.

ഞാറ്റുവേലക്കാലത്ത് മത്തനും കുമ്പളവും പടവലവുമെല്ലാം പൂവിട്ടുനിൽക്കുന്നത് കാണുമ്പോൾ അലങ്കാര പുഷ്പങ്ങളായ മുല്ലപ്പൂവിന്റെയും റോസാപ്പൂവിന്റെയും മന്ദാരത്തിന്റെയുമെല്ലാം ഒളിമങ്ങുന്നു എന്ന് കവിതകളിൽ രചിക്കപ്പെട്ടിട്ടുണ്ട്. ഞാറ്റുവേല പ്പൂക്കൾ കാറ്റിൽ തുള്ളി/ നാട്ടുമാവിൽ കർപ്പൂരപ്പൂത്തിരികത്തി/ പാട്ടുപാടാൻ വന്നണഞ്ഞ കാട്ടിലെ കുയിലേ നിന്റെ കാടാറുമാസം കഴിഞ്ഞുവോ... എന്ന ഒ എൻ വി കുറുപ്പിന്റെവരികൾ വളരെ ഹൃദ്യമാണ്.

ആഗസ്റ്റ് രണ്ടാം വാരം വരെയാണ് ആയില്യം ഞാറ്റുവേല. ആ സമയത്താണ് രണ്ടാംവിള നെല്ല് പാകുന്നത് വെള്ളരി, മത്തൻ എന്നിവ പാകുന്നതിനും ഉത്തമമാണെന്ന് വിശ്വസിക്കുന്നു. കർക്കിടക കൊയ്ത്ത് കഴിഞ്ഞ് പാടത്ത് എള്ള് വിതക്കണം. ഇപ്രകാരം എള്ളിട്ടാൽ ഭരണി നിറയെ എണ്ണ കിട്ടുമത്രേ. അതായത് എള്ളിന് നല്ല വിളവ് കിട്ടുമെന്ന് സാരം.

ഞാറ്റുവേലയുടെ പിന്നിലുള്ള ശാസ്ത്രം മഴയും മഴയുടെ വിതരണവും കൃഷിയും ആണെന്ന് നമുക്ക് മനസിലാക്കാം. സൂര്യന്റെ ചലനങ്ങളും മഴയുടെ ലഭ്യതയും അടിസ്ഥാനമാക്കി കൃഷിക്കായി ഉണ്ടാക്കിയ ഒരു പഞ്ചാംഗം തന്നെയാണ് ഞാറ്റുവേല. പ്രായമായവരുടെ വായ്മൊഴികളിലെന്നും ഞാറ്റുവേലയെക്കുറിച്ചും അനുഭവങ്ങളെക്കുറിച്ചും നമുക്ക് കേൾക്കാൻ സാധിക്കും. മൊബൈലിന്റെയും ഇന്റർനെറ്റിന്റെയും ആധിപത്യമുള്ള ഈ കാലത്ത് മണ്ണിന്റെയും വിയർപ്പിന്റെയും മണമുള്ള നെല്ലു കുത്തിയ അരികൊണ്ടുള്ള ഭക്ഷണം തീർത്തും അപരിചിതമാണ്. കേരളീയർ ഞാറ്റുവേല കാർഷിക സംസ്കാരം ഉറപ്പായും അറിഞ്ഞിരിക്കണം. കേരളീയ കാർഷിക ചക്രം രൂപപ്പെടുത്തിയിരിക്കുന്നത് ഞാറ്റുവേലക്കനുസരിച്ചാണ്. കേരളീയരെ സംബന്ധിച്ചിടത്തോളം ജ്യോതിശാസ്ത്രത്തിലും കാലാവസ്ഥാശാസ്ത്രത്തിലുമുള്ള അറിവും കർഷകരുടെ അനുഭവവും കണക്കിലെടുത്ത് പൗരാണിക കാലത്ത് തന്നെ ശാസ്ത്രീയമായി നിർണ്ണയിച്ചതാണ് ഞാറ്റുവേല എന്ന സങ്കൽപ്പം. ഞാറ്റുവേലക്കാലത്തെ പൂക്കളെയും കിളികളേയും പ്രകീർത്തിച്ച് മിഥുനം എന്ന മലയാള സിനിമയിലെ പ്രസിദ്ധമായ ഈ ഗാനം എത്ര മനോഹരമാണ്.

ഞാറ്റുവേല കിളിയേ നീ  
പാട്ടുപാടി വരുമോ...  
കൊന്ന പൂത്തവഴിയിൽ  
പൂ എള്ള് മൂത്ത വയലിൽ....  
കാത്തു നിൽപ്പൂ ഞാനീ  
പൂത്തിലഞ്ഞിച്ചോട്ടിൽ തനിയേ.....

എള്ളുമൂത്ത വയലുകളിലും കൊന്നയും ഇലഞ്ഞിയും പൂത്തുലഞ്ഞ മലയാള വീഥികളിലും ഇനിയും കിളികൾ പറന്ന് വരട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം. □

*(ലേഖകൻ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്)*




# സമാധാനത്തിന്റെ ദൂതുമായി ഒരു ലോക റേഡിയോദിനം കൂടി

■ മുരളീധരൻ തഴക്കര

ഫെബ്രുവരി 13 ലോക റേഡിയോ ദിനമായിരുന്നു, ഒരു അന്താരാഷ്ട്ര റേഡിയോദിനം കൂടി കടന്നു പോയി. ഇക്കുറി റേഡിയോദിനാഘോഷം ഏറെ ശ്രദ്ധേയമായി മാറി. പ്രത്യേകിച്ച് സമൂഹമാധ്യമങ്ങൾ റേഡിയോ ദിനം ആഘോഷമാക്കി മാറ്റി. 1946 ഫെബ്രുവരി 13ന് ഐക്യരാഷ്ട്രസഭ റേഡിയോ പ്രക്ഷേപണം ആരംഭിച്ചതിന്റെ ആദരസൂചകമായി 2011 മുതൽ എല്ലാ വർഷവും ഫെബ്രുവരി 13 അന്താരാഷ്ട്ര റേഡിയോ ദിനമായി ആചരിച്ചുവരുന്നു. 'റേഡിയോയും സമാധാനവും' എന്നതായിരുന്നു ഈ വർഷത്തെ റേഡിയോദിന സന്ദേശം. വർണ്ണക്കാഴ്ചകൾനിറഞ്ഞ മാധ്യമബാഹുല്യത്തിന്റേതായ ഈ പുതിയ കാലത്ത് ശ്രവ്യമാധ്യമദിനാഘോഷത്തിന് എന്തേ ഇത്ര പ്രാധാന്യം? മാധ്യമങ്ങളുടെ വിശ്വാസ്യത തന്നെ നഷ്ടമാകുകയും വാർത്തയുടെ നിജസ്ഥിതിയറിയാൻ ഒന്നിലേറെ മാധ്യമങ്ങളെ ആശ്രയിക്കേണ്ടിയും വരുന്ന എന്നതാണ് വർത്തമാനകാല ദുര്യോഗം. ഇതാ ഇവിടെയാണ് റേഡിയോ - ശ്രവ്യമാധ്യമമായ ആകാശവാണി വ്യത്യസ്തമായി നിലകൊള്ളുന്നത്. ഒരു മാധ്യമം എന്നതിനേക്കാൾ കുലീനമായ ഒരു സംസ്കാരമാണത്. പോയകാല കേരളത്തിന്റെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ നിരവധി റേഡിയോ കിയോസ്ക്കുകളുണ്ടായിരുന്നു. ഗ്രാമപഞ്ചായത്തുകൾ സ്ഥാപിച്ച ഈ കിയോസ്കുകളിലൂടെ റേഡിയോപരിപാടികൾ ജനങ്ങളിലെത്തിക്കുവാൻ പഞ്ചായത്തുകൾ പ്രത്യേക താല്പര്യമെടുത്തിരുന്നു. മാത്രമല്ല ഗ്രാമീണ വായനശാലകളിലും റേഡിയോയുണ്ടായിരുന്നു. ദിവസവും രാവിലെയും വൈകുന്നേരവും വായനശാലയിൽ നിന്നുള്ള റേഡിയോപരിപാടികൾക്കായി കാതോർത്ത ബാല്യം ഓർമ്മയിലെ സുഗന്ധമാണ്. റേഡിയോനാടകോത്സവവും, നെഹ്റുട്രോഫി വള്ളംകളി മത്സരത്തിന്റെ ദൃക്സാക്ഷി വിവരണവും, സാംബശിവന്റെ







കഥാപ്രസംഗവും, ചലച്ചിത്ര ഗാനവും, പ്രാദേശികവാർത്തകളും കേൾക്കാനായി വായനശാലയുടെ മുറ്റത്ത് പ്രായഭേദമന്യേ ആളുകൾ ഒത്തുകൂടിയിരുന്ന കാലം ! ഇൻഡ്യയിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ചിട്ട് ഒരു നൂറ്റാണ്ടായിരിക്കുന്നു . 1922 ൽ ബോംബെ റേഡിയോ ക്ലബ്ബിൽ നിന്നാണ് ആദ്യത്തെ റേഡിയോ പ്രക്ഷേപണം. ജീവിതത്തിലാദ്യമായി അശരീരി പോലെയെത്തിയ ആ ശബ്ദവീചികൾ ജനങ്ങളെയാകെ അത്ഭുതസ്തബ്ധരാക്കി. 1927 ജൂലൈ 23 ന് അത് ആൾ ഇൻഡ്യാ റേഡിയോയുടെ ഭാഗമായി. 1957 ൽ അത് ആകാശവാണിയായി പരിവർത്തിക്കപ്പെട്ടു. പുതുപുത്തൻ വാർത്തകൾക്കായി മാധ്യമങ്ങൾ തമ്മിൽ ആരോഗ്യകരമല്ലാത്ത മത്സരം നടക്കുമ്പോൾ ശ്രോതാക്കൾക്ക് ഹിതവും സുഖദവുമായ വിജ്ഞാനവും വിനോദവും പ്രദാനംചെയ്യുന്ന പരിപാടികളുമായി ആകാശവാണി ഇന്നും നിലകൊള്ളുന്നു. ദൃശ്യമാധ്യമങ്ങളുടെ അധിനിവേശത്തിൽ റേഡിയോ പിന്തള്ളപ്പെടുമോയെന്ന് ആശങ്കപ്പെട്ടവരുണ്ട്. എന്നാൽ ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച ടാൻ റിപ്പോർട്ട് പ്രകാരം രാജ്യത്തെ റേഡിയോ ശ്രോതാക്കളുടെ എണ്ണത്തിൽ 29% വർധനവാണുണ്ടായിരിക്കുന്നത്. ഈ വർഷത്തെ റേഡിയോ ദിന സന്ദേശം 'റേഡിയോയും സമാധാനവും' എന്നതായിരുന്നു. എവിടെയും അശാന്തി നിറഞ്ഞ വർത്തമാനകാല പശ്ചാത്തലത്തിൽ സമാധാനത്തിനായി റേഡിയോ എന്നത് എത്ര ഉദാത്തമായ ആശയമാണ്. റഷ്യയും യുക്രൈനും തമ്മിലുള്ള യുദ്ധം ഇപ്പോഴും തുടരുകയാണ്. അനാഥമായിത്തീരുന്ന ജിവിതങ്ങളുടെ നിലയ്ക്കാത്ത നിലവിളിയും കഷ്ടനഷ്ടങ്ങളും മാത്രമാണ് എല്ലാ യുദ്ധങ്ങളുടെയും പരിണിതി. രാജ്യങ്ങൾ തമ്മിൽ മാത്രമല്ല നമ്മുടെ ജീവിത പരിസരത്താകെ യുദ്ധമാണ് ! ഒരുതുണ്ടു ഭൂമിക്കായി അയൽക്കാർ തമ്മിൽ സംഘർഷം, സ്വത്ത് വീതംവെയ്ക്കുന്നതിനെച്ചൊല്ലി സഹോദരങ്ങൾ തമ്മിൽ കലഹം, സ്ഥാനമാനങ്ങൾക്കായുള്ള അന്തഃഛിദ്രം, എല്ലാം കവർന്നെടുക്കാനായി പ്രകൃതിയോട് നമ്മൾ മനുഷ്യർ നടത്തുന്ന യുദ്ധം. ഇങ്ങനെ എവിടെയും അശാന്തി നിറയുമ്പോൾ ശാന്തിമന്ത്രവുമായി റേഡിയോ വീടുകളിലേക്ക് കടന്നുവരട്ടെ എന്നത് എത്ര ഉൽകൃഷ്ടമായ സന്ദേശമാണ്. ആദ്യനാളുകളിൽ റേഡിയോ പ്രവർത്തിപ്പിക്കണമെങ്കിൽ

**ഈ വർഷത്തെ റേഡിയോ ദിനസന്ദേശം 'റേഡിയോയും സമാധാനവും' എന്നതായിരുന്നു. എവിടെയും അശാന്തി നിറഞ്ഞ വർത്തമാനകാല പശ്ചാത്തലത്തിൽ സമാധാനത്തിനായി റേഡിയോ എന്നത് എത്ര ഉദാത്തമായ ആശയമാണ്. റഷ്യയും യുക്രൈനും തമ്മിലുള്ള യുദ്ധം ഇപ്പോഴും തുടരുകയാണ്**

ലൈസൻസ് ആവശ്യമായിരുന്നു. പോസ്റ്റ് ഓഫീസ്സിൽ പണമടച്ച് ലൈസൻസ്സ് ബുക്ക് സൂക്ഷിക്കണമായിരുന്നു [ വലിയ വാൽവ് സെസ്റ്റുകളായിരുന്നു തുടക്കത്തിലുണ്ടായിരുന്നത്. മാത്രമല്ല നാട്ടിലെ സമ്പന്നകുടുംബങ്ങളിൽ മാത്രമേ റേഡിയോ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ട്രാൻസിസ്റ്ററിന്റെ വരവോടെ റേഡിയോ സാർവ്വത്രികമായി. ഏറ്റവും ചെലവുകുറഞ്ഞ മാധ്യമം എന്നതും റേഡിയോയുടെ പ്രത്യേകതകളിൽ പ്രധാനമാണ്. ഇന്നിപ്പോൾ നമ്മുടെ മൊബൈൽ ഫോണിൽ പോലും റേഡിയോ പരിപാടികൾകേൾക്കാൻ കഴിയും. ഒരു കാലത്ത് ശ്രവ്യമാധ്യമമായി ആകാശവാണി മാത്രമാണുണ്ടായിരുന്നതെങ്കിൽ ഇപ്പോഴിതാ നിരവധി എഫ് എം ചാനലുകൾ, അസംഖ്യം കമ്മ്യൂണിറ്റി റേഡിയോകൾ, ഇൻറർനെറ്റ് റേഡിയോ ! ഇത് റേഡിയോ പരിപാടികളുടെ വൈവിധ്യതയ്ക്കും വഴിയൊരുക്കി. മുമ്പ് വീടിന്റെസ്വീകരണമുറിയിലായിരുന്നു റേഡിയോയുടെ സ്ഥാനമെങ്കിൽ ഇന്നത് അടുക്കളയിലേക്ക് ചുവടുമാറ്റി. അരങ്ങിൽ നിന്ന് അടുക്കളയിലേക്കുള്ള കടന്നു കയറ്റം. വീട്ടമ്മമാരുടെ ഉറ്റസുഹൃത്തായി ഇപ്പോൾ റേഡിയോയുണ്ട്. നമ്മൾ ഏതു ജോലി ചെയ്യുമ്പോഴും റേഡിയോ പരിപാടികൾ ആസ്വദിക്കാമെന്നതാണ് ഏറെ പ്രധാനം. വേണമെങ്കിൽ മറവിരോഗത്തിന് ഒരു മറുമരുന്നാണ് റേഡിയോ എന്നു പറയുന്നതിൽ അതിശയോക്തിയില്ല. കാരണം ഒരു റേഡിയോ പരിപാടി നന്നായി ആസ്വദിക്കണമെങ്കിൽ അത് ആദ്യം മനസ്സിലേക്കാവാഹിക്കണം, ഇന്ദ്രിയങ്ങൾ പ്രവർത്തിക്കണം, മസ്തിഷ്കം ഉണരണം. ഇന്ദ്രിയങ്ങളും, മസ്തിഷ്കവും യഥാവിധി പ്രവർത്തനക്ഷമമല്ലാതാകുമ്പോഴാണ് മനുഷ്യർ മറവിരോഗത്തിലേക്ക്കൂപ്പുകുത്തുന്നത്- ഡിമൻഷ്യ ബാധിക്കുന്നത്. ഇന്ദ്രിയങ്ങളെയും തലച്ചോറിനെയും ഉത്തേജിപ്പിക്കുന്ന ഒരു ചികിത്സ കൂടിയാണ് റേഡിയോ ശ്രവണം. വികസനോൻമുഖ മാധ്യമ പ്രവർത്തനത്തിൽ ക്രിയാത്മക ഇടപെടൽ നടത്തിയ പൊതുസേവന പ്രക്ഷേപണമാധ്യമം എന്ന സവിശേഷ പ്രാധാന്യം കൂടി ആകാശവാണിക്കുണ്ട്. കാർഷിക - കുടുംബക്ഷേമ രംഗങ്ങളിൽ സക്രിയ സാന്നിധ്യമായി സമാനതകളില്ലാത്ത വിജ്ഞാന വ്യാപന ദൗത്യമാണ് നിർവഹിച്ചത്. മണ്ണിൽ അദ്ധ്വാനിച്ച് ഭക്ഷ്യോല്പന്നങ്ങൾ വിളയിച്ചെടുത്ത് നമ്മുടെ തീൻമേശ സമ്പുഷ്ടമാക്കിയ കൃഷിക്കാരന്റെ ആകാശത്തെ പള്ളിക്കൂടമായിരുന്നു ആകാശവാണിയുടെ 'വയലും വീടും.' ശാസ്ത്രീയ കൃഷിയറിവുകൾ എഴുത്തും വായനയും വശമില്ലാത്ത കർഷകനു പോലും പകർന്നു നൽകിയ മാധ്യമം. സാർത്ഥകമായ മാധ്യമധർമ്മം നിർവ്വഹിച്ച് വയലും വീടും 57 വർഷമായി ആ തീർത്ഥയാത്ര തുടരുകയാണ്. പ്രക്ഷേപണത്തിന്റെ അരന്നൂറ്റാണ്ടെത്തുന്ന കാർഷികമേഖലാവാർത്തകൾ, കൃഷിപാഠം തുടങ്ങിയ പരിപാടികളും കൃഷിയിലെ ആധുനിക അറിവനുഭവങ്ങൾ കൃഷിക്കാരന്റെ വീട്ടുപടിക്കലെത്തിച്ച പരിപാടികളാണ്. അനിയന്ത്രിതമായ ജനസംഖ്യാവർധനവിന് തടയിടാൻ നടത്തിയ ഫലപ്രദമായ ബോധവല്ക്കരണമടക്കം ആരോഗ്യ കുടുംബക്ഷേമ രംഗത്ത് നടത്തിയ ആവശ്യാധിഷ്ഠിത ഇടപെടൽ പൊതുസേവന പ്രക്ഷേപണത്തിലെ തിളക്കമാർന്ന ഏടാണ്. ആക്ഷേപഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് സാമൂഹ്യ പ്രശ്നങ്ങളെ ഉയർത്തിക്കാട്ടിയ 'കണ്ടതും കേട്ടതും' 'കുണ്ടും കുഴിയും' പോലെയുള്ള സ്കിറ്റുകൾ ശബ്ദമില്ലാത്തവരുടെ നാവായി മാറിയ' പ്രഭാതഭേരി ' തുടങ്ങിയവ ജനമനസ്സ്അടയാളപ്പെടുത്തിയ പരിപാടികളാണ്. പച്ചോലത്താഴ്വരയിൽ പനിനീരിൽ പടവുകൾ തീർത്ത നൂറുകണക്കിന് ലളിത ഗാനങ്ങളാൽ മലയാളിയുടെ ഹൃദയം കവർന്ന പ്രീയപ്പെട്ട സംഗീതാധ്യാപകൻ കൂടിയായിരുന്നു ആകാശവാണി. പാരമ്പര്യകലകൾക്കും കലാകാരന്മാർക്കും ഇത്രകണ്ട് പ്രാമുഖ്യം നൽകിയ മാധ്യമവും ഇതു തന്നെയാണ്. ഭാഷാശുദ്ധിയുടെയോ വ്യകരണത്തിന്റെയോ നിയമനിബന്ധനകളൊന്നുമേയില്ലാതെ പാടത്തു പണിയെടുക്കുന്ന കർഷകനും, കർഷകത്തൊഴിലാളിക്കും, മത്സ്യത്തൊഴിലാളികൾക്കും, മരം കയറ്റക്കാർക്കും തങ്ങളുടെ സംസാരഭാഷയിൽ തന്നെ ആശയാഭിപ്രായങ്ങൾ പങ്കുവെയ്ക്കാൻ അവസരമൊരുക്കിയതും ആകാശവാണിയാണ്. കലയും സാഹത്യവും വിജ്ഞാനവും വിനോദവും പ്രസരിപ്പിച്ച ആകാശവാണിയിൽ മൂന്നു പതിറ്റാണ്ടുകാലം ഒരു പ്രക്ഷേപകനായി പ്രവർത്തിക്കാൻ ഈ ലേഖകന് കഴിഞ്ഞത് ഒരു ജീവിത പുണ്യമാണെന്ന് സത്യസന്ധമായി ഇവിടെ രേഖപ്പെടുത്തട്ടെ! മാത്രമല്ല വ്യക്തിജീവിതത്തിൽ കൈവന്ന അമുല്യസമ്പത്തും സമ്പാദ്യവും എന്താണെന്ന ചോദ്യത്തിന് ഒറ്റ ഉത്തരമേയുള്ളൂ, ആകാശവാണിയുടെ പ്രിയ ശ്രോതാക്കൾക്കായി എണ്ണമറ്റ കർഷകരെയും കൃഷിശാസ്ത്രജ്ഞന്മാരെയും അവരുടെ ചാരത്തിരുന്ന് അഭിമുഖം നടത്താൻ കഴിഞ്ഞു എന്നതാണ്. അതിലൂടെ കരഗതമായ അറിവനുഭവങ്ങൾ ഒരു സർവകലാശാലാ പഠനത്തിലൂടെയും ആർജ്ജിക്കുവാൻ കഴിയുന്നതല്ല. ഇങ്ങനെ വീണുകിട്ടിയ പ്രായോഗിക വിജ്ഞാനം ശ്രോതാക്കൾക്കെന്ന പോലെ എനിക്കും അറിവിന്റെ നിധി നിക്ഷേപമാണ്. വിശ്വപ്രസിദ്ധ കൃഷി ശാസ്ത്രജ്ഞൻ ഡോ: എം.എസ്. സ്വാമിനാഥൻ, രാഷ്ട്രമിപ്പോൾ പത്മശ്രീ നൽകി ആദരിച്ച ചെറുവയൽ രാമനടക്കം എത്രയോ പേരുടെ ജീവിതാനുഭവങ്ങളും കൃഷിയറിവുകളുമാണ് ശ്രോതാക്കളുമായി പങ്കുവയ്ക്കപ്പെട്ടത്.



# ...എന്ന് വായനക്കാർ

ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികനലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം എന്ന വിഷയത്തിൽ കൊച്ചിയിൽ വച്ച നടന്ന ദേശീയ ശില്പശാലയുമായി ബന്ധപ്പെട്ട കവർസ്റ്റോറി അത്യന്തം ആകർഷകമായി. ദാരിദ്ര്യരഹിതവും മെച്ചപ്പെട്ട ഉപജീവനമാർഗ്ഗങ്ങൾ ഉള്ളതുമായ ഗ്രാമപഞ്ചായത്തുകൾ എന്ന വിഷയത്തിൽ ഊന്നി നടന്ന ശില്പശാലയിലെ ഉള്ളടക്കം അതേ അർത്ഥത്തിൽ തന്നെ വായനക്കാരിലേക്ക് എത്തിക്കുന്നതിന് സാധിച്ചു. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട ഫോട്ടോകളും ആകർഷകമായിരുന്നു എന്ന് സൂചിപ്പിക്കട്ടെ. ജൈവവൈവിധ്യത്തിന്റെ സുസ്ഥിര വിനിയോഗം വെല്ലുവിളികളും അവസരങ്ങളും എന്ന പേരിൽ ശ്രീ. അജിത് വെണ്ണിയൂർ പ്രസിദ്ധീകരിച്ച ലേഖനം വളരെ മനോഹരമായിരുന്നു. ജൈവവൈവിധ്യത്തിന്റെ സുസ്ഥിരവിനിയോഗം എപ്രകാരം സാധ്യമാക്കാമെന്നും അതിന്റെ പ്രാധാന്യം എന്താണെന്നും അദ്ദേഹം തന്റെ ലേഖനത്തിലൂടെ അദ്ദേഹം വിശദീകരിക്കുന്നു. ലേഖനം പ്രതിപാദിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് സമഗ്രമായ അറിവ് പകരുന്നതും വിജ്ഞാനപ്രദവുമായിരുന്നു.

ലോക എയിഡ്സ് ദിനമായ ഡിസംബർ 1 മായി ബന്ധപ്പെട്ട് എച്ച്.ഐ.വി. ബാധിതർ നേരിടുന്ന മനുഷ്യാവകാശ പ്രശ്നങ്ങൾ എന്ന പേരിൽ ഡോ. പി. കെ. രാജഗോപാൽ പ്രസിദ്ധീകരിച്ച ലേഖനം കാലിക പ്രസക്തമായിരുന്നു. എച്ച്.ഐ.വി ബാധിതരായിട്ടുള്ളവർ സമൂഹത്തിൽ നേരിടുന്ന അവഗണനയും ഒറ്റപ്പെടലും ഇതുമൂലം സൃഷ്ടിക്കപ്പെടുന്ന സാമൂഹിക പ്രശ്നങ്ങളും മനുഷ്യാവകാശങ്ങളുടെ വിശാലമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വിലയിരുത്തുന്നതിന് ലേഖനത്തിലൂടെ സാധിച്ച് എന്ന് സംശയലേശമെന്യേ പറയാൻ സാധിക്കും. ചുരുക്കത്തിൽ നവംബർ മാസത്തെ പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ച എല്ലാ ലേഖനങ്ങളും അത്യന്തം മനോഹരവും മികച്ച നിലവാരം പുലർത്തുന്നതും അറിവ് പകരുന്നതുമായിരുന്നു. പ്രസിദ്ധീകരണത്തിന് അണിയറയിൽ പ്രവർത്തിച്ച എല്ലാപേർക്കും ആശംസകൾ അറിയിക്കുന്നു.

**ബിജുമോൾ**
പാലക്കാട്

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.



ഏതൊരു മത്സരപ്പരീക്ഷയും വിജയിക്കാൻ പര്യാപ്തമായ പൊതുവിജ്ഞാനവും ആകാശവാണി പകർന്നു നൽകുന്നുണ്ടെന്നതും എടുത്തു പറയേണ്ടതുണ്ട്. ഒരു ഇലക്ട്രോണിക്ക് മാധ്യമമായി റേഡിയോ മാത്രമുണ്ടായിരുന്ന ഒരു ഭൂതകാലമുണ്ടായിരുന്നു. യുദ്ധമുണ്ടാകുമ്പോഴും, രാജ്യത്ത് പൊതുതെരഞ്ഞെടുപ്പ് നടക്കുമ്പോഴും നാട്ടിൻപുറത്തെ റേഡിയോയുള്ള വീടിന്റെ മുറ്റത്ത് പായ വിരിച്ചിട്ടിരുന്ന് റേഡിയോവാർത്തകൾക്കായി കാതോർത്തിരുന്ന കാലം! ഇങ്ങനെയൊരു കാലം ഇനി ഒരിക്കലും തിരിച്ചുവരില്ലെങ്കിലും എല്ലാ വീടുകളിലേക്കും റേഡിയോ തിരിച്ചുവരണം. നമ്മുടെ കുട്ടികൾ റേഡിയോ കേട്ട് വളരട്ടെ, മുമ്പേ ഗമിക്കുന്ന ഗോവു തന്റെ പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം എന്ന പറയും പോലെ- നമ്മൾ റേഡിയോ കേട്ടാലേ നമ്മുടെ കുട്ടികളും അത് കേൾക്കു. ആകാശവാണി സന്നിവേശിപ്പിക്കുന്ന സംസ്കാരത്തെ മനസ്സിലേറ്റുവാങ്ങുന്ന കുഞ്ഞ് വളർന്നു വലുതാകുമ്പോൾ അവരെ വളർത്തി വലുതാക്കിയ അവർക്കു ജന്മം നൽകിയ മാതാപിതാക്കൾ അവർക്ക് ഭാരമാകില്ല. അവരെ വൃദ്ധസദനത്തിലാക്കില്ല എന്നതുറപ്പാണ്. ജീവിതത്തിന് വല്ലാതെ സ്പീഡ്കൂടിയ ഈ പുതിയ കാലത്ത് നമ്മുടെ വീട്ടകങ്ങളിൽപ്പോലും സംസാരം കുറഞ്ഞുവരികയാണ്. ജീവിത വേഗം കൂടിയ കാലത്ത് എല്ലാ വീടുകളിലും റേഡിയോ പാടുകയും പറയുകയും ചെയ്യട്ടെ. ഗ്രാമപഞ്ചായത്തുകൾ വീണ്ടും റേഡിയോ കിയോസ്കുകൾ സ്ഥാപിക്കുക എന്നത് ഒരു സാംസ്കാരിക ദൗത്യമായി ഏറ്റെടുക്കേണ്ടതുണ്ട്. ഇപ്പോൾ പല കോളേജുകളിലും സ്കൂളുകളിലും റേഡിയോ പ്രക്ഷേപണ സംവിധാനം ഒരുക്കുന്നുണ്ട്- റേഡിയോ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ സ്കൂളുകളും കോളേജുകളും ഈ വഴിക്ക് ചിന്തിക്കട്ടെ. വായനശാലകളിലേക്ക് റേഡിയോ തിരിച്ചു വരട്ടെ. പുസ്തകവായനക്കും പുസ്തകവിതരണത്തിനും പുറമേ ഒട്ടനവധി അനുബന്ധ പ്രവർത്തനങ്ങൾക്ക് ലൈബ്രറി കൗൺസിൽ പ്രേരണ നൽകുമ്പോൾ റേഡിയോ പ്രക്ഷേപണം കൂടി അതിന്റെ ഭാഗമാകണം. □




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) December 2022
Annual Subscription ₹120, Published on 20 December 2022 RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS